"ഞാൻ മനുഷ്യരുടെ ഇടയിൽ കഴിഞ്ഞുകൂടിയിട്ടുള്ളപ്പോഴൊക്കെ മനുഷ്യത്വം കുറേക്കൂടി കുറഞ്ഞവനായിട്ടത്രെ മടങ്ങിപ്പോന്നിട്ടുള്ളത്", എന്നു സെനക്കാ പറഞ്ഞിട്ടുണ്ട്. ദീർഘസംഭാഷണം ചെയ്യുമ്പോൾ നമുക്ക് ഇതു പലപ്പോഴും അനുഭവപ്പെടുന്നു. നിശ്ശേഷം നിശ്ശബ്ദമായിരിക്കുന്നതു വാക്കുകൾ ക്രമാതീതമായിപ്പോകാതെ സൂക്ഷിക്കുന്നതിനേക്കാൾ എളുപ്പമത്രെ."

—ക്രിസ്ത്വനുകരണം

# സത്യദീപം

"നിങ്ങളുടെ സ്നേഹം ജ്ഞാനത്തിലും ആത്മീയമായ എല്ലാ വിവേകത്തിലും വീണ്ടും വളർന്നു വർദ്ധിച്ചുവരുമാറാകണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. (അതു) നിങ്ങൾ ശ്രേഷ്ഠമായിട്ടുള്ളവ വിവേചിക്കുന്നവരാകുവാനും, മിശിഹായുടെ ദിവസത്തിൽ ഇടർച്ചകൂടാതെ നിർമ്മലന്മാരും ദൈവത്തിന്റെ സ്തുതിക്കും മഹത്വത്തിനുമായി ഈശോമിശിഹായിലുള്ള നീതിയുടെ ഫലങ്ങൾ നിറഞ്ഞവരുമാകുവാനത്രെ."

—ഫിലിപ്പി. I; 9-11

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 നവംബർ 6—ബുധനാഴ്ച | Vol. 31, No. 13

## മതവും കമ്മ്യൂണിസവും

### ആദ്ധ്യാത്മികചൈതന്യം മനുഷ്യനെ ദൈവവിശ്വാസിയാക്കുന്നു

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

പ്രപഞ്ചത്തിലെ സൃഷ്ടികളിൽ പരമോന്നതനാണ് മനുഷ്യൻ. മററു ചരാചരങ്ങളെല്ലാം അവനുവേണ്ടി ദൈവം സൃഷ്ടിച്ചിട്ടുള്ളതാണ്. എന്തുദ്ദേശത്തോടുകൂടി മനുഷ്യനെ ലോകത്തിലേക്കയച്ചുവോ അതു സാധിക്കുവാൻ സഹായകമായിട്ടാണ് ഇതരസൃഷ്ടവസ്തുക്കളെ ആ പരമകാരുണികൻ ദാനമായി മനുഷ്യനു പ്രദാനംചെയ്തിട്ടുള്ളത്. ആ കൃപാനിധിയുടെ അഭിലാഷാനുസരണം ജീവിക്കുകയെന്നതാണ് സാക്ഷാൽ മനുഷ്യധർമ്മം. മാനവസൃഷ്ടിയുടെ പരമോദ്ദേശം ആധുനികകാലത്ത് പലരും വിസ്മരിച്ചതുപോലെ തോന്നും അവരുടെ പ്രവർത്തനം കണ്ടാൽ. ശാസ്ത്രം അത്ഭുതാവഹമായി പുരോഗമിച്ചുവരുന്ന ഇക്കാലത്ത് സാക്ഷാൽ മാനുഷികധർമ്മത്തെപ്പററി ചിന്തിക്കുവാൻ ചില പുരോഗമനതത്വചിന്തകന്മാർക്കു സമയമില്ല; അല്ലാ, അതു അത്ര കാര്യമായി ഗണിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യൻ ആരെന്നും വാസ്തവത്തിൽ മനുഷ്യത്വം എന്തെന്നുമുള്ള അജ്ഞതയാണിതിനു കാരണം.


ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനിൽ ദൈവത്വത്തിന്റെ ഒരു പ്രതിഫലനം ഭാഗികമായി സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വസ്തുത പലരും മറന്നുപോയതുപോലെ തോന്നുന്നു. ആരാധ്യമായ ആ ഉപരിഭാഗം എന്താണ്? അലൗകികമായ ആ പൂജ്യവസ്തു ഏതു്? അമർത്ത്യമായ ഒരു ആത്മാവ്! എന്നും ജീവിക്കുന്ന, മരണത്തിനു വിധേയമാകാത്ത ഒരാദ്ധ്യാത്മികസത്ത! സനാതനമായ ഈ അമൂല്യരത്നമാണ് സാക്ഷാൽ മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു്. ആ തേജഃപുഞ്ജത്തിന്റെ ഉജ്ജ്വലകിരണങ്ങളാണ് അന്ധകാരത്തിൽ നമുക്കു പ്രകാശം നൽകുന്നതു്. അതെ ആത്മീയാന്ധതയിൽ മനുഷ്യമനസ്സിനു വെളിച്ചംനൽകുന്ന അനുപമദീപശിഖയാണതു്. കല്ലും മുള്ളും നിറഞ്ഞ തിന്മയുടെ ഊടുവഴിയിൽ നിന്നും നന്മയുടെ പുഷ്പാലംകൃതമായ രാജപാതയിൽ ചരിക്കുവാൻ പ്രചോദനംനൽകുന്നതു് ആ ദിവ്യചൈതന്യമാണ്. ആത്മാവിന്റെ സ്വരം! നല്ല മനസ്സാക്ഷി! അതാണു നമ്മെ നല്ല കാര്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നതു്.

ആത്മാവിന്റെ, സ്വാതന്ത്ര്യമനസ്സിന്റെ സൽപ്രേരണകൾക്കു് വിധേയമായി നന്മ പ്രവർത്തിക്കുന്നതിനും തദ്വാരാ മനുഷ്യപുത്രർക്കായി ദൈവം നിശ്ചയിച്ചിരിക്കുന്ന നിത്യലക്ഷ്യത്തിലെത്തിച്ചേരുന്നതിനും ജീവിതനിയന്ത്രണം ആവശ്യമാണ്. ക്രമീകൃതമായ ആത്മനിയന്ത്രണംവഴി അതു സാധിക്കാം. ജന്മനാ തിന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യമനസ്സിനെ വേണ്ടവിധം നിയന്ത്രിച്ച് സത്പന്ഥാവിലൂടെ നയിക്കുന്നതു്, നയിക്കേണ്ടതു മതമാണ്.

കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ കുതിച്ചുപായുന്ന മാനവമാനസത്തെ നിയന്ത്രണാധീനമാക്കാത്തപക്ഷം അചിരേണ ആപത്തിൽച്ചാടുമെന്നതു തീർച്ചയാണ്, കാരണം, ലോകത്തിലെ മായാമോഹങ്ങളിലേക്ക് മനസ്സ് സദാ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കയാണ്, കാന്തവും ഇരുമ്പും പോലെ. ലൗകായതികത്വം ശക്തിപ്രാപിക്കുംതോറും മനുഷ്യന്റെ ആദ്ധ്യാത്മികനയനങ്ങൾ അന്ധമാകും, അതോടുകൂടി സത്യം അസത്യമായും, നീതി അനീതിയായും, സ്നേഹം ദ്വേഷമായും അവനു അനുഭവപ്പെടും. ഈ വിരോധാഭാസത്തിന്റെ നിരന്തരപ്രവർത്തനത്തിൽക്കൂടി മഹത്തമമായ ജീവിതലക്ഷ്യത്തിൽനിന്നും അവൻ ക്രമാനുഗതമായി അകന്നകന്നു ജീവിച്ച് മൃഗത്തെപ്പോലെ മരിക്കുവാനിടവരും. ഇതിൽപ്പരം എന്തു ദൗർഭാഗ്യമാണ് ഒരു മനുഷ്യനു നേരിടാനുള്ളതു്?

മൃഗാതിരിക്തമായ വിശേഷബുദ്ധി മറെറാരു സൃഷ്ടികൾക്കും ദൈവം നൽകിയിട്ടില്ല, മനുഷ്യനൊഴികെ. ഈ വിശേഷബുദ്ധിയുടെ പ്രവർത്തനങ്ങൾ നല്ലവഴിക്കു നയിക്കുക, സത്യത്തിലേക്കു തിരിച്ചുവിടുക എന്നതാണ് മതത്തിന്റെ കർത്തവ്യം.

ലോകരക്ഷകനായ ക്രിസ്തു പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്റെ പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. പ്രത്യുത അവനു ജീവന്റെ പ്രകാശം ലഭിക്കും" എന്നു്. അതെ ദൈവമായ ക്രിസ്തുവിന്റെ പ്രമാദരഹിതങ്ങളായ പ്രബോധനങ്ങളാണ് പ്രപഞ്ചത്തിന്റെ ദീപ്തിമത്തായ പ്രകാശം—സഹൃദയരുടെ ഏക സത്പ്രതീക്ഷ. ആത്മീയാന്ധകാരത്താൽ നിബിഡീകൃതമായ മനുഷ്യമനസ്സുകളെ, അസമാധാനരാക്ഷസന്റെ നിഷ്ഠുരവക്ത്രത്തിൽപ്പെട്ടു നട്ടംതിരിയുന്ന ആധുനികലോകത്തെ ശോഭനമായ ഒരു ഭാവിയിലേക്കു്, സത്യപ്രകാശത്തിലേക്കു നയിക്കുവാൻ നീതിസൂര്യനായ ക്രിസ്തുവിന്റെ ശാദ്വലകിരണങ്ങൾക്കല്ലാതെ സാദ്ധ്യമല്ലതന്നെ. ഈ അജയ്യശക്തിയെപ്പററി ലോകം അറിയാത്തിടത്തോളംകാലം നാശമായിരിക്കും ഫലം. അവിടുന്നു സ്പഷ്ടമായരുളിച്ചെയ്തു: "ഞാൻ സത്യവും വഴിയും ജീവനുമാണ്" എന്നു്. കാപട്യം നിറഞ്ഞ ഈ ലോകത്തിൽ യഥാർത്ഥസത്യത്തെ ബീജാവാപം ചെയ്യിച്ച സ്വർഗ്ഗീയകലാകാരനാണവിടുന്നു്. എന്നും പ്രകാശിക്കുന്ന സ്വർഗ്ഗപാതയെ വെട്ടിത്തുറന്നുതന്ന അനുപമമാർഗ്ഗദർശിയാണ് ആ സ്നേഹസമ്പന്നൻ. അതെ അവിടുന്നുതന്നെയാണ് നിത്യജീവൻ പ്രദാനംചെയ്യുന്ന വററാത്ത ഉറവയും.



"ദയാപരനായ ഈശോ, അവർക്കു നിത്യാശ്വാസം നൽകേണമേ"

(ശുദ്ധീകരാത്മാവുകളുടെ ഓർമ്മ—നവമ്പർമാസം)

ലോകസമാധാനലബ്ധിക്കുവേണ്ടി രാഷ്ട്രീയനേതാക്കന്മാരും, പ്രസിദ്ധ തത്വചിന്തകന്മാരും ശ്രമങ്ങൾ തുടങ്ങിയിട്ടു നാളുകൾ വളരെയായി. അവരുടെ അക്ഷീണയത്നങ്ങൾ, ഇതഃപര്യന്തം സഫലമായിക്കാണാത്തതിന്റെ കാരണമെന്തു!? മറെറാന്നുമല്ല, അവരിൽ പലരും സാക്ഷാൽ ജ്ഞാനമായ ദൈവത്തിങ്കലേക്കു് തിരിഞ്ഞിട്ടില്ല. അവരുടെ ആശയഗതികൾ തിരിഞ്ഞതു്—തിരിയുന്നതു് ലൗകായതികത്വത്തിന്റെ ബാഹ്യപ്രൗഢികളിൽക്കൂടിയാണ്. അവരുടെ നേത്രങ്ങൾക്കു് പ്രകാശം നൽകിക്കൊണ്ടിരിക്കുന്നതു് നശ്വരമായ ഗവേഷണചാതുര്യങ്ങളാണ്. ഇവയാണ് ഈ ദയനീയപരാജയത്തിനുള്ള കാരണം.

ഭൗതികവാദ (Dilectical Materialism)ത്തിന്റെ തണലിൽനിന്നുകൊണ്ടു്, നിരീശ്വരതത്വപ്രചരണംവഴി, മനുഷ്യരെ സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന ചില നരാധമന്മാർ ഇന്നു ഭൂമുഖത്തുണ്ടു്. സാധുജനസേവനം ദീനാനുകമ്പ മുതലായവയാണ്, അവരവകാശപ്പെടുന്ന നേട്ടങ്ങൾ. പ്രവൃത്തിയോ? മനുഷ്യത്വത്തെ അപമാനിക്കൽ, അല്ലാ നിഗ്രഹിക്കൽ. ഇങ്ങനെയുള്ള "പുരോഗമനക്കാരി"ൽനിന്നും നാം ഒഴിഞ്ഞുജീവിക്കണം. വി. മത്തായിയുടെ സുവിശേഷം 7-ാംഅദ്ധ്യായത്തിൽ പറയുന്നു: "വ്യാജപ്രവാചകന്മാരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. അവർ ആടുകളുടെ വേഷത്തിൽ നിങ്ങളുടെ പക്കൽ വരുന്നു. എന്നാൽ അവർ അകമേ ബുഭുക്ഷുക്കളായ ചെന്നായ്ക്കളാണ്. അവരുടെ പ്രവർത്തനഫലങ്ങൾകൊണ്ടു അവരെ നിങ്ങൾ അറിയും. മുള്ളുകളിൽനിന്നു് മുന്തിരിപ്പഴങ്ങളോ ഞെരിഞ്ഞിലുകളിൽനിന്നു അത്തിപ്പഴങ്ങളോ പറിക്കാറുണ്ടോ?"

അവശരുടേയും, ആലംബഹീനരുടേയും രക്ഷിതാക്കൾ എന്നു് സ്വയം അഭിമാനിക്കുന്ന—ലോകസമക്ഷം ഉദ്ഘോഷിക്കുന്ന—വർഗ്ഗക്കാരാണ് കമ്മ്യൂണിസ്റ്റുകാർ. എന്നാൽ അവരുടെ പ്രവർത്തനങ്ങളുടെ അടിത്തട്ടിൽ ചുഴിഞ്ഞുപരിശോധിച്ചാൽ നമുക്കു കാണാൻ സാധിക്കും, അവയെല്ലാം വിഷലിപ്തങ്ങളാണെന്നു്. കാരണം, കമ്മ്യൂണിസ്റ്റുതത്വശാസ്ത്രം, മനുഷ്യന്റെ മൗലികാവകാശങ്ങളോടുള്ള കടുത്ത കൈയേററമാണ് ഉപദേശിക്കുന്നതു്. മതത്തേയും, ഈശ്വരാസ്തിക്യത്തേയും, സന്മാർഗ്ഗികമൂല്യങ്ങളേയും, നിർലജ്ജം വെല്ലുവിളിക്കുന്ന ഒരു പാർട്ടി ഭൂമുഖത്തുണ്ടെങ്കിൽ, അതു കമ്മ്യൂണിസ്റ്റുപാർട്ടി മാത്രമാണ്. "ലോകമാണഖിലസാരം" എന്നു തോന്നും, അവരുടെ നിരന്തരയത്നം കണ്ടാൽ. മരണത്തിനപ്പുറം ഒരു ജീവിതമില്ല എന്നതാണ് അവരുടെ തത്വങ്ങളിലൊന്നു്. അതു സ്ഥാപിച്ചാൽ, എന്തനീതിയും ചെയ്യുന്നതിനുള്ള ലൈസൻസായല്ലോ. ദൈവം, ആത്മാവ്, മതം, സത്യം നീതി മുതലായവ, അവരുടെ ദൃഷ്ടിയിൽ വ്യർത്ഥങ്ങളാകുവാനും കാരണമിതാണ്. ഇഹത്തിൽ സുഖമായി ജീവിക്കണം; ഈ ഒരു ചിന്തമാത്രമേ അവർക്കുള്ളൂ. ജീവിതസുഖലബ്ധിക്കുവേണ്ടി എന്തു് അധർമ്മവും ചെയ്യാമെന്നാണവരുടെ അഭിമതം. ഇങ്ങനെ കമ്മ്യൂണിസമാകുന്ന വിഷബീജം ലോകത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിപ്പിച്ചു്, അനേകം മനുഷ്യരെ ആദ്ധ്യാത്മികാപമൃത്യുവി

(ശേഷം 10-ാം പേജിൽ)

# സംഘടിതമായ പ്രവർത്തനം

(ജോർജ്ജ് ജോൺ ടി., ഇരിങ്ങാലക്കുട)

കത്തോലിക്കാസഭയ്ക്കു ഇന്നുവരെ നേരിടേണ്ടിവന്നിട്ടുള്ള ശത്രുക്കളിൽ ഏററവും ഭീകരമായ ഒന്നാണ് കമ്മ്യൂണിസം. മതവിശ്വാസത്തെ പാടെ ഉന്മൂലനംചെയ്യുവാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ള നിരീശ്വരവാദികൾ അവരുടെ ആദർശങ്ങൾ പ്രചരിപ്പിക്കുവാൻ അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങളെപ്പററി ചിന്തിക്കുന്നതു് ഉപകാരപ്രദമായിരിക്കും. തികഞ്ഞ സംഘടനാബലമുള്ള കത്തോലിക്കാസഭയെ, എത്ര സുസംഘടിതമായ ശക്തിയായാലും ശരി, നേരിട്ടാക്രമിക്കുന്നതു് വിഫലമാവുകയേ ഉള്ളുവെന്നു് അവർ മനസ്സിലാക്കിയിട്ടുണ്ടു്. കത്തോലിക്കാസഭയുടെ അജയ്യമായ ശക്തി ചരിത്രംതന്നെ ഉൽഘോഷിക്കുന്നുണ്ടു്. സജീവമായ ഈശ്വരവിശ്വാസമുള്ളവരാണ് കത്തോലിക്കരെന്നും, തങ്ങളുടെ നിരീശ്വരസിദ്ധാന്തങ്ങളും മതത്തിനെതിരായുള്ള പിത്തലാട്ടങ്ങളും അവയുടെ തനിനിറത്തിൽ അവതരിപ്പിക്കുകയാണെങ്കിൽ അവ നിഷ്കരുണം അവഹേളിക്കപ്പെടുകയേയുള്ളുവെന്നും കമ്മ്യൂണിസ്റ്റുകൾക്കു് പൂർണ്ണമായ ബോദ്ധ്യമുണ്ടു്. അതിനാൽ പരോക്ഷമായ പ്രതിരോധനടപടികളെയാണു് അവർ വിവേചനപൂർവ്വം അംഗീകരിച്ചിട്ടുള്ളതു്. സഭയെ സാവധാനം നാമാവശേഷമാക്കുവാനാണ് അവരുടെ പരിപാടി. സുസംഘടിതമായ ശക്തി ഉപയോഗിച്ചു് സഭയെ നശിപ്പിക്കുവാൻ അവർ ബദ്ധകങ്കണരായിരിക്കുകയാണ്. ശ്രവണമാത്രയിൽ വളരെ ആകർഷകമായി തോന്നിക്കുന്ന അവരുടെ വഞ്ചനാത്മകമായ തത്വസംഹിതകളും, വാഗ്ദാനങ്ങളും, അവയുടെ ഭവിഷ്യത്തുകളെപ്പററിയും വാസ്തവികതയെപ്പററിയും ആരായാതെ, അപ്പാടെ സ്വീകരിക്കുന്ന കത്തോലിക്കരുടെ സംഖ്യതന്നെ ഇന്നു വിരളമല്ല. അങ്ങിനെ കത്തോലിക്കരിൽനിന്നുപോലും അനുഭാവികളേയും അനുയായികളേയും സമ്പാദിക്കുവാനും നിരീശ്വരശക്തികൾക്കു് സാധിച്ചിട്ടുണ്ടെന്നുള്ളതു് നിസ്തർക്കമായ ഒരു പരമാർത്ഥം മാത്രമാണ്. സഭയുടെ കെട്ടുറപ്പിനും ഐക്യത്തിനും ഹാനിവരുത്തുവാൻ ഇതേററവും സഹായകമാണെന്ന വസ്തുത വിസ്മരിക്കാവതല്ല.

പഴഞ്ചൻ സാമൂഹികവ്യവസ്ഥിതികളെയെല്ലാം തട്ടിയുടച്ചു ഭാസുരമായ ഒരു പുതിയ വ്യവസ്ഥിതി കെട്ടിപ്പടുക്കുക എന്ന ആദർശത്തിന്റെ മറപിടിച്ചുകൊണ്ടാണ് കമ്മ്യൂണിസ്റ്റുകാർ അവരുടെ പാർട്ടിപ്രചരണം നടത്തുന്നതു്. കമ്മ്യൂണിസം മതവിശ്വാസത്തിനു് കടകവിരുദ്ധമാണ്. പക്ഷെ കാര്യസിദ്ധിക്കുവേണ്ടി തല്ക്കാലത്തേക്കു് വലിയ ഈശ്വരവാദികളും സഭയുടേയും മതസ്വാതന്ത്ര്യത്തിന്റേയും സംരക്ഷകരുമാണെന്നവിധത്തിൽ ജനസമക്ഷം പ്രത്യക്ഷപ്പെടുവാനും അവർ മടിക്കുകയില്ല. സാമൂഹികനീതിയുടേയും സാമ്പത്തിക സുവ്യവസ്ഥിതിയുടേയും മധുരഗാനങ്ങൾ ആലപിച്ചുകൊണ്ടായിരിക്കും അവർ പ്രചരണം നടത്തുന്നതു്. സഭയുടെ സംഘടനാബലത്തെ തകർക്കുവാൻ സഭയ്ക്കുള്ളിൽതന്നെ അന്തഃഛിദ്രമുണ്ടാക്കുകയായിരിക്കും ഏററവും ഫലപ്രദമായ പരിപാടിയെന്നു് അവർക്കറിയാം. പഞ്ചസാരയിൽപൊതിഞ്ഞ വിഷഗുളികകൾ വിശ്വാസികളുടെ ഇടയിൽ വിതരണം ചെയ്യുകയാണ് അവരുടെ അടുത്ത പരിപാടി. സഭയുടെ പ്രവർത്തനങ്ങളെ താറടിച്ചും കത്തോലിക്കാനേതൃത്വത്തെ അപലപിച്ചും അവർ മതത്തിനെതിരായി ചാരവൃത്തി നടത്തുന്നു. വൈദികരേയും സഭാസ്ഥാപനങ്ങളേയും അശ്ലീലമായി ആക്ഷേപിച്ചുകൊണ്ടു് അവർ ജനതാമദ്ധ്യത്തിൽ പ്രചരണം നടത്തുന്നു. വൈദികാധികാരികളും വിശ്വാസികളും തമ്മിലുള്ള ഐക്യത്തെ നാമമാത്രമാക്കുവാനാണ് അവരുടെ അവിശ്രമമായ പരിശ്രമം. ഇതും വിഫലമാവുകയാണെങ്കിൽ രാഷ്ട്രീയവും സാമൂഹ്യവുമായ മണ്ഡലത്തിൽ നിന്നുകൊണ്ടു് സഭയുടെ പരിശുദ്ധതയ്ക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ തൊടുത്തുവിടുന്നു. "അങ്ങിനെ ഒററനിമിഷംകൊണ്ടു് സഭയും സഭാധികാരികളും ദേശതാല്പര്യത്തിനും സാമൂഹിക-സാമ്പത്തികപുരോഗതിക്കും കണ്ണകോടാലികളായി മാറുന്നു!"

ഈദൃശങ്ങളായ പ്രചരണപരിപാടികൾ പ്രാവർത്തികമാക്കുവാൻ അവർ അവലംബിച്ച മാർഗ്ഗങ്ങളിൽ പ്രധാനമായതു് സാഹിത്യരംഗമാണെന്നു് നിഷ്പ്രയാസം മനസ്സിലാക്കുവാൻ സാധിക്കും. ഒരു പ്രത്യേകസാഹിത്യസരണിതന്നെ ഈ ഉദ്ദേശത്തോടുകൂടി രൂപീകൃതമായിട്ടുണ്ടെന്നു പറയുന്നതിൽ തെററൊന്നുമില്ല. സാഹിത്യത്തിന്റെ ഉൽകൃഷ്ടിയെന്നല്ലാതെ എന്തുപറയട്ടെ! പ്രത്യേകമായ ചില ചിന്താഗതികളോടുകൂടി; ചില പ്രത്യേക മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടു് ഏതാദൃശമായ കുപ്രചരണങ്ങളും വാദഗതികളും ജനതാമദ്ധ്യേ പ്രചരിപ്പിക്കുകയാണ് അവർ ചെയ്യുന്നതു്. ധാർമ്മികമൂല്യങ്ങളെ നിശ്ശേഷം വിസ്മരിച്ചു് വെറും ആവേശത്താൽ പ്രചോദിതരായി ആഭാസജടിലവും അബദ്ധപൂർണ്ണവുമായ, വിപ്ലവാത്മകത്വംനിറഞ്ഞ ദുഷിച്ച ആശയങ്ങളാൽ നിബിഡമായ സാഹിത്യകൃതികൾ രചിച്ചുവിടുന്ന എത്രയോ സാഹിത്യകാരന്മാർ ഇന്നാട്ടിലുണ്ടു്. മനോന്മേഷത്തിന്റെപേരിൽ പരായണാസക്തരായ സാമാന്യജനത ഇത്തരം അശ്ലീലസാഹിത്യകൃതികൾ വായിക്കാൻ ഇടവരുന്നു. മനുഷ്യന്റെ അധമവികാരത്തെ ഇളക്കിവിട്ടു്, അവന്റെ ആവേശത്തെ ചൂഷണം ചെയ്തു്, അവനെ ഈശ്വരവിശ്വാസത്തിനും സന്മാർഗ്ഗബോധത്തിനും വിരുദ്ധമായി പ്രവർത്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന വസ്തുതകൾ ഈ ദുഷിച്ച കൃതികളിൽ ധാരാളമുണ്ടായിരിക്കും. സുന്ദരമായ ആവിഷ്കരണത്താലും ആവേശജനകമായ പ്രതിപാദനത്താലും അബദ്ധപൂർണ്ണമായ പ്രതിപാദ്യത്തെ അവർ ജനസമക്ഷം അവതരിപ്പിക്കുന്നു. സ്വാഭാവികമായിത്തന്നെ അബദ്ധാശയങ്ങൾ ജനഹൃദയങ്ങളിൽ രൂഢമൂലമാകുവാൻ ഇടവരുന്നു. സ്വതവെ ആകർഷകമായ ഇത്തരം ദുഷിച്ച കൃതികൾക്കു് പ്രചുരപ്രചാരം സിദ്ധിച്ചുവരുന്നുണ്ടെന്ന വസ്തുതയും സുവിദിതമാണ്.

സഭയ്ക്കെതിരായി, സഭയുടെ സുദൃഢമായ ഐക്യത്തിനു തുരങ്കം വയ്ക്കുവാൻവേണ്ടി, വാസ്തവരഹിതവും അസംബന്ധപൂർണ്ണവുമായ ആരോപണങ്ങൾ ഉന്നയിച്ചു്, ആധുനികങ്ങളായ എല്ലാ പ്രചരണോപാധികളും അവലംബിച്ചുകൊണ്ടു് അവയെ ജനതാമദ്ധ്യത്തിൽ ഉൽഘോഷിക്കുവാനാണ് കമ്മ്യൂണിസ്റ്റുകൾ വെമ്പുന്നതു്. പക്ഷേ ഇതെല്ലാം കണ്ടു കൈയും കെട്ടി സ്വസ്ഥമായിരിക്കുകമാത്രമേ നമ്മൾ ഇതുവരെ ചെയ്തിട്ടുള്ളു. എന്തുതന്നെ സംഭവിച്ചാലും വേണ്ടില്ല കൂപമണ്ഡൂകങ്ങളെപ്പോലെ സർവ്വത്ര സുരക്ഷിതമെന്ന ഒരു അലസമനോഭാവത്തോടുകൂടി കഴിയുകയായിരുന്നു കത്തോലിക്കരായ നാം. ഒരുവശത്തു് അധാർമ്മികശക്തികളുടെ അത്യുഗ്രമായ പോരാട്ടം അവിശ്രമം നടന്നുവരുമ്പോൾ പുറംതിരിഞ്ഞിരുന്നുകൊണ്ടു് സ്വസ്ഥരായി നാം ഇത്രയുംനാൾ കഴിച്ചുകൂട്ടി. അതിനാൽ സംഭവിച്ച വിപത്തുകളെ സംബന്ധിച്ചു് ഇന്നു നമുക്കു് പൂർണ്ണമായ ബോദ്ധ്യംവന്നിട്ടുണ്ടു്. പ്രസ്തുതമായ ഒരു സമരപരിപാടി നമുക്കെതിരെ ആവിഷ്കൃതമായിട്ടുണ്ടു്. അതു് പ്രായോഗികമാക്കുവാൻ തൽസിൽബന്ധികൾ കിണഞ്ഞു പരിശ്രമിക്കുന്നുമുണ്ടു്. പക്ഷെ, ഈ വിഷയത്തെ സംബന്ധിച്ചു് മററു ലേഖകന്മാർ സൂചിപ്പിച്ചിട്ടുള്ളതുപോലെ, "അത്തരം ചീത്തപുസ്തകങ്ങൾ ഞാൻ വായിക്കാറേ ഇല്ല" എന്ന ഒഴിവുകഴിവു പറഞ്ഞു നിഷ്ക്രിയരായി, നിരുത്തരവാദികളായി കഴിയുന്നവരാണ് കത്തോലിക്കരിൽ ഭൂരിപക്ഷവും. "കത്തോലിക്കാ മതതത്വങ്ങൾ പ്രാവർത്തികമാക്കുന്നതിൽ കത്തോലിക്കർ വരുത്തുന്ന അക്ഷന്തവ്യമായ ചുമതലാരാഹിത്യത്തിന്റെ പ്രത്യക്ഷലക്ഷണമാണ് കമ്മ്യൂണിസം." ബേർഡേവിന്റെ ഈ അഭിപ്രായം എത്രയോ അർത്ഥസമ്പുഷ്ടമാണ്.

ഈ ദുസ്ഥിതിക്കു് ഒരു വ്യതിയാനം സംഭവിക്കേണ്ടതു് അനിവാര്യമാണ്. അലസതവെടിഞ്ഞു് ആത്മാർത്ഥതയോടുകൂടി, സേവനസന്നദ്ധരായി കർമ്മരംഗത്തിറങ്ങേണ്ടതു് ഓരോ കത്തോലിക്കന്റേയും അപരിഹാര്യമായ ഒരു കർത്തവ്യംമാത്രമാണ്. പാറമേൽ പണിത തിരുസഭയ്ക്കു വ്യാപകമായി യാതൊരു കോട്ടവും സംഭവിക്കുകയില്ലെങ്കിലും ഭാഗികമായി സംഭവിച്ചുകൂടെന്നില്ല. ആ ദുരവസ്ഥ നമ്മുടെ കേരളത്തിൽ ഉണ്ടാകാതിരിക്കണമെങ്കിൽ ധീരതയോടുകൂടി അധാർമ്മികശക്തികളോടു് പോരാടേണ്ടതുണ്ടു്. മദ്ധ്യയൂറോപ്യൻ രാജ്യത്തിലെ ഒരു കമ്മ്യൂണിസ്റ്റ് തടങ്കൽപാളയത്തിൽ നിന്നും രക്ഷപ്പെട്ട A. Michael എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ഒരു വൈദികൻ പറയുന്ന വാക്കുകൾ ഈയവസരത്തിൽ ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: "കമ്മ്യൂണിസ്റ്റ്ഭരണത്തിൽ കുടുങ്ങിക്കഴിഞ്ഞപ്പോൾ മാത്രമേ കമ്മ്യൂണിസത്തിന്റെ ക്രൂരദംഷ്ട്രങ്ങളുടെ കാഠിന്യം ഞങ്ങൾ ഗ്രഹിച്ചുള്ളു. എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം സമയം കടന്നുപോയിരുന്നു. കാരണം കമ്മ്യൂണിസ്റ്റ് ഏകാധിപത്യം എല്ലാ പ്രതിപക്ഷങ്ങളേയും നിഷ്കരുണം ഗളഹസ്തം ചെയ്യുന്നു. അങ്ങിനെ ഇരുമ്പുമറയ്ക്കുള്ളിൽ ഗത്യന്തരമില്ലാതെ വിഷമിക്കുമ്പോൾ സ്വതന്ത്രലോകത്തിലെ സഭയെക്കുറിച്ചു് ഞങ്ങൾ ഓർത്തു. കമ്മ്യൂണിസ്റ്റ്വിപത്തിന്റെ യഥാർത്ഥ ഗൗരവം ഗ്രഹിക്കുവാനും തക്കപ്രതിവിധികൾ പ്രയോഗത്തിൽ കൊണ്ടുവരുവാനും അവർക്കു് സമയമുണ്ടല്ലോ." അതേ, നമുക്കിനിയും സമയമുണ്ടു്. അതിനിയും നാം ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ ഗൗരവമായ ഒരു കർത്തവ്യലംഘനമായിരിക്കും.

നിരീശ്വരത്വത്തിന്റെ വളർച്ചയ്ക്കു് സാഹിത്യം അനന്യസാധാരണമായ സഹായം നൽകിയിട്ടുണ്ടെങ്കിൽ അതിനെതിരെ അടരാടുവാൻ സർവ്വോത്തമമായ രംഗവും സാഹിത്യരംഗം തന്നെയാണ്. സാമൂഹ്യവ്യവസ്ഥിതിയിൽ ഈശ്വരവിശ്വാസത്തിന്റേയും സന്മാർഗ്ഗബോധത്തിന്റേയും അടിസ്ഥാനത്തിൽ സമഗ്രമായ ഒരു പരിവർത്തനംവരുത്തുവാൻ നമുക്കാഗ്രഹമുണ്ടെങ്കിൽ അതിനുപയുക്തമായ ചില പരിപാടികളിലൂടെ നാം ചലിക്കേണ്ടതുണ്ടു്. ജനഹൃദയങ്ങളിൽ ധാർമ്മികാശയങ്ങൾക്കു പ്രഥമസ്ഥാനം നൽകി അവരെ ഉത്തമരായ സന്മാർഗ്ഗവാദികളാക്കി സത്യത്തിന്റെ പ്രകാശം വ്യാപിപ്പിക്കണമെങ്കിൽ കത്തോലിക്കാസാഹിത്യകാരന്മാർ സധീരം മുന്നോട്ടുവരേണ്ടതുണ്ടു്. അശ്ലീലസാഹിത്യത്തിനെതിരെ കരുത്തേറിയ ഒരു പ്രതിരോധ്യമായി ക്രൈസ്തവസാഹിതീഭക്തന്മാർ അണിനിരക്കണം. പക്ഷെ പ്രസിദ്ധരായ കത്തോലിക്കാസാഹിത്യകാരന്മാരുടെ വിരളത ഇതിനൊരു വിഘാതമായിട്ടുണ്ടെന്ന വസ്തുത പരിചിന്തനാർഹമാണ്. ഇതിനു പ്രധാനഹേതു വളർന്നുവരുന്ന സാഹിത്യകാരന്മാർക്കു് അവരുടെ കഴിവുകളെ പ്രകടിപ്പിക്കുവാൻ പാററിയ പരിതഃസ്ഥിതികളുടെ അഭാവവും സാഹിത്യരംഗത്തോടു് കത്തോലിക്കർക്കു പൊതുവേയുള്ള വിമുഖമനോഭാവവുമാണ്. വളരുന്ന തലമുറയുടെ സാഹിത്യാഭിരുചിക്കു വേണ്ടത്ര പ്രചോദനം നൽകേണ്ടതാണ് ഇന്നത്തെ അടിയന്തിരാവശ്യങ്ങളിലൊന്നു്. അതോടൊപ്പംതന്നെ ചുമതലാബോധത്തോടുകൂടി ഈ പ്രശ്നത്തെ വീക്ഷിക്കുവാനും അഭ്യുന്നതമായ വിധത്തിൽ സർവ്വവിധ പ്രോത്സാഹനങ്ങളും നൽകി സന്മാർഗ്ഗസാഹിത്യത്തെ പ്രചരിപ്പിക്കുവാനും ഓരോ ഈശ്വരവിശ്വാസിക്കും കടമയുണ്ടു്. സംഘടിതമായ പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്തു് അവ എത്രയും വേഗത്തിൽ പ്രായോഗികമാക്കുവാനും അങ്ങനെ കർത്തവ്യനിർവ്വഹണം സ്തുത്യർഹമായവിധത്തിൽ ചെയ്തീർക്കുവാനും നാമോരോരുത്തരും പരമാവധി പരിശ്രമിക്കേണ്ടതാണ്. ഈശ്വരചൈതന്യത്തിലും ധാർമ്മികമൂല്യങ്ങളിലും അടിയുറച്ച വിശ്വാസമുള്ള സാഹിത്യപ്രേമികളേ നമുക്കൊത്തൊരുമിക്കാം.

—o—

## മേപ്പൽ ബഹുമതി സ്വിസ്സ് ഗവർമ്മെണ്ടു് അംഗീകരിക്കുന്നു

സ്വിററ്സർലണ്ടിൽ നിലവിലുള്ള നിയമം അവിടത്തെ ഉദ്യോഗസ്ഥന്മാരാരും വിദേശരാജ്യങ്ങളുടെ ബഹുമതിബിരുദങ്ങൾ സ്വീകരിക്കുവാൻ പാടില്ലെന്നാണ്. അവിടത്തെ കാത്തലിക്ക് കൺസർവേററീവ് നാഷനൽ കൗൺസിലർ ഓട്ടോസ്റ്റഡറിനെ സംബന്ധിച്ച ഈ കാര്യം വാദവിഷയമായി. അദ്ദേഹത്തിനു പരിശുദ്ധ മാർപ്പാപ്പായിൽനിന്നു വിശുദ്ധ ഗ്രിഗരിയുടെ മാടമ്പിസ്ഥാനം ലഭിച്ചിട്ടുണ്ടു്; സ്വിററ്സർലണ്ടിലെ കത്തോലിക്കാ അൽമായ സംഘടനകളിൽ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങളുടെ അംഗീകാരമായിട്ടു് ഈ ബഹുമതിബിരുദം സ്വീകരിച്ചിട്ടുള്ളതുകൊണ്ടു് അദ്ദേഹത്തിനു സ്വിററ്സർലണ്ടിലെ ഒരു പാർലമെന്റംഗമായി തുടരാമോ എന്നതായിരുന്നു വാദം. ഇതിന്മേൽ ഫെഡറൽ കോടതിയിൽനിന്നും ചെയ്തതായ ശുപാർശ സ്വിസ് നാഷനൽ കൗൺസിൽ അംഗീകരിച്ചിരിക്കുന്നു. കോടതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ ന്യായവശമിതാണു്:- ഒരു മതസംഘടനയായ കത്തോലിക്കാസഭയുടെ ആദ്ധ്യാത്മിക നേതാവെന്ന നിലയിലാണു് ഈ ബഹുമതിബിരുദം മാർപ്പാപ്പാ നൽകിയിരിക്കുന്നതു്. ഒരു വിദേശരാജ്യമായ വത്തിക്കാൻ സ്റ്റേററിന്റെ ഭരണാധികാരി എന്ന നിലയിലല്ല. സാധാരണഗതിയിൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരേയും, പാർലമെന്റു മെമ്പറന്മാരെയും, സായുധസേനയിലെ ഉദ്യോഗസ്ഥന്മാരേയും ബാധിക്കുന്ന ഈ നിയമം പണ്ടു് സ്വിററ്സർലണ്ടുകാർ വിദേശീയ രാജാക്കന്മാർക്കു സേവനമനുഷ്ഠിച്ചിരുന്ന കാലത്തിന്റെ ഒരു അവശേഷമായിട്ടാണു് നിലനില്ക്കുന്നതു്. അവരിൽനിന്നു സ്വീകരിച്ചിരുന്ന സ്ഥാനങ്ങളും, അതേത്തുടർന്നു ലഭിച്ചുപോന്ന പെൻഷനും അവർ സ്വരാജ്യത്തുതിരിച്ചുവന്നശേഷവും പ്രസ്തുത വിദേശഗവമ്മെണ്ടുകളോടുള്ള കടപ്പാടിനെ നിലനിർത്തിയിരുന്നതുകൊണ്ടാണു് ഈ നിരോധനം ഏർപ്പെടുത്തപ്പെട്ടതു്.

—o—

നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ചു് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S.

# മദ്യനിരോധനം


## രാജ്യവ്യാപകമാക്കണം

(തോമസ് മാത്യു, കൊട്ടാരത്തുംകുഴി)

ഇന്നു കേരളത്തിൽ ഭരണാധികാരത്തിലിരിക്കുന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റേയും ചില കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാരുടേയും അഭിപ്രായം, മദ്യനിരോധനം അത്ര പററിയതല്ലെന്നും ഇപ്പോൾ നിലവിലിരിക്കുന്ന മദ്യനിരോധനമേഖലകളിലെ നിയന്ത്രണംകൂടി പിൻവലിക്കണമെന്നുമാണെന്നു തോന്നുന്നു. നമ്മുടെ രാജ്യത്തെ മദ്യപാനികളിൽ 50 ശതമാനം തൊഴിലാളികളും 35 ശതമാനം സാധാരണക്കാരുമാകുന്നു. ആകയാൽ അദ്ധ്വാനിച്ചും കഷ്ടപ്പെട്ടും അർദ്ധപ്പട്ടിണിയിലകപ്പെട്ടും ജീവിക്കുന്ന ഇന്നാട്ടിലെ 85 ശതമാനം സാധാരണക്കാരാണ് മദ്യപാനമെന്ന തീരാരോഗം മൂലം നശിച്ചുകൊണ്ടിരിക്കുന്നതു്. ഈ യാഥാത്ഥ്യം മനസ്സിലാക്കി കേരളവ്യാപകമായ തോതിൽ മദ്യനിരോധനമേപ്പെടുത്തേണ്ടതു് സാധാരണക്കാരന്റെ രക്ഷയ്ക്കുവേണ്ടിമാത്രം നിലകൊള്ളുന്നുവെന്നു ആവത്തിച്ചാവത്തിച്ചു വിളിച്ചുപറയുകയും അഭിമാനിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ അടിയന്തിരകത്തവ്യങ്ങളിൽ ഒന്നാകുന്നു. ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു്, ഒരുകാലത്തു മദ്യത്തെ അങ്ങേയററം എതിക്കുകയും മദ്യഷാപ്പിന്റെ മുമ്പിൽ പിക്കററിംഗ് നടത്തുകയും വളരെയധികം കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും സഹിക്കുകയും ചെയ്തിട്ടുള്ളയാളാണെന്നതാനും.

മദ്യപാനം മനുഷ്യവർഗ്ഗത്തെ എന്തുമാത്രം അധഃപ്പതിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതു് പറഞ്ഞറിയിക്കാൻപോലും പ്രയാസമായ ഒരു കാര്യമാണ്. വിശേഷബുദ്ധിയുള്ള മനുഷ്യൻ മദ്യം സേവിച്ചാലുടൻ മൃഗതുല്യനാകുകയും വിവേകമില്ലാത്ത കൊച്ചുകുട്ടികളും ഭ്രാന്തന്മാരുംപോലും കാട്ടിക്കൂട്ടാത്ത വിക്രിയകളും നാശങ്ങളും വരുത്തിവയ്ക്കുകയുംചെയ്യുന്നു. കൊലപാതകം, മോഷണം, വ്യഭിചാരം, കൊള്ളിവയ്പ്പ്, ഭ്രൂണഹത്യ, പിടിച്ചുപറി, അടിപിടി തുടങ്ങിയ ഭയങ്കരകൃത്യങ്ങളുടെയെല്ലാം മൂലകാരണമായി മിക്കപ്പോഴും പരിണമിക്കുന്നതു് മദ്യപാനമാണ്. മദ്യപാനികളുടെ ഐഹികജീവിതവും മരണാനന്തരമുള്ള പരലോകജീവിതവും ഭയാനകവും സങ്കടകരവുമാണ്. എത്രയോ സാധുകുടുംബങ്ങൾ മദ്യംമൂലം സ്വയം നശിച്ചുകൊണ്ടിരിക്കുന്നു. മദ്യപാനികളായ തൊഴിലാളികളിൽ 90 ശതമാനവും നല്ല അദ്ധ്വാനശീലരും പരിശ്രമശാലികളുമാണ്. പ്രഭാതംമുതൽ പ്രദോഷംവരെ പൊന്നുരുകുന്ന വെയിലിനോടും പേമാരിയോടും മല്ലിട്ടും കഷ്ടപ്പെട്ടും എല്ലുമുറിയെ വേലചെയ്തും കിട്ടുന്നപണം മുഴുവൻ മദ്യഷാപ്പിൽ കാഴ്ചകൊടുക്കുകയും അതിന്റെ ഫലമായി പൊതുജനങ്ങൾക്കും ഗവണ്മെന്റിനും വിനകൾ വരുത്തിക്കൂട്ടുന്നതും, അവനും അവന്റെ പ്രിയഭാര്യയും ഓമൽസന്താനങ്ങളും പട്ടിണിയിലകപ്പെടുന്നതും, നിരപരാധിനിയായ ഭാര്യ ക്രൂരമായ മർദ്ദനങ്ങൾക്കിരയാകുന്നതുമായ ശോചനീയകാഴ്ചകൾ നാമേവരും ദൈനംദിനം കണ്ടുവരുന്നതാണല്ലൊ. മഹാകവി ഉള്ളൂരിന്റെ "മൃണാളിനി" എന്ന പദ്യഗ്രന്ഥം ഒരാവത്തി വായിച്ചാൽ ഏവക്കും നിഷ്പ്രയാസം മനസ്സിലാക്കുവാൻ സാധിക്കും, മദ്യപാനത്തിന്റെ ദോഷഫലങ്ങളും അതു വരുത്തിവയ്ക്കുന്ന ആപത്തുകളും.

മദ്യപന്മാർ ലോകത്തിൽ വരുത്തിക്കൂട്ടുന്ന നാശങ്ങൾ ഏവരുടേയും പരിചിന്തനത്തിനു വിഷയീഭവിക്കേണ്ടതാണ്. സാംസ്കാരികമായി മുന്നണിയിൽ നില്ക്കുന്ന ഐസ്‌ലണ്ടിൽ മദ്യനിരോധനമുണ്ടായിരുന്ന കാലത്തു് അവിടത്തെ തലസ്ഥാനജയിലിൽ ഒരാൾപോലും ഇല്ലായിരുന്നുവെന്നും, ആ രാജ്യത്തു മദ്യനിരോധനം പിൻവലിച്ചതിനുശേഷം തലസ്ഥാനജയിലിൽതന്നെ നൂറിലധികം കുററവാളികളെ പിടിച്ചിടേണ്ടതായി വന്നുവെന്നും പറയപ്പെടുന്നു. "ലോസ് ആൻജലിസ്" എന്ന പ്രഖ്യാതപട്ടണത്തിൽ മദ്യപാനികളുടെ ശല്യം സീമാതീതമാകയാൽ അവിടത്തെ പോലിസിന്റെ ആകെസമയത്തിൽ മൂന്നിലൊരുഭാഗവും ഇക്കൂട്ടരെ പ്രതിരോധിക്കുവാൻ വേണ്ടിമാത്രം ചിലവഴിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ ഇന്നു് എല്ലാകാര്യത്തിലും മുന്നണിയിൽ നില്ക്കുന്ന അമേരിക്കൻ ഐക്യനാടുകളിൽ മദ്യപന്മാരുടെ ശല്യങ്ങൾക്കെതിരായി അനേകലക്ഷം രൂപാ ചിലവഴിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ തലസ്ഥാനനഗരിയായ വാഷിംഗ്ടൺപട്ടണത്തിൽ ശല്യക്കാരായ മദ്യപാനികളെ തെരുവീഥികളിൽനിന്നും മാററിവിടുവാൻവേണ്ടിതന്നെ ആണ്ടിനാൽ 25 ലക്ഷം ക. വീതം വി




**For Favours Received**
Mrs. Achamma Devassy

നിയോഗിക്കുന്നുണ്ടെന്നു കേൾക്കുമ്പോൾ നമ്മളിൽ പലരും അത്ഭുതപ്പെട്ടുപോകുമല്ലോ. ലോകത്തിൽ മദ്യവില്പനയും കുടിയുമുള്ള അനേകം രാജ്യങ്ങളിൽ ഇതുപോലുള്ള പ്രയാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിൽനിന്നും ഒട്ടുംഭേദമല്ല ഇന്ത്യയും നമ്മുടെ കൊച്ചുകേരളവും. കുറേകൊല്ലങ്ങൾക്കുമുമ്പു് പൊൻകുന്നത്തുവച്ചുനടന്നതും കേരളീയർ ഇന്നും ഭയത്തോടും സങ്കടത്തോടുംകൂടിമാത്രം സ്മരിക്കുന്നതും അനേകം സ്ത്രീപുരുഷന്മാരുടെ ജീവഹാനിക്കിടയാക്കിയതുമായ ആ ദുരന്തസംഭവം—യാത്രക്കാർ നിറച്ചുകയറിയിരുന്ന ബസ്സിനു തീകത്തിയതു്—മദ്യം സേവിച്ചിരുന്ന ഒരു പോലിസുദ്യോഗസ്ഥൻ തന്റെ മദ്യാസക്തിയാൽ ലക്കില്ലാതെ, പലരും തടഞ്ഞിട്ടും കൂട്ടാക്കാതെ, തീപ്പെട്ടി ഉരച്ചതുനിമിത്തമുണ്ടായതാണല്ലോ. നമ്മുടെ കേരളസംസ്ഥാനത്തു മദ്യപാനികളായ ഡ്രൈവറന്മാർ എത്രയോ ആളുകളുടെ ജീവനെയാണ് പ്രതിവർഷം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. കേരളത്തിലെ മലബാർവിഭാഗത്തും മററു ചില മദ്യനിരോധനസ്ഥലങ്ങളിലും വാഹനഅപകടങ്ങൾ താരതമ്യേന കുറവാണ്. മദ്യപാനമില്ലാത്ത "ഈവാൻസ്റ്റൺ"പട്ടണത്തിൽ ഇക്കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഒരൊററ വണ്ടിയപകടംപോലും ഉണ്ടായിട്ടില്ലെന്നു ഔദ്യോഗികറിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. മുമ്പൊരിക്കൽ പാലായിൽവച്ചു നടന്ന ഒരു മദ്യവർജ്ജനമഹായോഗത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് റിട്ടയാർഡ് ജഡ്ജിയും പൊതുരംഗത്തു് വളരെ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള വ്യക്തിയുമായ ശ്രീ പി. കെ. മാമ്മൻതരകൻ പറയുകയുണ്ടായി തന്റെ ജഡ്ജിയുദ്യോഗകാലത്തു് കൈകാര്യം ചെയ്തിട്ടുള്ള കേസുകളിൽ ഭൂരിപക്ഷത്തിന്റേയും കാരണം മദ്യപാനമാണെന്നു്. പ്രസ്തുത യോഗത്തിലെ മറെറാരു പ്രാസംഗികനായ അഡ്വക്കേററ് ശ്രീ എം. പി. ഗോവിന്ദൻനായരും പ്രസ്താവിക്കുകയുണ്ടായി, തന്റെ അഭിഭാഷകജീവിതത്തിൽ കൈവന്നിട്ടുള്ള കേസുകളിൽ ഭൂരിഭാഗത്തിന്റേയും ജനയിതാവു മദ്യമാണെന്നു്. ആപ്തമിത്രങ്ങൾ തമ്മിലും മാതാപിതാക്കന്മാരും മക്കളും തമ്മിലും മദ്യപാനംമൂലം കൊലപാതകവും അടിപിടിയും അസഭ്യവർഷവുമൊക്കെ എന്തുമാത്രമുണ്ടാകുന്നു. സുബുദ്ധിയുള്ള മനുഷ്യൻ ഉന്മാദരോഗിയായിത്തീന്നാലുണ്ടാകുന്നതിൽ കൂടുതൽ ഭവിഷ്യത്തുകളാണ് സൽസ്വഭാവികളും വളരെ നല്ലവരുമായി കാണപ്പെടുന്ന പലരും മദ്യം സേവിക്കുന്നമാത്രയിൽ വരുത്തിവയ്ക്കുന്നതു്.

മദ്യം ഒരുമാതിരി വിഷസാധനവുമാണെന്നു പറയാം. മദ്യം കഴിക്കുന്നവർ 25 തരം കഠിനവ്യാധികളിലകപ്പെടാനിടയുണ്ടെന്നും ഒരുനേരത്തെ കുടികൊണ്ടു് ഒരു മദ്യപന്റെ ആയുസ്സിൽ 25 മിനിട്ടോളം സമയം കുറയുകയാണെന്നും മററും ചില വിഖ്യാതരായ ഡോക്ടറന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. മാത്രമല്ല കള്ളിൽ 10 ശതമാനവും ചാരായത്തിൽ 60 ശതമാനവും വിഷാംശംതന്നെ ചേന്നുകിടപ്പുണ്ടെന്നും പറയപ്പെടുന്നു. മലബാർവിഭാഗം ഇന്നു മദ്യനിരോധനമേഖലയാണെങ്കിലും പരോക്ഷമായി അവിടെ മദ്യമുണ്ടാക്കലും മദ്യപാനവും തുടരുന്നു. ഗവണ്മെന്റിന്റെ മന്ദതനിമിത്തമാണിപ്രകാരമൊക്കെ സംഭവിക്കുന്നതെന്നു പ്രത്യേകം പറയേണ്ടയാവശ്യമില്ലല്ലോ. മലബാറിൽ രഹസ്യമായി ഉണ്ടാക്കുന്ന മദ്യസാധനങ്ങൾക്കു ഉല്പാദനത്തുക വളരെ കൂടുതലാകയാൽ അവിടത്തെ കുടിയന്മാർ മദ്യമേഖലയിലേതിനെക്കാൾ പണനഷ്ടം സഹിക്കേണ്ടതായിവരുന്നു. അവിടെയുണ്ടാക്കുന്ന കൃത്രിമമദ്യത്തിൽ നല്ലൊരുഭാഗവും ഉമ്മത്തിൻകായ്, നവതാരം, പേയിഞ്ചി, ബാററിയുടെ തിന്നമെററൽ തുടങ്ങിയ മാരകവും വിഷതുല്യവുമായ സാധനങ്ങൾ ചേത്തുണ്ടാക്കുന്നവയാകയാൽ അതിൽനിന്നുമുണ്ടാകുന്ന അപകടങ്ങളും മററനന്തരഫലങ്ങളും എന്തുമാത്രം ഭയങ്കരമായിരിക്കും! ചില അനുഭവങ്ങൾ പത്രപംക്തികൾവഴി നാം കാണുന്നുമുണ്ടല്ലോ.

ഗവണ്മെന്റിന്റെ വരുമാനത്തിൽ എക്സൈസ്‌വകുപ്പ് അതിപ്രാധാന്യമർഹിക്കുന്ന ഒന്നാണ്. എന്നാൽ ഇതിന്റെ ഇരട്ടി ദോഷവും ഗവണ്മെന്റിനുതന്നെയാണുണ്ടാകുന്നതെന്നുകൂടി ധരിക്കേണ്ടിയിരിക്കുന്നു. മദ്യപാനികൾ ഉണ്ടാക്കുന്ന കൊലപാതകം, അടിപിടി മുതലായവനിമിത്തം ഗവണ്മെന്റ് ഖജനാവിൽനിന്നും എന്തുമാത്രം പണമാണ് വാരി ചിലവാക്കിക്കൊണ്ടിരിക്കുന്നതു്. പൊതുജനങ്ങൾക്കും ഗവണ്മെന്റിനും മദ്യപാനികൾക്കുതന്നേയും നൂറുശതമാനം ഉപദ്രവമുണ്ടാക്കുന്ന മദ്യത്തെ പ്രോത്സാഹിപ്പിക്കുന്നതു് യാതൊരു ഗവണ്മെന്റിനും ഭൂഷണമല്ല, അതു മനുഷ്യത്വത്തിനു ചേന്നതുമല്ല.

മദ്യനിരോധനം പരിപൂർണ്ണമായി നടപ്പിലാക്കുവാൻ പ്രയാസമാണെന്നു വാദിക്കുന്നവരുണ്ടു്. മദ്രാസിലെ അനുഭവം ചിലർ എടുത്തുകാണിക്കുന്നുമുണ്ടു്. ഇതു ഗവണ്മെന്റിന്റെ നോട്ടക്കുറവുകൊണ്ടും ഉത്സാഹക്കുറവുകൊണ്ടുമാണ്. നീതിനിഷ്ഠയും സൽസ്വഭാവവുമുള്ള ഉദ്യോഗസ്ഥന്മാരെ നല്ല ശമ്പളംകൊടുത്തു് മദ്യനിരോധനവകുപ്പിൽ ഏല്പ്പെടുത്തണം. യാതൊരു അയവുമില്ലാത്ത നിയന്ത്രണങ്ങൾ ചെലുത്തണം. സാധുക്കളായ പല മുക്കുടിയന്മാരോടും ഈയുള്ളവൻ ചോദിച്ചിട്ടുണ്ടു്, മദ്യനിരോധനം നല്ലതാണോയെന്നു്. ഒരു തുള്ളി കള്ളുപോലും യാതൊരിടത്തും കിട്ടാത്ത, ആക്കും കുടിക്കാൻ വയ്യാത്ത, സാഹചര്യമുണ്ടാക്കുകയാണെങ്കിൽ നൂറുശതമാനവും മദ്യനിരോധനത്തെ പിൻതാങ്ങുന്നുവെന്നാണവരുടെ മറുപടി. പ്രായേണ ധനികരായ മദ്യപാനികളാണ് മദ്യനിരോധനത്തെ എതിക്കാറുള്ളതു്.

മദ്യനിരോധനമേപ്പെടുത്തിയാൽ നമ്മുടെ രാജ്യത്തെ ചെത്തുതൊഴിലാളികൾ തൊഴിൽരഹിതരാകുമെന്നു ചിലർ ഭയപ്പെടുന്നു. കുറച്ചുപേരുടെ തൊഴിലിനുവേണ്ടി അതിന്റെ നൂറിരട്ടി കുടിയന്മാരായ ആളുകൾ നശിക്കണമെന്നോ? എന്തൊരു വിരോധാഭാസമാണിതു്! ഗവണ്മെന്റായാലും മററാരുതന്നെയായാലും എപ്പോഴും ഭൂരിപക്ഷത്തിന്റെ ഗുണത്തെ ലാക്കാക്കിവേണമല്ലോ ഏതുകാര്യവും പ്രവത്തിക്കുവാൻ. വ്യഭിചാരത്തിനും കൊലയ്ക്കും മോഷണത്തിനും കുത്തകാവകാശം ലേലംചെയ്തുകൊടുക്കുന്നതുപോലെയേ മദ്യലേലത്തേയും കണക്കാക്കേണ്ടതുള്ളു.

സ്വതന്ത്രഭാരതത്തിന്റെ ജനയിതാവും നമ്മളേവരുടേയും മാർഗ്ഗദർശിയുമായ മഹാത്മജിയുടെ ജീവിതകാലത്തെ അഭിലാഷങ്ങളിൽ പ്രധാനമായ ഒന്നായിരുന്നു മദ്യനിരോധനമേപ്പെടുത്തുകയെന്നുള്ളതു്. മദ്യനിരോധനത്തിന്റെ ആവശ്യകതയെപ്പററി അദ്ദേഹം അനേകംതവണ ശക്തിയായ ഭാഷയിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടു്. ഇന്ത്യക്കു സ്വാതന്ത്ര്യംകിട്ടുകയും കോൺഗ്രസ് ഗവണ്മെന്റ് ഭരണഭാരം നടത്തുകയും ചെയ്തിട്ട് ഏതാണ്ട് പത്തുകൊല്ലക്കാലത്തോളമായി. ഇതിനിടയിൽ സാവ്വത്രികമായി മദ്യനിരോധനമേപ്പെടുത്തുവാൻ ഈ അടുത്തകാലംവരെ തിരുകൊച്ചിയിൽ ഭരണംനടത്തിയ കോൺഗ്രസ് ഗവണ്മെന്റിനെക്കൊണ്ടു സാധിക്കാതെപോയതു് ശോചനീയംതന്നെ.

# ചോദിച്ചാൽ പറയാം

167 ചോ: റൂഹാദക്കുദശാ തമ്പുരാനോടു മറുത്തുള്ള ദോഷങ്ങൾ എന്നു പറയുന്നതെന്താണ്? എല്ലാ ദോഷങ്ങളും റൂഹാദക്കുദശാ തമ്പുരാനോടു മറുത്തുള്ളവയല്ലേ?

(എൻ വി സി വാഴക്കുളം)

ഉ: റൂഹാദക്കുദശാ തമ്പുരാനോടു മറുത്തുള്ള ദോഷങ്ങൾ 1) സ്വന്തരക്ഷയെപ്പററി നിരാശപ്പെടുക, 2 യോഗ്യത കൂടാതെ രക്ഷപെടുമെന്നു അഹങ്കാരമായി വിചാരിക്കുക, 3) സത്യമാണെന്നു് അറിഞ്ഞതിനെ എതിത്തു നില്ക്കുക, 4) അന്യന്റെ നന്മയെപ്പററി അസൂയപ്പെടുക, 5) ദുശ്ശാഠ്യത്തോടെ പാപത്തിൽ ഇരിക്കുക. 6) അന്ത്യഅനുതാപമില്ലായ്ക എന്നിവയാകുന്നു.

പാപം ദൈവപ്രമാണങ്ങളുടെ ലംഘനമാകയാൽ എല്ലാ പാപങ്ങളും ദൈവത്തോടു മറുത്തുള്ള ദോഷങ്ങളാകുന്നു; അതിനാൽതന്നെ റൂഹാദക്കുദശാ തമ്പുരാനോടു മറുത്തുള്ള ദോഷങ്ങളാകുന്നു. എന്നാൽ മുകളിൽപ്പറഞ്ഞ ആറു പാപങ്ങൾ പ്രത്യേകമായി റൂഹാദക്കുദശാതമ്പുരാനോടു മറുത്തുള്ള പാപങ്ങളെന്നു പറയുന്നതു, അവ പരിശുദ്ധാത്മാവിനെ വിശേഷമായി സംബന്ധിക്കുന്ന നന്മയ്ക്കു എതിരായി, വെറും ദുഷ്ടതയാൽ ചെയ്യപ്പെടുന്നവയായതുകൊണ്ടാണ്.

പരിശുദ്ധാത്മാവു "നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ: XIV 26) എന്നാണല്ലോ ക്രിസ്തു അരുളിച്ചെയ്തിട്ടുള്ളതു്. ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവു്, ഭക്തി, ദൈവഭയം ഇവ പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്. ഈ ദാനങ്ങൾക്കു കടകവിരുദ്ധമായ പാപങ്ങളാണ മുകളിൽ പറഞ്ഞിരിക്കുന്നതെന്നു കാണാം. അതുകൊണ്ടാണ് അവയെ പരിശുദ്ധാത്മാവിനു എതിരായ പാപങ്ങളെന്നു പറയുന്നതു്.

168 ചോ: ദൈവതിരുമുൻപിൽ അന്യായപ്പെടുന്ന ദോഷങ്ങളെന്നു പറയുന്നതെന്തുകൊണ്ടാണ്? എല്ലാ ദോഷങ്ങളും ദൈവതിരുമുൻപിൽ അന്യായപ്പെടുന്നവയല്ലേ?

(എൻ വി സി വാഴക്കുളം)

ഉ: ദൈവതിരുമുമ്പിൽ അന്യായപ്പെടുന്ന ദോഷങ്ങൾ 1) മനഃപൂർവ്വമായ കൊലപാതകം, 2) പ്രകൃതിവിരുദ്ധമായ അശുദ്ധപാപം, 3) ദരിദ്രരെയുംഅനാഥരെയും ഞെരുക്കുക, 4) വേലക്കാരുടെ കൂലി വഞ്ചിച്ചെടുക്കുക, എന്നിവയാകുന്നു. ഈ പാപങ്ങൾക്കു് ഏററവും കഠിനമായ ശിക്ഷകൾ നൽകുവാൻ ദൈവത്തെ കോപിപ്പിക്കത്തക്കവണ്ണം ഇവയുടെ ദുഷ്ടത അത്ര മഹാഘനമേറിയതും സ്പഷ്ടമായതുമാകകൊണ്ടാണ് ഇവയെ ദൈവതിരുമുൻപിൽ അന്യായപ്പെടുന്ന ദോഷങ്ങൾ എന്നു പറയുന്നതു്.

ഈ പാപങ്ങൾക്കു് ഒരു പ്രത്യേകതയുണ്ടു്. ഇവ മൂലം നഷ്ടം (തിന്മ) അനുഭവിക്കുന്ന രണ്ടാമതൊരു കക്ഷി ഉണ്ടായിരിക്കുന്നു. മാത്രമല്ല, പാപം ചെയ്യുന്നയാളിന്റെ മനഃപൂർവ്വതയും ശക്തിക്കൂടുതലും ഈ പാപങ്ങൾ ചെയ്യുന്നതിനു പ്രേരകമായിരിക്കുന്നുണ്ടു്. നഷ്ടം സഹിക്കുന്നവരാണല്ലോ നഷ്ടപരിഹാരത്തിനായി, പ്രതികാരത്തിനായി, അധികാരസ്ഥാനങ്ങളിൽ പരാതിപ്പെടുന്നതു്. ഇവിടെ ഈ പാപങ്ങൾതന്നെ ദൈവതിരുമുൻപാകെ പരാതിപ്പെടുന്നതായി പ്രസ്താവിക്കപ്പെടുന്നു. എന്നു പറഞ്ഞാൽ, ഈ പാപങ്ങൾ വളരെയധികം ഗുരുതരവും ദൈവത്തിന്റെ കക്കശമായ ശിക്ഷ അർഹിക്കുന്നതുമാണെന്നേ അത്ഥമുള്ളൂ, എല്ലാ ദോഷങ്ങൾക്കും അതിന്റെ ഗൗരവമനുസരിച്ചുള്ള ശിക്ഷ ദൈവം നൽകുന്നതാകുന്നു.

169. ചോ: പത്രോസിനെ ക്രിസ്തു താക്കോൽക്കാരനായി നിയമിക്കുമ്പോൾ അതേ അധികാരംതന്നെ, അതായതു് ആളുകളെ സഭയിലേക്കു സ്വീകരിക്കുന്നതിനും പാപമോചനം കൊടുക്കുന്നതിനുമുള്ള അധികാരം, മററു ശിഷ്യന്മാക്കും നൽകുന്നു. പത്രോസിനോടു തന്റെ ആടുകളെ മേയി

ക്കുവാൻ ക്രിസ്തു മൂന്നുപ്രാവശ്യം കല്പിക്കുമ്പോൾ അതേ അധികാരംതന്നെ മററു ശ്ലീഹന്മാർക്കും നൽകുന്നു. പത്രോസിനു പ്രത്യേക അധികാരമാണു കൊടുത്തതെങ്കിൽ പത്രോസു ദുഃഖിക്കയല്ല, സന്തോഷിക്കയാണു വേണ്ടതു്.

(പി ജെ. ബി, കോന്നി)

ഉ: ചോദ്യകർത്താവിൻെറ വാദരീതിയിൽനിന്നുതന്നെ പത്രോസിനു പരമാധികാരമുണ്ടെന്നു തെളിയുന്നു എന്തെന്നാൽ "ആളുകളെ സഭയിലേക്കു സ്വീകരിക്കുന്നതിനും പാപമോചനം കൊടുക്കുന്നതിനുമുള്ള അധികാരം എല്ലാ ശ്ലീഹന്മാർക്കും ക്രിസ്തു നൽകുന്നുണ്ടു്. "എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു...നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആർക്കെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവനു മോചിക്കപ്പെട്ടും എന്നാൽ ആരുടേതു് എങ്കിലും ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (യോഹ: XX 21-23). തൻെറ പുനരുത്ഥാനാനന്തരം ഒന്നാംഞായറാഴ്ച, തോമ്മാ ഒഴികെയുള്ള ശിഷ്യന്മാർ ഒന്നിച്ചുകൂടിയിരിക്കുമ്പോഴാണു ക്രിസ്തു ഇങ്ങനെ അരുളിച്ചെയ്തതു്. അക്കൂട്ടത്തിൽ പത്രോസുമുണ്ടായിരുന്നു. ചോദ്യത്തിൽ "മററു ശിഷ്യന്മാർ" എന്നു പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു "പത്രോസിനെ ഒഴിച്ചു്" എന്നു ധരിക്കാതിരിക്കുവാനാണു് അക്കാര്യം എടുത്തുപറയുന്നതു്.

നമ്മുടെ കർത്താവിൻെറ ഈ കല്പന അനുസരിച്ചു മററു ശ്ലീഹന്മാരെപ്പോലെ ആളുകളെ സഭയിലേക്കു സ്വീകരിക്കുന്നതിനും, പാപമോചനം കൊടുക്കുന്നതിനും ആടുകളെ മേയിക്കുന്നതിനുമുള്ള അധികാരം പത്രോസിനും ലഭിക്കുന്നുണ്ടു്. സർവ്വജ്ഞനായ ക്രിസ്തുവിനു് അതറിയാമല്ലോ. പിന്നെ എന്തിനാണു് അവിടുന്നു പത്രോസിനോടു തനിച്ചു് "നീ കേപ്പാ ആകുന്നു. ഈ കേപ്പായിന്മേൽ എൻെറ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" (മത്തായി XVI, 18-19) എന്നു് അരുളിച്ചെയ്തിരിക്കുന്നതു്. മററു ശ്ലീഹന്മാർക്കു സിദ്ധിച്ച അധികാരങ്ങളെല്ലാം തന്നെ അക്കൂട്ടത്തിൽ പത്രോസിനും സിദ്ധിച്ചിരിക്കെ, ക്രിസ്തു പത്രോസിനോടു തനിച്ചു് ഇങ്ങനെ പറയുന്നതിനു ഒരർത്ഥവുമില്ലെന്നു വരുമോ? നമ്മുടെ കർത്താവു വ്യർത്ഥഭാഷണത്തിലേർപ്പെടുന്ന ഒരാളായിരുന്നെന്നു ചോദ്യകർത്താവു പറയുകയില്ലല്ലോ.

ഉത്ഥാനശേഷം ഒന്നാംഞായറാഴ്ച എല്ലാ ശ്ലീഹന്മാർക്കും ആളുകളെ സഭയിൽ സ്വീകരിക്കുന്നതിനും പാപങ്ങൾ മോചിക്കുന്നതിനും അധികാരം കൊടുത്ത ക്രിസ്തു, അടുത്തദിവസംതന്നെ തിബേരിയസ് കടൽത്തീരത്തു് ശിഷ്യർക്കു് പ്രത്യക്ഷനായി. വന്നു പ്രാതൽ കഴിക്കുവാൻ എല്ലാ ശിഷ്യന്മാരെയും അവിടുന്നു ക്ഷണിച്ചു. അനന്തരം അവിടുന്നു പത്രോസിനെ—യോനായുടെ പുത്രനായ ശിമയോനെ—പേരുചൊല്ലി വിളിച്ചു് തൻെറ ആടുകളേയും, കുഞ്ഞാടുകളേയും, പെണ്ണാടുകളേയും മേയിക്കുവാൻ മൂന്നുപ്രാവശ്യം ആജ്ഞാപിക്കുന്നു. തലേഞായറാഴ്ച എല്ലാ ശ്ലീഹന്മാർക്കും പൊതുവേ പാപമോചനാധികാരം കൊടുത്ത ക്രിസ്തു, ഇന്നുതന്നെ എല്ലാ ശ്ലീഹന്മാരേയും ഭക്ഷണത്തിനു ക്ഷണിച്ച ക്രിസ്തു, എല്ലാ ശ്ലീഹന്മാർക്കും പൊതുവിലല്ലാതെ പത്രോസിനു തനിച്ചു് ഈ അധികാരം വാഗ്ദാനം ചെയ്യുന്നതെന്താണു്? മററു ശ്ലീഹന്മാരെക്കൂടി ഉദ്ദേശിച്ചിരുന്നെങ്കിൽ പൊതുവിൽ അധികാരദാനം ചെയ്താൽ പോരായിരുന്നോ? വീണ്ടും, പത്രോസ് എന്നോ ശിമയോൻ എന്നോ സംബോധനചെയ്യാതെ, "യോനായുടെ പുത്രനായ ശിമയോനെ" എന്നു രക്തബന്ധം സൂചിപ്പിച്ചു പത്രോസിനെ സംബോധനചെയ്തിരിക്കുന്നതെന്താണു? പത്രോസിനെ വ്യക്തിപരമായി സ്പർശിക്കുന്ന ഒരു കാര്യമാണു്, മററു ശ്ലീഹന്മാർക്കു ബന്ധപ്പെട്ടതല്ലാ, എന്നല്ലേ ആ സംബോധന സൂചിപ്പിക്കുന്നതു്? ക്രിസ്തു ഒരു വ്യർത്ഥഭാഷിയല്ലാത്തതിനാൽ അവിടുത്തേക്കു് എന്തെങ്കിലും ഉദ്ദേശ്യം ഉണ്ടായിരിക്കും എന്നുള്ളതു തീർച്ചയാണു്. മററു ശ്ലീഹന്മാർക്കു കൊടുക്കാത്ത എന്തോ ഒരധികാരം ഇതുമൂലം നൽകപ്പെടുകയല്ലെങ്കിൽ ക്രിസ്തു വ്യർത്ഥഭാഷിയാണെന്നു നാം വാദിക്കേണ്ടിവരും.

ഒന്നുകൂടി നമുക്കു പിന്തിരിഞ്ഞുനോക്കാം. ആളുകളെ സഭയിലേക്കു സ്വീകരിക്കുന്നതിനും പാപമോചനം കൊടുക്കുന്നതിനും ആടുകളെ മേയിക്കുന്നതിനുമുള്ള അധികാരം ക്രിസ്തു ശിഷ്യന്മാർക്കു കൊടുക്കുന്ന ആ അവസരങ്ങളിലെല്ലാം പത്രോസും സന്നിഹിതനാണു്. മററു ശ്ലീഹന്മാർക്കു സിദ്ധിക്കുന്ന അധികാരാവകാശങ്ങൾ അണുവിട കുറയാതെ പത്രോസിനും സിദ്ധിക്കുന്നുണ്ടു്. ഇതിനും പുറമേ രണ്ടു തവണ പത്രോസിനു തനിച്ചു ചില അധികാരങ്ങൾ ക്രിസ്തു നൽകുന്നു. രണ്ടു തവണയും "യോനായുടെ പുത്രനായ ശിമയോനാ"ണു നൽകുന്നതു്. "സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ നൽകും" (മത്തായി XVI 19) "നീ എൻെറ ആടുകളേയും കുഞ്ഞാടുകളേയും പെണ്ണാടുകളേയും മേയിക്കുക" (യോഹ: XXI 15-17). ഇവിടെ രണ്ടിടത്തും "നിങ്ങൾ" എന്ന ബഹുവചനമല്ലാ, "നീ" എന്ന ഏകവചനമാണു് ഉപയോഗിച്ചിരിക്കുന്നതു്. പത്രോസുൾപ്പെടെയുള്ള ശ്ലീഹന്മാർക്കു എന്തെല്ലാം അധികാരങ്ങൾ കൊടുത്തിരുന്നാലും, മററു ശ്ലീഹന്മാർക്കു സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ കൊടുക്കുന്നതായോ, ആടുകളേയും കുഞ്ഞാടുകളേയും പെണ്ണാടുകളേയും മേയിക്കുവാൻ അധികാരം കൊടുക്കുന്നതായോ നാം കാണുന്നില്ല. മററു ശ്ലീഹന്മാരിൽനിന്നു വ്യത്യസ്തമായ എന്തോ അധികാരം പത്രോസിനു കൊടുക്കുകയായിരുന്നു ക്രിസ്തു എന്നു് ഇതിൽനിന്നു സ്പഷ്ടമാണല്ലോ. നേർവഴി കിടക്കുമ്പോൾ നാമെന്തിനു വളഞ്ഞവഴിയിൽക്കൂടി പോകുന്നു?

"പത്രോസിനോടു തൻെറ ആടുകളെ മേയിക്കുവാൻ ക്രിസ്തു മൂന്നുപ്രാവശ്യം കല്പിക്കുമ്പോൾ അതേ അധികാരംതന്നെ മററു ശ്ലീഹന്മാർക്കും നൽകുന്നു"വെന്നു കരുതുവാൻ ഒരുവിധത്തിലും നിവൃത്തിയില്ല. തൊട്ടടുത്ത വാചകംതന്നെ അതിനു തെളിവാണു് "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. നീ ചെറുപ്രായക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ നിൻെറ അരകൾ കെട്ടിയിരുന്നു; നിനക്കു ഇഷ്ടമുള്ള ഇടത്തേക്കു നീ നടക്കുകയും ചെയ്തിരുന്നു. നീ വയസ്സൻ ആകുമ്പോഴോ നീ നിൻെറ കൈകൾ നീട്ടുകയും മറെറാരുത്തൻ നിൻെറ അരകൾ കെട്ടി നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും. എന്നാൽ ഇതു അവൻ ഏതുവിധമരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാനിരിക്കുന്നു എന്നു കാണിക്കുവാൻ അവൻ അരുളിച്ചെയ്തു." (യോഹ: XXI, 18, 19).

ആടുകളെ മേയിക്കുക എന്നു പത്രോസിനെ വിളിച്ചു പറയുന്നതു എല്ലാ ശിഷ്യന്മാരേയും ഉദ്ദേശിച്ചാണെങ്കിൽ ഇതും എല്ലാ ശിഷ്യന്മാരേയും ഉദ്ദേശിച്ചാണെന്നു വാദിക്കണമല്ലോ. പക്ഷെ, യോഹന്നാൻെറ അന്ത്യമെങ്ങനെയെന്നു പത്രോസു എടുത്തു ചോദിക്കുന്നതിൽനിന്നു്, ക്രിസ്തു ഇപ്പറഞ്ഞതെല്ലാം തന്നെക്കുറിച്ചുമാത്രമാണെന്നു പത്രോസു് മനസ്സിലാക്കിയിരുന്നുവെന്നു സ്പഷ്ടമാണു്. ഇനിയുമുണ്ടു് ചിന്തനീയമായ പ്രശ്നങ്ങൾ. പാപങ്ങൾ മോചിക്കാനോ മോചിക്കാതിരിക്കാനോ ആണു ക്രിസ്തു ശ്ലീഹന്മാർക്കു അധികാരം നൽകുന്നതു്. കെട്ടാനും അഴിക്കാനുമാണു പത്രോസിനു് അധികാരം നൽകുന്നതു്. കെട്ടുകയും അഴിക്കുകയും ചെയ്യുകയെന്നതിൽ ഒരു പരമാധിപത്യലാഞ്ഛനയുണ്ടു്.

വാസ്തവത്തിൽ ശ്ലീഹാ എന്ന നിലയിൽ ലഭിച്ചതിനേക്കാൾ ചില കൂടുതൽ അധികാരങ്ങൾ ക്രിസ്തു പത്രോസിനു നൽകുന്നുണ്ടെന്നുള്ളതു നിസ്തർക്കമാണു്. ആ അധികാരം അദ്ദേഹത്തിൻെറ പരമാധിപത്യമാണു്. ശ്ലീഹന്മാരെത്തന്നെ കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം, അപ്പസ്തോലസംഘത്തിൻെറ മേലുള്ള അധികാരം, ആണു്. അതിനെയാണു പത്രോസിൻെറ പരമാധികാരമെന്നു നാം പറയുന്നതു്. ക്രിസ്തു സ്വർഗ്ഗപ്രാപ്തനായ ഉടനെ പത്രോസു് ഈ അധികാരം പ്രയോഗിക്കുന്നതായും നാം കാണുന്നു. ഈശോ സ്വർഗ്ഗാരോഹണം ചെയ്ത ഉടനെ പത്രോസു കൂട്ടത്തിൽ എഴുന്നേററുനിന്നു പറയുകയാണു്, അപ്പസ്തോലഗണത്തിൽ ഒരാളായിരുന്ന യൂദായുടെ സ്ഥാനത്തേക്കു മറെറാരാളെ ഉയർത്തണമെന്നു്. ശ്ലീഹന്മാരുടെ സമൂഹത്തിൽനിന്നു് ഒരാളെ നീക്കം ചെയ്യുക, പകരം ആ സ്ഥാനത്തേക്കു ഒരാളെ നിയമിക്കുക. ഇതു ശ്ലീഹന്മാരെത്തന്നെ "കെട്ടുകയും അഴിക്കുകയും" ചെയ്യുകയാണല്ലോ. അതായതു പത്രോസിനു സിദ്ധിച്ച അധികാരം ശ്ലീഹന്മാരുടെമേൽക്കൂടിയുള്ളതായിരുന്നു.

സത്യസന്ധനും സത്യത്തിനു സാക്ഷിപറയുവാൻ വന്നവനുമായ ക്രിസ്തു വ്യർത്ഥഭാഷിയോ വഞ്ചകനോ അല്ലെന്നു കത്തോലിക്കാസഭ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അവിടുന്നു് മററു ശ്ലീഹന്മാർക്കു നൽകാത്ത പ്രത്യേകാധികാരം പത്രോസിനു നൽകിയിരിക്കുന്നതു കണ്ടപ്പോൾ, അതേപ്പററി തർക്കിക്കാതെ സഭ അതു സ്വീകരിക്കുകയും പത്രോസിനു പരമാധികാരമുണ്ടെന്നു് ഏററുപറയുകയും ചെയ്യുന്നു. മനുഷ്യർ സ്വാതന്ത്ര്യേച്ഛുക്കളാണു്. മറെറാരുവൻെറ ആധിപത്യത്തിൻകീഴിൽ ഇരിക്കുവാൻ ആരും ഇഷ്ടപ്പെടുന്നില്ല, വല്ലൊരു മാർഗ്ഗവും ഉണ്ടായിരുന്നെങ്കിൽ പത്രോസിൻെറ പരമാധികാരത്തെ നിഷേധിക്കാമായിരുന്നു. പക്ഷേ ക്രിസ്തുവിനെ നിഷേധിക്കാതെ പത്രോസിൻെറ പരമാധികാരത്തെ നിഷേധിക്കുക സാദ്ധ്യമല്ലാത്തതുകൊണ്ടാണു് ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുന്ന കത്തോലിക്കർ പത്രോസിൻെറ പരമാധികാരവും ഏററുപറയുന്നതു്.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്.

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# റഷ്യയിൽ മതവിശ്വാസമുണ്ടോ?

(നിരീക്ഷകൻ)

സോവ്യററുറഷ്യയിൽ മതവിശ്വാസത്തെ മനുഷ്യഹൃദയങ്ങളിൽനിന്നു പിഴുതുകളയുന്നതിനുള്ള ശക്തിയായ ശ്രമങ്ങളാണു് ആദ്യംമുതൽ കമ്മ്യൂണിസ്റ്റുകൾ ചെയ്തുകൊണ്ടിരുന്നിട്ടുള്ളതു്. തൽഫലമായി അവിടെ നിലവിലിരുന്ന എല്ലാ മതസംഘടനകളേയും അവർ മർദ്ദനത്തിനു വിധേയമാക്കി. റഷ്യയിലെ ഏററവുമധികം ജനങ്ങൾ വിശ്വസിച്ചിരുന്നതും റഷ്യാക്കാരുടെ ഔദ്യോഗികമതവിഭാഗമെന്നു കരുതപ്പെട്ടിരുന്നതുമായ ഓർത്തഡോക്സ്സഭതന്നേയും ഇതിനപവാദമായിരുന്നില്ല. ഇന്നു മോസ്കോയിൽ കമ്മ്യൂണിസ്റ്റു് ഗവമ്മെൻറിൻെറ വെറുമൊരു പാവയായി നാമമാത്രമായ ഓർത്തഡോക്സ് മോസ്കോ പാട്രിയർക്കേററു് പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ അതു മതസ്വാതന്ത്ര്യത്തെയല്ല കാണിക്കുന്നതു്; പ്രത്യുത മതത്തെ രാഷ്ട്രത്തിൻെറ ചട്ടുകമാക്കുന്ന മതാഭാസത്തെ മാത്രമാണു്. കത്തോലിക്കാസഭ അവിടെ ഏററവും ക്രൂരമായ പീഡനങ്ങൾ ആരംഭംമുതൽ സഹിച്ചുപോരുകയുമാണു്. റഷ്യയിൽ മതവിഭാഗങ്ങൾ ഈവിധത്തിൽ മർദ്ദിക്കപ്പെടുകയാണെങ്കിലും, കമ്മ്യൂണിസ്റ്റുകളുടെ അഭിലാഷംപോലെ ജനഹൃദയങ്ങളിൽനിന്നു ദൈവവിശ്വാസവും മതഭക്തിയും പിഴുതുകളയുവാൻ കമ്മ്യൂണിസത്തിൻെറ ഇതപര്യന്തമുള്ള അരശതാബ്ദക്കാലത്തെ ശ്രമങ്ങൾകൊണ്ടു സാധിച്ചിട്ടുണ്ടോ?

ഇക്കഴിഞ്ഞ ജൂലൈ അവസാനത്തിൽ മോസ്കോയിൽ നടത്തപ്പെട്ട യുവമേളയെപ്പററി യഥാവസരം ഈ പംക്തികളിൽ പ്രതിപാദിച്ചിരുന്നല്ലോ. അതിൽ സംബന്ധിക്കുന്നതിനു ബ്രിട്ടനിൽനിന്നുപോയ പ്രതിനിധിസംഘത്തിൽ ഒരാളായിരുന്നു കാതറൈൻ ഹണ്ടർ ബ്ളേയർ. അവർ ഒരു ഔദ്യോഗിക പ്രതിനിധിയല്ലാതിരുന്നതുകൊണ്ടു് ജനങ്ങളുമായി സമ്പർക്കംപുലർത്തുന്നതിനു കൂടുതൽ ഒഴിവുസമയം ലഭിച്ചിരുന്നു റഷ്യൻഭാഷ സംസാരിക്കുവാൻ വശമായിരുന്നുവെന്നതും പൊതുജനങ്ങളുമായി ഇടപെടുവാൻ വളരെ സഹായകമായി അവരുടെ രണ്ടരയാഴ്ചക്കാലത്തെ അവിടത്തെ താമസത്തിനിടയ്ക്കു മനസ്സിലാക്കിയ സംഗതികൾ വിശദീകരിച്ചു്, മടങ്ങിവന്നശേഷം ലണ്ടനിലെ "ദി ടാബ്ലററു്" എന്ന പത്രത്തിൽ ചില ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. റഷ്യൻജനതയുടെ ദൈവവിശ്വാസത്തേയും മതഭക്തിയേയും സംബന്ധിച്ചു ഏററം ആധുനികമായ ഒരറിവു് ലോകത്തിനു പ്രദാനംചെയ്യുവാൻ പ്രസ്തുത ലേഖനങ്ങൾ പര്യാപ്തമാണു്. കൂട്ടമായിട്ടും തനിച്ചുതനിച്ചും അവർ ഉദ്ദേശം 600_700 ആളുകളുമായി ദീർഘനേരം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ടു്. സംഭാഷണങ്ങളിൽ ആത്മാർത്ഥമായും സ്നേഹപൂർവ്വവും റഷ്യൻജനത പ്രകടമാക്കുന്ന അഭിപ്രായങ്ങളും ജിജ്ഞാസാപൂർവ്വം അന്വേഷിച്ചറിയുന്ന കാര്യങ്ങളും മിക്കവാറും ഒരേരീതിയിലുള്ളതായിരുന്നുവെന്നു പ്രസ്താവിച്ചശേഷം അവർ ഒരു സംഭാഷണരംഗത്തെ മാതൃകയായി ഉദ്ധരിക്കുന്നുണ്ടു്. അതിപ്രകാരമാണു്:-

ഞാൻ മോസ്കോയിലെത്തിയ ആദ്യദിവസം സായാഹ്നത്തിൽ ടൂറിസ്റ്റ്ഹോട്ടലിനു അടുത്തുവച്ചാണു് കുറെ റഷ്യാക്കാരുമായി സമ്പർക്കത്തിലേർപ്പെട്ടതു്. ഈ ആദ്യസന്ദർശനം എന്നെ ബോദ്ധ്യപ്പെടുത്തി, ആത്മാർത്ഥതനിറഞ്ഞവരും സ്നേഹഹൃദയരുമായ റഷ്യൻജനങ്ങളോടു സംസാരിക്കുന്നതും അവരുടെ ചോദ്യങ്ങൾക്കു ഉത്തരം നൽകുന്നതും എൻെറ അവിടത്തെ താമസത്തിനിടയിൽ എനിക്കു ചെയ്യാൻ കഴിയുന്ന ഏററവും സ്വീകാര്യമായ ഒരു കർത്തവ്യമായിരിക്കുമെന്നു്. ആ ആദ്യഅവസരത്തിൽതന്നെ രണ്ടുമണിക്കൂർ നേരം ഞാൻ അവരുടെ നിരവധി ചോദ്യങ്ങൾക്കു ഉത്തരംനൽകി. ഇംഗ്ലണ്ടിലെ സ്കൂളുകളിൽ റഷ്യൻഭാഷ പഠിപ്പിക്കുന്നുണ്ടോ? ഞാൻ റഷ്യൻഭാഷ പഠിച്ച ഓക്സ്ഫോർഡിലെ റഷ്യൻ ഫാക്കൽററിയുടെ വിവരങ്ങൾ; ലണ്ടനിൽ പ്രദർശിപ്പിക്കപ്പെടുന്ന സോവ്യററു് ചലച്ചിത്രങ്ങൾ; ഇംഗ്ലീഷ്പത്രങ്ങൾ റഷ്യയെപ്പററി എന്തഭിപ്രായമാണു പറയുന്നതു്; ഇംഗ്ലണ്ടിലുള്ള പ്രധാനപ്പെട്ട റഷ്യൻ ഗ്രന്ഥകാരന്മാർ ആരെല്ലാമാണു്?; ജനങ്ങൾക്കു രാജ്ഞിയെ സ്നേഹമാണോ?; രാജ്ഞിയുടെ പ്രകൃതമെന്താണു്, ഇങ്ങനെ നൂറുനൂറുകാര്യങ്ങൾ അവർക്കറിയണം. എല്ലാ സംഭാഷണങ്ങളിലും ഏറെക്കുറെ ഇതേരീതിയിലുള്ള പ്രശ്നങ്ങളാണു് അവർക്കുള്ളതു്. ഞങ്ങൾ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മാഞ്ചസ്റ്ററിൽനിന്നു വന്ന ഒരു ഖനിത്തൊഴിലാളി ഞങ്ങളുടെ സദസ്സിൽവന്നു. അയാൾക്കുവേണ്ടി ഞാൻ ദ്വിഭാഷിയായി പ്രവർത്തിച്ചു. ഒരു മണിക്കൂറോളം ഇംഗ്ലണ്ടിലെ ജോലിസമയം ജീവിതരീതി മുതലായവ ഞങ്ങളുടെ സംസാരവിഷയമായി. ഇതിനിടയിൽ ഒരു യുവാവു് ചോദിച്ചു, ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവരാണോ? എന്നു്. എൻെറ കൂട്ടുകാരനായ ഖനിത്തൊഴിലാളി പറഞ്ഞു അയാൾ വിശ്വസിക്കുന്നില്ല എന്നു്. എന്നാൽ ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പ്രസ്താവിച്ചശേഷം ആ യുവാവിനോടു് അദ്ദേഹം ദൈവത്തിൽ വിശ്വസിക്കുന്നോ എന്നാരാഞ്ഞു.

"ഇല്ല. ഞാൻ വിശ്വസിക്കുന്നില്ല" യുവാവു പറഞ്ഞു.

"ശരി അതാണു് ഇരുപതാം നൂററാണ്ടിലെ മനോഭാവം" ഖനിത്തൊഴിലാളി അംഗീകരിച്ചു. പക്ഷേ അതു പരിഭാഷപ്പെടുത്തിയശേഷം ഞാൻ പറഞ്ഞു, എൻെറ അഭിപ്രായത്തിൽ അതു പത്തൊമ്പതാംനൂററാണ്ടിലെ മനോഭാവമാണു് എന്നു്.

"ശരി, ശരി. അതാണു് ശരി" ജനങ്ങൾ കൂട്ടമായി പറഞ്ഞു.

"എന്താണു് നിങ്ങൾ അങ്ങിനെ പറയാൻ കാരണം?" ആ യുവാവിനു എൻെറ വിശദീകരണം വേണം.

നിരീശ്വരത്വം 19-ംനൂററാണ്ടിലെ ബാലിശമായ ഒരു ശുഭാപ്തിവിശ്വാസം മാത്രമാണെന്നും ഈ നൂററാണ്ടിലുള്ള ചിലരും അതു കണ്ണടച്ചുവിഴുങ്ങുകയാണെന്നും ഞാൻ വിശദീകരിച്ചു അപ്പോൾ ജനങ്ങളുടെ ഇടയിൽനിന്നു എൻെറ ന്യായങ്ങളെപ്പററിയുള്ള അനുകൂലഭാവപ്രകടനങ്ങളും "ശരി, ശരി" എന്നുള്ള അഭിപ്രായസ്വരങ്ങളും പുറപ്പെട്ടു. പ്രായംകുറഞ്ഞ

(ശേഷം 9-ംപേജിൽ)

# അവരും നമ്മളും

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

മററുള്ളവരെ സഹായിക്കുക, സ്നേഹിക്കുക എന്നതു മനുഷ്യന്റെ നൈസർഗ്ഗികമായുള്ള ഗുണങ്ങളാണ്. അതുകൊണ്ടല്ലയോ ചില യുവജനങ്ങൾ അഭികാമ്യമായ ശമ്പളം കരഗതമാകുന്ന ഉദ്യോഗം വിദേശങ്ങളിൽ ലഭിക്കാവുന്ന അവസരത്തെ, വയോവൃദ്ധരും രോഗികളുമായ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കുന്നതിനുവേണ്ടി ഉപേക്ഷിക്കുന്നതു്. തന്റെ ഓമനക്കുഞ്ഞിന്റെ നെററിത്തടത്തിൽ തുള്ളിക്കളിക്കുന്ന തലവേദനയും പനിയും അവനെ അലട്ടാതിരിക്കുന്നതിനു വത്സലമാതാവു് ഉറക്കമിളച്ചു രാത്രിയുടെ യാമങ്ങൾ എണ്ണിക്കഴിയുന്നതു്. ഇതുപോലെ സ്നേഹകതിർ പ്രകാശിക്കേണ്ട സുവർണ്ണാവസരങ്ങളെ മനുഷ്യർ പാഴാക്കുക വളരെ ചുരുക്കമാണു്. ഇതുകൊണ്ടല്ലയോ ജയിൽവാസമനുഭവിക്കുന്നവരെ നാം പോയി കാണുന്നതു്. അവർ അപ്പോൾ നമ്മെ അറിയിക്കുന്ന സങ്കടങ്ങൾ വിവിധതരത്തിലുള്ളതായിരിക്കും. സന്ദർശകൻ നിലയും വിലയുമുള്ളവനാണെങ്കിൽ ജയിൽവാസികളുടെ അപേക്ഷ, സന്ദർശകൻ ഗവർമെൻറധികാരികളെ സമീപിച്ചു് തങ്ങളുടെ വിമോചനത്തിനു സൗകര്യപ്പെടുത്തിക്കൊടുക്കണമെന്നായിരിക്കും. ജയിൽവാസി താണനിലയിലുള്ളവനാണെങ്കിൽ സന്ദർശകനിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള സഹായമായിരിക്കും അഭ്യർത്ഥിക്കുന്നതു്. എന്നാൽ ജയിൽപ്പുള്ളിയും സന്ദർശകനും ഒരുപോലെ പുകവലിക്കുന്നവരാണെങ്കിൽ സന്ദർശകനോടുള്ള അഭ്യർത്ഥന ഒരു സിഗരറേറാ ബീഡിയോ നൽകണമെന്നുള്ളതായിരിക്കും. ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ ജയിൽവാസികളെ സഹായിക്കാതെ പോകുന്ന സന്ദർശകർ വളരെ ചുരുക്കമാണു്.

എന്നാൽ സന്ദർശകർ എത്താത്തതും യാതൊരുവിധത്തിലുള്ള സഹായം മുഖദാവിൽ കണ്ടു ചോദിക്കുന്നതിനു സാധിക്കാത്തതുമായ ഒരു ജെയിലും അവിടെ ജയിൽവാസികളുമുണ്ടു്. മരണംമൂലം എന്നന്നേക്കുമായി യാത്രപറയുന്ന മാതാപിതാക്കന്മാരുടേയും ബന്ധുമിത്രാദികളുടേയും അജ്ഞാതവാസം നയിച്ച പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടിയ കന്യാസ്ത്രീകളുടേയും മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ ജോലിചെയ്യുകയും അവിടുത്തെ തിരുശ്ശരീരവും തിരുരക്തവും ദൈനംദിനം ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്ത വൈദികരുടേയും ആത്മാവുകൾ വസിക്കുന്ന ഒരു ജയിലുണ്ടു്, അതത്രെ ശുദ്ധീകരസ്ഥലം. അവിടെ വസിക്കുന്നവരോടു നാം എന്തുകൊണ്ടാണു സ്നേഹരഹിതമായി പെരുമാറുന്നതു്. ബന്ധുമിത്രാദികൾ രോഗികളാകുമ്പോൾ അവരെ നാം സഹായിക്കുന്നുവെങ്കിൽ എന്തുകൊണ്ടാണു് ശുദ്ധീകരാത്മാക്കളെപ്പററി ഒന്നു ചിന്തിക്കുകപോലും നാം ചെയ്യാത്തതു്.

നമ്മിലാരും ഏകാന്തതയും, വിരഹതാപത്തിനു വിധേയരാകാതിരിക്കുന്നില്ല. അനേകശതാബ്ദങ്ങൾക്കുമുമ്പു് പരിശുദ്ധ കന്യകാമറിയം കുരിശിൻചുവട്ടിൽ കരഞ്ഞപ്പോഴും ഏകാന്തത ലോകത്തിലുണ്ടായിരുന്നു. ഇന്നു അതു പരന്നു ഏതുസമയത്തും എവിടേയും ആരേയും ഉപദ്രവിക്കുന്നു. വയോവൃദ്ധയായ തന്റെ പ്രാണപ്രേയസിയുടെ ശവകുടീരത്തിന്റെ സമീപെ നിൽക്കുന്ന വൃദ്ധൻമുതൽ യുദ്ധക്കളത്തിലേക്കു പോകുന്ന മകനോടു യാത്രചൊല്ലുന്ന വൃദ്ധമാതാവുവരെയുള്ളവരെ ഏകാന്തത, വിരഹതാപം, ഉപദ്രവിക്കുന്നു. എന്നാൽ ശുദ്ധീകരസ്ഥലത്തിലെ ഏകാന്തതയോടു്, വിരഹതാപത്തോടു്, താരതമ്യപ്പെടുത്തിനോക്കുമ്പോൾ മേല്പറഞ്ഞവയെല്ലാം നിസ്സാരങ്ങളാണു്. ലോകജീവിതത്തിൽ അനാവശ്യമായി ഏതോ ചിലതിനെ അന്വേഷിച്ചു തത്രപ്പെട്ടിരുന്ന ആത്മാവു്, ശുദ്ധീകരസ്ഥലത്തിൽ വേദനയനുഭവിക്കുന്ന ആത്മാവു് ഇപ്പോൾ മനസ്സിലാക്കുന്നു താൻ യഥാർത്ഥമായി അന്വേഷിക്കേണ്ടിയിരുന്നതു ദൈവത്തെയായിരുന്നുവെന്നു്. അവിടുത്തേക്കുവേണ്ടിയല്ലയോ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. വയലിലെ മനോഹരപുഷ്പങ്ങളും മഞ്ഞണിഞ്ഞ താഴ്വരകളും പ്രാണപ്രേയസിയും മക്കളും എല്ലാം ദൈവത്തിന്റെ നിസ്സാരപ്രതിബിംബനങ്ങളായിരുന്നുവെന്നു ഇപ്പോൾ ഈ മനുഷ്യാ-

---

### സ്നേഹസ്മാരകം
### പ്രഥമ ചരമവാർഷികം



ബേബി ജോൺ ഓന്തിരിക്കൽ
പള്ളിപ്പുറം
ജനനം 3-2-1928
മരണം 6-11-1956

ദയാപരനായ ഈശോയെ, ഈ ആളുടെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ

R. I. P.

---

ത്മാവു മനസ്സിലാക്കുന്നു. ഇപ്പോൾ ഈ ആത്മാവിനു വേണമെന്നുള്ളതു ദൈവംമാത്രം. എന്നാൽ ദൈവം അതിനു അപ്രാപ്യനുമാണു്. ഇപ്പോഴാണു് യഥാർത്ഥസ്നേഹമെന്തെന്നും എവിടെയെന്നും ഈ ആത്മാവിനു മനസ്സിലാകുന്നതു്. ക്ലേശത്തിന്റെയോ ആശങ്കയുടേയോ കണികപോലും സ്പർശിക്കാത്ത സ്നേഹം, അനന്തമായ സ്നേഹം, തനിക്കു തന്റെ മാതാപിതാക്കന്മാരോടും ഭാര്യയോടും മക്കളോടും അവർക്കെല്ലാം തന്നോടും ഉണ്ടായിരുന്നതിനേക്കാൾ വലുതായ സ്നേഹം ദൈവത്തിന്റെ തൃപ്പാദത്തിങ്കലേക്കു ഓടുക, കുതിച്ചു ചാടുക എന്നതാണു് ഈ ആത്മാവിന്റെ ഇപ്പോഴത്തെ ആഗ്രഹം. എന്നാൽ അതിനു അതു തനിച്ചു സാദ്ധ്യമല്ല. അതു അവിടെ താമസിച്ചു സഹിക്കണം. എന്നാൽ മാത്രമെ ഈ ഓട്ടം സാദ്ധ്യമാകയുള്ളൂ.

ശുദ്ധീകരാത്മാക്കളെ സഹായിക്കുന്നതിനു നാം ദൈനംദിനം ചരിക്കുന്ന പാതയിൽനിന്നും വഴിമാറി നടക്കേണ്ട ആവശ്യമില്ല. "എന്റെ ഈശോ, കരുണയുണ്ടാകേണമെ" എന്ന പ്രാർത്ഥന മതി, അവരെ വിമോചിക്കുവാൻ. ദിവ്യകാരുണ്യസ്വീകരണ സമയം ഈശോ നമ്മുടെ പക്കൽ എഴുന്നള്ളി ചോദിക്കുന്നു: "മകനെ, മകളെ, നീനക്കെന്തുവേണം" എന്നു്. അപ്പോൾ പറയുക "ശുദ്ധീകരാത്മാക്കളെ രക്ഷിക്കണമെ" എന്നു് ദൈവം തിരുമനസ്സാകുന്നുവെങ്കിൽ ഒരു ദിവ്യബലി മതി എല്ലാ ശുദ്ധീകരാത്മാക്കളേയും രക്ഷപ്പെടുത്തുവാൻ. ഈ ദിവസങ്ങളിൽ നാം ജപമാല ചൊല്ലുമ്പോൾ ആറാമതൊരുരഹസ്യംകൂടി ചൊല്ലി ശുദ്ധീകരാത്മാക്കൾക്കു കാഴ്ചവയ്ക്കുവാൻ പാടില്ലേ?

നാം അവരെ മറക്കുന്നതിനു കാരണമുണ്ടു്. അവരുടെ പീഡകൾ ഒരു പ്രത്യേക തരത്തിലുള്ളതാണു്. ഭൂമിയിൽ ജീവിക്കുന്ന നമ്മുടെ മിത്രങ്ങളുടെ വിഷമസ്ഥിതി നാം നമ്മുടെ നഗ്നമായ കണ്ണുകൾകൊണ്ടു കാണുന്നു. അതുമൂലം നാം ആർദ്രചിത്തരാകുന്നു. എന്നാൽ ശുദ്ധീകരാത്മാക്കളെകാണുന്നതിനോ അവരുടെ ശബ്ദം കേൾക്കുന്നതിനോ നമുക്കു സാദ്ധ്യമല്ല. അവർ നിശ്ശബ്ദതയിൽ സഹിക്കുന്നു. ഒരു പക്ഷേ അവരുടെ ദീനരോദനം ശുദ്ധീകരസ്ഥലത്തിൽനിന്നും രക്ഷപെട്ടു ഭൂമിയിലേക്കു വരികയാണെങ്കിലും അതു ഭൂമിയിലെ റേഡിയോ ഗാനത്തിലും നാടകവേദിയിലെ അഭിനയങ്ങളിലും മദ്യഷാപ്പിലെ കോലാഹലങ്ങളിലും ലയിച്ചുപോകുന്നു. അതുകൊണ്ടു നാം മറക്കാമോ? പാടില്ല. നാഴികമണി അടിക്കുമ്പോഴും നടവാതുക്കൽ വച്ചിരിക്കുന്ന എലക്ട്രിക്കു ബെൽ അടിക്കുമ്പോഴും "എന്റെ ഈശോ അവരുടെമേൽ കൃപയുണ്ടാകേണമെ"എന്നു ചൊല്ലാം. നാം അവർക്കുവേണ്ടി ചെയ്യുന്ന ഏതിനും നമുക്കു പ്രതിഫലം ഒരിക്കൽ ലഭിക്കും. ഒരു ദിവസം നാം ശുദ്ധീകരസ്ഥലത്തിൽ എത്തിച്ചേരുമ്പോൾ പറയും "അയ്യോ, ഞാൻ എങ്ങനെ ഇവിടെ വന്നു" എന്നു്. നാം അർഹിക്കുന്ന ശിക്ഷ അനുഭവിച്ചുകൊണ്ടു അവിടെ കുറെ നാൾ കഴിയുമ്പോൾ ഒരു ദിവസം ആ അനന്തസ്നേഹസ്വരൂപിയുടെ തൃക്കരങ്ങളിൽ നാം പറന്നെത്തും. അപ്പോൾ അവിടെ മന്ദസ്മിതം തൂകുന്ന അനേകം മുഖകമലങ്ങൾ നമ്മെ ഉററു സൂക്ഷിച്ചുനോക്കുന്നതായി കാണാം. അവർമൂലമാണു ശുദ്ധീകരസ്ഥലത്തിലെ നമ്മുടെ ദിവസങ്ങൾ ചുരുങ്ങിയതെന്നു അപ്പോൾ മനസ്സിലാകും; ഒരിക്കൽ നാം അവർക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു സമ്പാദിച്ചുകൊടുത്ത സ്വാതന്ത്ര്യം, മോക്ഷപ്രാപ്തി, അവർ ഇപ്പോൾ നമുക്കു സമ്പാദിച്ചു തന്നിരിക്കുന്നുവെന്നു്.

---

# വിവിധവൃത്താന്തങ്ങൾ

## ബ്രിട്ടീഷ് വനിതകളുടെ സമ്മാനം മാർപ്പാപ്പായ്ക്കു്

റോമിൽവച്ചു നടന്ന കത്തോലിക്കാവനിതാസംഘടനകളുടെ സാർവ്വലൗകികസമ്മേളനത്തിൽ സംബന്ധിച്ച ബ്രിട്ടനിലെ പ്രതിനിധികൾ കാസ്റ്റൽഗണ്ടോൾഫോയിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയും തിരുമേനിക്കു് ബ്ലസ്സഡ് മാർഗ്ഗരററ് ക്ലിത്തെറോവിന്റെ 3 അടി പൊക്കമുള്ള ഒരു പ്രതിമ സമർപ്പിക്കുകയും ചെയ്തു. മതമർദ്ദനകാലത്തു് വൈദികർക്കു അഭയംനൽകിയെന്ന കുററമാരോപിച്ചു് ഞെക്കിക്കൊന്ന യോർക്കിലെ ഒരു മാതാവാണു് വാഴ്ത്തപ്പെട്ട മാർഗരററു്. കാത്തലിക്കു് വിമൺസ് ലീഗ്, യൂണിയൻ ഓഫ് കാത്തലിക് മദേഴ്സ് എന്നീ സംഘടനകളിൽപ്പെട്ടവരായിരുന്നു പ്രതിനിധികൾ. കാത്തലിക്കു് വിമൺസ്ലീഗിന്റെ മദ്ധ്യസ്ഥയാണു് വാഴ്ത്തപ്പെട്ട മാർഗരററു്. പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ സന്തോഷവും കൃതജ്ഞതയും പ്രകടമാക്കി ഇംഗ്ലീഷിൽ ഒരു പ്രസംഗംചെയ്തു.

## പുതിയ വത്തിക്കാൻ റേഡിയോസ്റ്റേഷൻ


റോമിൽനിന്നു 10 മൈൽ വടക്കുമാറി സാന്താ മരിയ ഡി ഗലേറിയാ എന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന പുതിയ വത്തിക്കാൻ റേഡിയോസ്റ്റേഷൻ പരിശുദ്ധ പിതാവു് ഒക്ടോബർ 27-ാംതിയതി ആശീർവ്വദിക്കുകയും ലത്തീനിൽ ഒരു സന്ദേശം പ്രക്ഷേപണം ചെയ്യുകയും ചെയ്തു. ഇററാലിയൻ ഗവർമ്മേണ്ടുമായുള്ള ഒരു പ്രത്യേക ഉടമ്പടിമൂലം പ്രസ്തുത സ്ഥലത്തിനു "എക്സ്ട്ര ടെറിറേററാറിയൽ" അവകാശങ്ങൾ അംഗീകരിച്ചിട്ടുണ്ടു്. 1955-ലാണു് ഈ സ്റ്റേഷന്റെ നിർമ്മാണജോലികൾ ആരംഭിച്ചതു്. 100 കിലോവാട്ടിന്റെ ഒരു ഷോർട്ട്‌വേവ് ട്രാൻസ്മിററും, 100 കിലോവാട്ടിന്റെ മിഡിയം വേവ്ട്രാൻസ്മിററും 10 കിലോവാട്ടിന്റെ രണ്ടു് ഷോർട്ടു് വേവ് ട്രാൻസ്മിററുകളും ഈ സ്റ്റേഷനിലുണ്ടു്. വത്തിക്കാനിൽ പ്രവർത്തിക്കുന്ന പ്രക്ഷേപണയന്ത്രം 1931-ലാണു് സ്ഥാപിച്ചതു്. ഷോർട്ടുവേവ് പരിപാടികൾ 21 ഏരിയൽകളിൽ പ്രക്ഷേപിക്കപ്പെടും. മിഡിയംവേവ് (196.2 മീറേറഴ്സ്) ബ്രോഡ്കാസ്റ്റിനു 321 അടി ഉയരമുള്ള വേറൊരു ഏറിയലുമുണ്ടു്.

## പോളിഷ്‌കേണൽ വൈദികനായി

പോളിഷ് സൈന്യത്തിലെ ലഫ്ടനൻറു് കേണൽ ലെയോ കോർവിൻ ഈയിടെ ഇംഗ്ലണ്ടിൽ സതംപ്ടനിലുള്ള സെൻറു് ബോനിഫെസ്ദേവാലയത്തിൽ വച്ചു് ഫോർട്ട്സ്മത്തു് മെത്രാപ്പോലിത്താ കിംഗ് തിരുമനസ്സിൽനിന്നും വൈദികപട്ടം സ്വീകരിച്ചിരിക്കുന്നു. അദ്ദേഹത്തിനു 39 വയസ്സു പ്രായമുണ്ടു്. 30 കൊല്ലം പോളിഷ്‌സൈന്യത്തിൽ സേവനം നടത്തിയിട്ടുണ്ടു്. ഇംഗ്ലണ്ടിൽ വന്നതിനുശേഷം അദ്ദേഹം ഫിയർഫോർഡിലുള്ള മരിയൻ ഫാദേഴ്സിനോടുകൂടിയാണു് താമസിച്ചുകൊണ്ടിരുന്നതു്. കുറച്ചുനാൾമുമ്പു് അദ്ദേഹം ഫ്റാൻസിലേക്കു തിരിച്ചുപോയി. ദൈവശാസ്ത്രം പഠിച്ചു് "മാസ്റ്റർ ഓഫ് തിയോളജി" എന്ന ബിരുദം സമ്പാദിച്ചു. അവിടെനിന്നു ഈയിടെയാണു മടങ്ങിവന്നതു്. കഴിഞ്ഞ യുദ്ധകാലത്തു രണ്ടുപ്രാവശ്യം അദ്ദേഹം ശത്രുകരങ്ങളിൽ കുടുങ്ങിയെങ്കിലും രക്ഷപെട്ടു. പക്ഷെ മൂന്നാംപ്രാവശ്യവും അവർ പിടികൂടി. ജർമ്മൻപട്ടാളക്കാർ ഒരുപ്രാവശ്യം അദ്ദേഹത്തെ വെടിവെച്ചു കൊല്ലുന്നതിനു വനത്തിലേക്കു കൊണ്ടുപോയി. എന്നാൽ അദ്ദേഹത്തിനു ആറു ഭാഷകൾ സംസാരിക്കാൻ വശമുണ്ടെന്നറിഞ്ഞപ്പോൾ അവർ മരണശിക്ഷ ഒഴിവാക്കി ജീവിക്കാൻ അനുവദിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യസ്വീകരണകർമ്മത്തിൽ അനേകം പോളണ്ടുകാർ സന്നിഹിതരായിരുന്നു.

## ഫാത്തിമായിൽനിന്നു റോമിലേക്കു രാജപാത

ഫാത്തിമായേയും റോമയേയും സംഘടിപ്പിക്കുന്ന ഒരു രാജപാത "മരിയൻവീഥി" എന്ന പേരിൽ പണിതീർക്കുന്നതിനുദ്ദേശിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ഫ്റാൻസിൽ ആച്ചു് എന്ന സ്ഥലത്തു കൂടിയ പിരണിസ് ടൂറിസ്റ്റു് അസോസിയേഷന്റെ ഒരു മീററിംഗിലാണു് ഈ വിവരം പ്രസ്താവിക്കപ്പെട്ടതു്. മാർഗ്ഗമദ്ധ്യേയുള്ള രണ്ടു പ്രസിദ്ധ തീർത്ഥസ്ഥലങ്ങളാണു് ഫ്റാൻസിലെ ലൂർദ്ദും, സ്പെയിനിലെ കമ്പസ്റ്റെലായും.



പൂനമല്ലി സേക്രഡ്ഹാർട്ടു് സെമ്മിനാരിയിൽ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന മനോഹരമായ ചാപ്പൽ



തിരുപ്പത്തൂർ സാവിയോ അനാഥമന്ദിരത്തിലെ കുട്ടികളെ ബ്രദർ ജോൺ മൈലാടി എസ്. ഡി. ബി., കൈത്തൊഴിൽ അഭ്യസിപ്പിക്കുന്നു

# സത്യദീപം

പത്രാധിപന്മാർ

ഡവറി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 NOVEBER 6 || No. 13


# ലോകസമാധാനഭീഷണിയെ നേരിടാൻ അൽമായർ അണിനിരക്കണം

ആധുനികലോകത്തിൽ സമാധാനത്തേയും സുസ്ഥിതിയേയും ഭീഷണിപ്പെടുത്തുന്ന കാരണങ്ങളോടെതിരിടുന്നതിനും അഭൂതപൂർവ്വകമായ പ്രശ്നങ്ങൾക്കു പരിഹാരംകാണുന്നതിനും ഒരു സമരവ്യൂഹമായി അണിനിരക്കുന്നതിനുള്ള ആഹ്വാനമാണ് റോമിൽ നടന്ന അൽമായപ്രേഷിതകോൺഗ്രസ് സ്വീകരിച്ച പ്രമേയങ്ങളിൽ ലോകജനതയ്ക്കു നൽകപ്പെട്ടിരിക്കുന്നത്. 92 രാജ്യങ്ങളെ പ്രതിനിധികരിച്ച 2,500 അൽമായപ്രേഷിതർ ഏകയോഗമായി പ്രഖ്യാപിച്ചു. പരമപ്രധാനമായ ഈ ലക്ഷ്യം നേടുന്നതിന് പ്രാർത്ഥനയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികജീവിതത്തിന്റെ മാറ്റു വർദ്ധിപ്പിക്കുകയാണ് മാർഗ്ഗമെന്നു്.

"പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ, കത്തോലിക്കാസഭയുടെ അംഗങ്ങളെന്ന നിലയിൽ നമ്മെ അഭിമുഖീകരിക്കുന്ന അതിപ്രധാനമായ കർത്തവ്യങ്ങൾ നിറവേറേണ്ടതു് എത്രമാത്രം ഗൗരവമായ ഒരു കാര്യമാണെന്നു ഈ കോൺഗ്രസിനിടയിൽ നടത്തപ്പെട്ട ചർച്ചകളിൽനിന്നു ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു" എന്നാണ് കോൺഗ്രസിന്റെ പ്രസ്താവനയിൽപ്രഖ്യാപിച്ചിരിക്കുന്നതു്.

"1. ജനസംഖ്യയിൽ പൊടുന്നനവെ ഉണ്ടായിട്ടുള്ള വർദ്ധനവു് അപ്രതിക്ഷിതമായവിധം ധാർമ്മികവും സാമ്പത്തികവുമായ പ്രശ്നങ്ങളെ ഉളവാക്കിയിരിക്കുന്നു.

"2. വ്യവസായരംഗത്തു വന്നുചേർന്നിട്ടുള്ള സാങ്കേതികമായ പുരോഗതിയും ഊർജ്ജതന്ത്രപരമായ അണുകഗവേഷണങ്ങളും മാനവസംസ്കാരത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ചിരിക്കുന്നു. ലോകപരിവർത്തനങ്ങൾ ഇതഃപര്യന്തം സ്പർശിച്ചിട്ടില്ലാതിരുന്ന ജനതകളെപ്പോലും അതു സാരമായി സ്പർശിച്ചിരിക്കുന്നു. സാങ്കേതികാഭിവൃദ്ധിമൂലം രാജ്യാന്തരപര്യടനങ്ങൾ ദ്രുതഗതിയിലായിരിക്കുന്നു. രാഷ്ട്രീയമായ ഏകീകരണപദ്ധതികൾക്കു പ്രോത്സാഹനം ലഭിക്കുന്നു. ജീവിതനിലവാരം ഉയർന്നിരിക്കുന്നു. എന്നാൽ അതോടൊപ്പംതന്നെ അതു ആരോഗ്യത്തേയും, സാമൂഹികക്രമത്തേയും, ലോകസമാധാനത്തേയും ക്രൂക്ഷമാംവിധം ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുണ്ടു്.

"3. ഏവംവിധം പുതിയ രാഷ്ട്രങ്ങൾ ലോകകാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഇക്കാരണത്തിൽ, സാർവ്വത്രികമായ നീതിയും സ്വാതന്ത്ര്യവും വ്യക്തികൾക്കും ജനതകൾക്കും അനുഭവവേദ്യമാകുമെന്നാണ് പരിപൂർണ്ണമായ അവരുടെ പ്രതീക്ഷ.

"4. അവസാനമായി, താൽക്കാലികമായ പരാജയങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും സുസംഘടിതമായ ഒരു അലോകജനസമൂഹം രൂപപ്പെട്ടുവരികയാണ്." പ്രമുഖങ്ങളായ ഇന്നത്തെ ലോകപ്രശ്നങ്ങളാണിവ. ഇവയെ അടിസ്ഥാനമാക്കിയുള്ള നിശ്ചയങ്ങളാണ് കോൺഗ്രസ് ക്രോഡീകരിച്ചിട്ടുള്ളതു്.

"ഈ പ്രതിസന്ധിഘട്ടത്തിൽ ലോകജനതയിൽ മൂന്നിൽ രണ്ടു ഭാഗവും ദുസ്സഹമായ ദാരിദ്ര്യമനുഭവിക്കുന്നു. സാമ്പത്തികമായ സുഭിക്ഷതയിലും ദാരിദ്ര്യത്തിലും വർത്തിക്കുന്ന രാജ്യങ്ങളിലെ ജീവിതനിലവാരങ്ങൾ തമ്മിലുള്ള വൈപരീത്യങ്ങൾ വർദ്ധിച്ചുവരികയും ചെയ്യുന്നു. ജനങ്ങളുടെ കഷ്ടത സാമ്പത്തികരംഗത്തു മാത്രമല്ല ഒതുങ്ങിനില്ക്കുന്നതു്; ജനങ്ങളെ അങ്ങുമിങ്ങും മാറ്റിമറിക്കുന്നതും പല പരിഷ്കരണപദ്ധതികൾ ആവിഷ്കരിക്കുന്നതുംമൂലം പലപ്പോഴും വിശ്വാസഭംഗത്തിനും വഴിതെളിക്കപ്പെടുകയാണ്. ലക്ഷോപലക്ഷം ജനങ്ങൾക്കു അവരുടെ മൗലികാവകാശങ്ങൾ അനുഭവിക്കുന്നതിനുപോലും അനുവദിക്കപ്പെടുന്നില്ല. അവരുടെ മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച്, പ്രത്യേകിച്ചും കമ്മ്യൂണിസവും വർഗ്ഗവിവേചനയും പലപല പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയാണ്. പല രാജ്യങ്ങളിലും നിരീശ്വരപരമായ മററീരിയലിസം ശക്തിപ്രാപിച്ചിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും നിരീശ്വരത്വത്തിന്റെ ബാഹ്യപ്രകടനങ്ങൾ അനുദിനപരിപാടികളിൽ കൂടുതൽ കൂടുതലായി പ്രത്യക്ഷപ്പെടുന്നു.

"ഇങ്ങനെയെല്ലാമാണെങ്കിലും, ആധുനിക മനുഷ്യൻ ദൈവവിശ്വാസത്തിൽ ക്ഷയോന്മുഖനായി പുരോഗമിക്കുന്നതോടൊപ്പം, അവനിൽ അവന്റെ വ്യക്തിത്വം മാനിക്കപ്പെടുന്നതിനും, തമ്മിൽ തമ്മിൽ ഐക്യപ്പെടുന്നതിനുമുള്ള വലിയൊരു വ്യഗ്രത ദൃശ്യമാവുകയും അവനിൽ നിലകൊള്ളുന്നതായ ആദ്ധ്യാത്മിക ശൂന്യതയെക്കുറിച്ചുള്ള ദാരുണാനുഭവങ്ങൾ കൂടുതൽ കൂടുതൽ ബോദ്ധ്യമാവുന്നതായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നുണ്ടു്. അഭിനവങ്ങളായ ഈ വസ്തുതകളെല്ലാം പ്രേഷിതത്വപരമായ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയാണ്. ലോകചരിത്രത്തിലും തിരുസഭയുടെ ചരിത്രത്തിലും വിധിനിർണ്ണായകമായിതീർന്നിരിക്കുന്ന പ്രതിസന്ധിഘട്ടത്തിൽ കത്തോലിക്കരായ നമുക്കു അലസമായോ നിഷ്പക്ഷമായോ വർത്തിക്കുവാൻ നിവൃത്തിയില്ല. ജീവിതം ഒരു ക്രിസ്തീയ ജീവിതമെന്നു പറയണമെങ്കിൽതന്നെ അതു പരിപൂർണ്ണമായും അപ്പസ്തോലികമായിരിക്കണ്ടതനിവാര്യമായ ഒരു കാലഘട്ടത്തിൽ ജീവിക്കുവാനുള്ള മഹാഭാഗ്യമാണ് നമുക്കു കൈവന്നിരിക്കുന്നതു്. പരിശുദ്ധ മാർപ്പാപ്പാ അനുസ്മരിപ്പിച്ചിട്ടുള്ളതുപോലെ, "ലോകത്തെ ദൈവത്തിനു പ്രതിഷ്ഠിക്കുക എന്നുള്ളതു്, യഥാർത്ഥത്തിൽ അൽമായരുടെ—സാമ്പത്തികവും സാമൂഹികവുമായ രംഗങ്ങളിൽ ഗാഢമായി ഇടപെടുന്ന ജനവിഭാഗത്തിന്റെ—കൃത്യമാണ്." അൽമായവിഭാഗം തിരുസഭയുടെ അംഗങ്ങൾ എന്ന നിലയിലും, "മുന്നേറുന്ന ദൈവത്തിന്റെ ജന"മെന്ന

നിലയിലും, ക്രിസ്തുവിന്റെ രക്ഷണങ്ങൾ ക്ഷണിച്ചുകൊള്ളുകയാ

ണിയജോലി ലോകത്തിൽ തുടർന്നു നടത്തുകയെന്ന തിരുസഭയുടെ ദൗത്യനിർവഹണത്തിൽ വൈദികമണ്ഡലത്തോടു് സഹകരിക്കേണ്ടതു് ഇന്നു മുൻകാലങ്ങളെ അപേക്ഷിച്ചു കൂടുതൽ ആവശ്യമായിരിക്കുന്നു.

"ജീവിതത്തിന്റെ ഓരോ മണ്ഡലങ്ങളിലും അൽമായജനത്തിനു് അനിവാര്യമായ ഒരു രംഗം അഭിനയിക്കേണ്ടതുണ്ടു്" എന്നാണ് ഈ പ്രാഥമികകർത്തവ്യം ചൂണ്ടിക്കാണിക്കുന്നതു്. പൂർണ്ണമായും ലോകരംഗങ്ങളിൽ ജീവിക്കുന്ന ഒരു ക്രിസ്തീയഅൽമായനു സൃഷ്ടവസ്തുക്കളോടനുബന്ധപ്പെട്ട ഭൗതികമൂല്യങ്ങളെ സമ്പാദിക്കേണ്ട കർത്തവ്യമുണ്ടു്. ഇപ്രകാരം എല്ലാ മനുഷ്യർക്കും പൊതുവായ ലക്ഷ്യങ്ങളെ പ്രാപിക്കുന്നതോടൊപ്പം, ജീവിതത്തിന്റെ എല്ലാ തുറകളിലും ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ പ്രായോഗികമാക്കുന്നതിൽ പങ്കുവഹിക്കുകകൂടി ചെയ്യേണ്ടിയിരിക്കുന്നു. ഈ കർത്തവ്യത്തെപ്പററിയുള്ള ബോദ്ധ്യതയോടെ, അൽമായപ്രേഷിതത്വത്തിന്റെ രണ്ടാമത്തെ ഈ സാർവ്വലൗകികകോൺഗ്രസ്സ് എല്ലാ കത്തോലിക്കരേയും തീക്ഷ്ണതാപൂർവ്വം ആഹ്വാനംചെയ്യുകയുമാണ്:- അടുത്തുവരുന്ന വർഷങ്ങളിൽ, "ഗൗരവപൂർവ്വകമായ സംസ്കരണത്തിനുള്ള ശ്രമ"മെന്നു പരിശുദ്ധപിതാവു് വിവക്ഷിച്ചിരിക്കുന്ന ഈ സംഗതിയിലേക്കു എല്ലാവരുടേയും സവിശേഷമായ ശ്രദ്ധപതിയണമെന്നു്."

നാലു കാര്യങ്ങളാണ് ഉദ്ധൃതമായ സംസ്കരണത്തിനുള്ള മാർഗ്ഗങ്ങളായി പ്രസ്താവന എടുത്തു കാണിച്ചിട്ടുള്ളതു്:- 1, ആദ്ധ്യാത്മികജീവിതത്തെ ശക്തിപ്പെടുത്തുക; 2. വിശ്വാസവിഷയത്തെപ്പററിയുള്ള അവഗാഹമായ ജ്ഞാനം സമ്പാദിക്കുക; 3. ലോകത്തേയും അതിന്റെ ആവശ്യങ്ങളേയുംകുറിച്ചുള്ള അറിവു വർദ്ധിപ്പിക്കുക; 4. കൂടുതൽ കൂടുതൽ ഐക്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ലോകസൃഷ്ടിക്കുതകുന്ന അന്താരാഷ്ട്രീയമായ ഒരു ചിന്താഗതി ഉണ്ടായിരിക്കുക. ഇപ്രകാരം ആധുനികലോകത്തിന്റെ അടിയന്തിരമായ ആവശ്യങ്ങളെ അപഗ്രഥിക്കുകയും അവയുടെ പരിഹാരത്തിനുള്ള സുഗമമാർഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തശേഷം ഉജ്ജ്വലത്തായ ഒരു പ്രഖ്യാപനത്തോടുകൂടിയാണ് പ്രസ്താവന സമാപിപ്പിച്ചിരിക്കുന്നതു്:- "തിരുസഭയുടെ അംഗമായിരിക്കുന്നതു് ലോകകാര്യങ്ങളെ കൈകാര്യം ചെയ്യുന്നതിനു യാതൊരു തരത്തിലും ഒരുവനെ അപ്രാപ്തനാക്കുകയല്ല, പ്രത്യുത എല്ലാ കർത്തവ്യങ്ങളേയും പരിപൂർണ്ണമായി നിർവ്വഹിക്കുന്നതിനു പ്രേരണനൽകുകയാണ് ചെയ്യുന്നതെന്നുള്ള ബോദ്ധ്യത്തോടെ, ലോകം മുഴുവനിലുമുള്ള സന്മനസ്സുള്ള ജനവിഭാഗം പൊതുനന്മയ്ക്കുവേണ്ടി ചെയ്യുന്ന സൃഷ്ടിപരമായ എല്ലാ പരിശ്രമങ്ങളിലും ഞങ്ങൾ ഞങ്ങളുടെ പരിപൂർണ്ണമായ സഹകരണസന്നദ്ധത ഇവിടെ പ്രഖ്യാപനം ചെയ്യുന്നു. ഏതാദൃശപരിശ്രമങ്ങൾ സാമ്പത്തികമോ, സാമൂഹികമോ, രാഷ്ട്രീയമോ, സാംസ്കാരികമോ ആയ ഏതു തുറകളിലായിരുന്നാലും, അതിനായി പ്രത്യേകം സംഘടിപ്പിക്കപ്പെടുന്ന ഒരു പ്രസ്ഥാനംവഴിയോ നിലവിലുള്ള ദേശീയമോ അന്തർദേശീയമോ ആയ ഏതെങ്കിലും സംഘടനകൾവഴിയോ ആയിരുന്നാലും വേണ്ടതില്ല. സേവനത്തിന്റെ യഥാർത്ഥചൈതന്യത്തിൽ ആത്മാർത്ഥമായി അവയിൽ പങ്കെടുക്കുന്നതിനു ലോകം മുഴുവനിലുമുള്ള കത്തോലിക്കരെ

ണ്. പ്രത്യേകിച്ചും, ഏതെങ്കിലും വ്യക്തികളുടേയോ സമൂഹങ്ങളുടേയോ സംഘടനകൾക്കുവേണ്ടി മാത്രമല്ല, എല്ലാ ജനങ്ങളുടേയും ജനവിഭാഗങ്ങളുടേയും സാമൂഹികവും സാമ്പത്തികവുമായ നീതിനിർവ്വഹണത്തിനുവേണ്ടിയും ഏതാദൃശമായ ഒരു ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുന്നതാണെന്നു ഞങ്ങൾ വാഗ്ദാനംചെയ്യുന്നു. കത്തോലിക്കാതിരുസഭയുടെ സാമൂഹികപാഠനങ്ങൾക്കനുസരിച്ച്, ഈ പ്രശ്നത്തെ സംബന്ധിക്കുന്ന പൊതുജനാഭിപ്രായത്തെ സൃഷ്ടിക്കുന്നതിൽ ഞങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുന്നതാണെന്നു മനസ്സാക്ഷിപ്രകാരം ഞങ്ങൾ ഭരമേൽക്കുകയും ചെയ്തുകൊള്ളുന്നു. ഇന്നത്തെ പ്രതിസന്ധിഘട്ടം സർവ്വോപരി ആദ്ധ്യാത്മികമായ ഒന്നാണെന്നു ഞങ്ങൾക്കു പൂർണ്ണമായ ബോദ്ധ്യമുണ്ടു്. എക്കാലത്തുമെന്നപോലെ ഇന്നും ജനത ദൈവവിശ്വാസത്തിനുവേണ്ടി ദാഹിക്കുകയാണ്. അതിനു നാം നൽകേണ്ട പ്രതിവിധി നമ്മുടേതല്ല, പ്രത്യുത തിരുസഭവഴി നൽകപ്പെടുന്ന ക്രിസ്തുവിന്റെ പ്രതിവിധിയാണ്."

കോൺഗ്രസിന്റെ സുചിന്തിതമായ ഈ പ്രസ്താവന ഓരോ കത്തോലിക്കനും ആത്മാർത്ഥമായും അവഗാഢമായും പഠിക്കുകയും അതിൽ ഉദ്ദേശം ചെയ്തിട്ടുള്ള ആദർശങ്ങളും പ്രവർത്തനപദ്ധതികളും ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനു നിസ്വാർത്ഥമനോഭാവത്തോടുകൂടി പരിശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ആധുനികലോകത്തിന്റെ ഗൗരവതരങ്ങളായ പ്രശ്നങ്ങൾക്കെതിരെ കണ്ണടച്ചുജീവിക്കാമെന്നു വച്ചുന്നതു മൗഢ്യമായിരിക്കും. ഏതൊരു മനുഷ്യവ്യക്തിക്കും അതു ഭൂഷണമായിരിക്കുകയില്ലല്ലോ. എന്നാൽ കത്തോലിക്കരെ സംബന്ധിച്ച് അവഗണിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത ഒരു കർത്തവ്യംകൂടിയുണ്ടു്, അവന്റെ ജീവിതലക്ഷ്യമായ ക്രൈസ്തവപ്രേഷിതത്വം. രക്ഷാകരമായ ക്രിസ്തുവിന്റെ ആദർശദീപത്തെ ഇന്നത്തെ ദുർഭഗലോകത്തിന്റെ എല്ലാ തുറകളിലും ഉയർത്തിപ്പിടിക്കുന്നതിനുള്ള സന്നദ്ധതയില്ലാത്ത ക്രിസ്ത്യാനി അവന്റെ ക്രിസ്തീയത്വത്തെ അപമാനിക്കുകയാണു ചെയ്യുന്നതു്. അൽമായപ്രേഷിതത്വം അതിനുള്ള പ്രതിവിധിയാണ്. ഒരു കത്തോലിക്കനിൽ ക്രിസ്തുവിന്റെ ചൈതന്യത്തെ ഉത്തേജിപ്പിച്ച് അവനെ ലോകദീപമാക്കി രൂപപ്പെടുത്തുകയും, ക്രിസ്തീയസേവനത്തിന്റെ മാർഗ്ഗത്തിൽ ലോകോപകാരാർത്ഥം പ്രവർത്തിക്കുന്നതിനു അവനെ പരിശീലിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണ് അതു പ്രദാനംചെയ്യുന്നതു്. അൽമായപ്രേഷിതപ്രതിനിധികളുടെ ഈ ആഹ്വാനം ഓരോരുത്തരും സ്വീകരിച്ചു പ്രവർത്തിക്കുവാൻ തയാറാകട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### യുവാക്കന്മാരോടു് മി. പാന്തിന്റെ അഭ്യർത്ഥന

ഈയിടെ ലക്നോവിൽവച്ചു നടന്ന രണ്ടാം അഖിലേന്ത്യാ യൂത്തു കോൺഗ്രസ് കൺവൻഷന്റെ ഒരു സംപൂർണ്ണസമ്മേളനത്തിൽ കേന്ദ്രആഭ്യന്തരവകുപ്പുമന്ത്രി മി. പാന്തു ചെയ്ത ശ്രദ്ധേയമായ ഒരു പ്രസംഗത്തിൽ ഇന്ത്യൻ യുവലോകത്തിന്റെ സവിശേഷമായ ശ്രദ്ധ പതിയേണ്ട ചില സംഗതികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ലോകം ഇന്നു ഒരു വഴിക്കവലയിലാണെന്നും ഇന്ത്യയിലെ യുവാക്കൾ അജയ്യമായ ആത്മവിശ്വാസത്തോടും വ്യക്തിപ്രാഭവത്തോടുംകൂടി ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ മദ്ധ്യത്തിൽ അവരുടെ ധാർമ്മികമൂല്യങ്ങളും ആത്മീയചിന്തയും അഭംഗം പരിരക്ഷിക്കണമെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു അദ്ദേഹം പറഞ്ഞു: മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകമാണിതു്. ശാസ്ത്രീയമായ പുതിയ കണ്ടുപിടുത്തങ്ങളിൽനിന്നും സംഭവവികാസങ്ങളിൽനിന്നും മുഖംതിരിച്ചോടിപ്പോകാൻ നമുക്കു സാദ്ധ്യമല്ല. മനുഷ്യക്കു സഹിഷ്ണതയും സഹാനുഭൂതിയുമില്ലെങ്കിൽ ലോകം എന്നും നാശത്തിന്റെ വക്കത്തായിരിക്കും നിലകൊള്ളുക. സന്മാർഗ്ഗികമൂല്യങ്ങളില്ലാത്ത വിജ്ഞാനം പ്രയോജനശൂന്യമാണ്. സദാചാരത്തിനും ജീവിതത്തിന്റെ ധാർമ്മികമൂല്യങ്ങൾക്കും കൂടുതൽ പ്രാധാന്യം കല്പിക്കുകയാണ് ഇന്നാവശ്യമായിരിക്കുന്നതു്. ഇവ രണ്ടും പാലിക്കപ്പെട്ടില്ലെങ്കിൽ ലോകം യാതനകളനുഭവിക്കും; മനുഷ്യസമുദായം ചതഞ്ഞുപ്പെടും. സങ്കുചിതമായ മനസ്ഥിതിയും പ്രാദേശികമായ മനോഭാവവും കൈവെടിഞ്ഞു് ഒരു വിശാലവീക്ഷണം കൈക്കൊള്ളുകയും മനുഷ്യസമുദായത്തിന്റെ സേവനത്തിനുവേണ്ടി മനസ്സിന്റേയും ആത്മാവിന്റേയും ഗുണവിശേഷങ്ങൾ വളർത്തിക്കൊണ്ടുവരുകയും വേണം.

യുവഹൃദയങ്ങളിൽനിന്നു ആദ്ധ്യാത്മികബോധവും മതവിശ്വാസവും പിഴുതുകളയുന്നതിനു ബദ്ധകങ്കണരായി പ്രവർത്തിച്ചുപോരുന്ന ഒരു മഹാശക്തിയുടെ തട്ടിപ്പുകളാൽ വഴിപിഴപ്പിക്കപ്പെടുന്ന ഇന്നത്തെ യുവലോകത്തോടു് മി. പാന്തു ചെയ്യുന്ന ധർമ്മോപദേശം ഏററവും അവസരോചിതമായിരിക്കുന്നുവെന്നു പറയേണ്ടതില്ലല്ലോ. റഷ്യൻ കമ്മ്യൂണിസത്തിനടിമപ്പെട്ടിട്ടുള്ള രാജ്യങ്ങളിലെല്ലാം യുവജനങ്ങൾ വഞ്ചനാത്മകമായ പ്രചാരണവിദ്യകളാൽ ധാർമ്മികമൂല്യങ്ങളെ അവഗണിക്കുന്നതിനു പ്രേരിപ്പിക്കപ്പെടുകയാണ്. അതിന്റെ അലത്തല്ലലുകൾ പ്രസ്തുത പാർട്ടിയുടെ പ്രവർത്തനങ്ങൾമൂലം ഇന്ത്യയിലും അനുഭവപ്പെടാതിരിക്കുന്നില്ല എന്നതു സുവിദിതമായ ഒരു വസ്തുതയാണ്. ആകയാൽ ഇന്ത്യയിലെ യുവസഞ്ചയം ഈ തട്ടിപ്പുകൾക്കെതിരെ ഒരു ധീരമുന്നണിയായി നിലകൊള്ളേണ്ടതും അവരുടെ വഞ്ചനാപരമായ പ്രലോഭനങ്ങളേയും കൗടില്യങ്ങളേയും സുധീരം ചെറുക്കേണ്ടതുമാണ്. മി. പാന്തിന്റെ സന്ദർഭോചിതമായ ആഹ്വാനം എല്ലാ യുവജനങ്ങളേയും ഉത്തേജിപ്പിക്കുമെന്നു വിശ്വസിക്കട്ടെ.

x x x

### റഷ്യയിൽ വേറൊരു ശുദ്ധീകരണം

സോവ്യററു റഷ്യയിലെ പ്രതിരോധമന്ത്രി മാർഷൽ ജോർജി ഷുക്കോവ് തൽസ്ഥാനത്തുനിന്നും നീക്കപ്പെട്ടതായി ഒക്ടോബർ 26-ാംതിയതി റിപ്പോർട്ടുചെയ്യപ്പെട്ടു. അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിൽനിന്നു ഡിസ്മിസ് ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ള വാർത്ത നവമ്പർ 1-ാംനു പുറത്തുവന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രകമ്മററിയാണ് ഷുക്കോവിനെതിരായി ഈ നടപടിയെടുത്തതു്. സോവ്യററ്യൂണിയന്റെ നയം രൂപീകരിക്കുന്ന 15 അംഗങ്ങളുള്ള പ്രസിഡിയത്തിൽനിന്നും, 133 അംഗങ്ങളും 122 സ്ഥാനാർത്ഥിയംഗങ്ങളുമുള്ള കേന്ദ്രകമ്മററിയിൽനിന്നും ഷുക്കോവ് ഇപ്പോൾ ബഹിഷ്കൃതനായി. പ്രസിഡിയത്തിൽ ഉണ്ടായിരുന്ന ഏകയോദ്ധാവ് ഷുക്കോവായിരുന്നു. പാർട്ടിരീതിക്കു വിരുദ്ധമായ ഒരു സൈനികരീതി അദ്ദേഹം പുലർത്തിപ്പോന്നിരുന്നു എന്നും, അദ്ദേ

ഹത്തിനു ചുററും വ്യക്തിയാരാധകരെ സൃഷ്ടിക്കുകയും തന്റെ ഇംഗിതത്തിനനുസരിച്ച് പ്രവത്തിക്കുന്ന ഒരുദ്യോഗസ്ഥവൃന്ദത്തെ രൂപീകരിക്കുകയും ചെയ്തിരുന്നു എന്നുമാണ് അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുററങ്ങൾ. പാർട്ടിയുടെ ആദേശത്തിനു വിപരീതമായ ചില മനോഭാവങ്ങൾ അദ്ദേഹം വച്ചുപുലത്തിയിരുന്നതു് പണ്ടേതന്നെ അദ്ദേഹത്തിനെതിരായ ഒരഭിപ്രായം പാർട്ടിയിൽ സൃഷ്ടിക്കുന്നതിനു നിദാനമായിത്തീന്നിട്ടുള്ളതാണ്. പരിചയവും വൈദഗ്ദ്ധ്യവുമുള്ള ഒരു യുദ്ധവീരനെന്നനിലയിൽ അദ്ദേഹത്തിനു അസാമാന്യമായ പ്രശസ്തിയും സ്വാധീനബലവുമുണ്ടായിരുന്നു. ലോകത്തിലെ മഹച്ഛക്തികൾ തമ്മിലുള്ള സംഘർഷാവസ്ഥയെ ശാന്തതപ്പെടുത്തുന്നതിൽ അദ്ദേഹം മഹത്തായ സേവനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. സാക്ഷാത്തായ സമാധാനം പുനസ്ഥാപിക്കുന്നതിനും അദ്ദേഹം ശ്രമിക്കാതിരുന്നിട്ടില്ല. ഇൗവിധത്തിലുള്ള ഒരു വ്യക്തിക്കു കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിൽ സ്ഥാനമില്ലെന്നുള്ള വസ്തുത ഒരിക്കൽക്കൂടി തെളിയിക്കുകയാണ് ഈ നടപടി ചെയ്തിരിക്കുന്നതു് എന്നു വിചാരിക്കാം. അദ്ദേഹത്തിനു പകരം മാർഷൽ മലിനോവിസ്കിയാണ് നിയമിക്കപ്പെട്ടിരിക്കുന്നതു്. സ്വേച്ഛാപ്രമത്തമായ കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ തനിനിറം ഒരിക്കൽക്കൂടി വിശദമാക്കുന്ന ഈ സംഭവം കമ്മ്യൂണിസത്തെ താലോലിക്കുന്നതിനു കോപ്പുകൂട്ടുന്ന എല്ലാവക്കും ഒരു സാധനപാഠമായിരിക്കുമല്ലോ.

—o—

ത്തിന്റെ ജീവിതത്തിനു് അവർ ഓരോ വ്യാഖ്യാനവും നൽകുന്നു. എന്നാൽ മനുഷ്യരോടുള്ള സ്നേഹത്തെപ്രതി—ലോകാവസാനം വരെയും അവരെ സ്നേഹിച്ചുകൊണ്ടു്—സ്നേഹിതനുവേണ്ടി സ്വന്തം ജീവനെ ബലി അപ്പിക്കുന്നതിനെക്കാൾ അത്മാത്ഥത നിറഞ്ഞ ഒരു സ്നേഹം ഒരുത്തനുണ്ടാകാവുന്നതാണോ എന്നു് ചോദിച്ച് അതേ അററത്തോളം ആ അടയാളവും നൽകിക്കൊണ്ടു്—നമ്മുടെ ഇടയിൽ അവതരിച്ച്, ജീവിച്ചുമരിച്ച—ആ ദിവ്യസ്നേഹിതനായ ക്രിസ്തുവിനെ പലരും കാണുന്നില്ല. ദൈവം മനുഷ്യനിൽ നിന്നു് നന്മയിലും ഔൽകൃഷ്ട്യത്തിലും വളരെ അധികം അകന്നിരിക്കുന്നു എന്നു് നമുക്കു് തോന്നാമെങ്കിൽ, ദൈവപുത്രൻ മനുഷ്യനായി, അനന്തമായ സ്നേഹമായി, നമ്മുടെ ഇടയിൽ വസിച്ചു എന്നു് നാം അനുസ്മരിക്കുന്നില്ല. അതിനു പശ്ചാത്തമായ വിധം മാനുഷികമായ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ വികസിക്കത്തക്ക രീതിയിലാണ്, ക്രിസ്തുവിന്റെ അന്തിമദിനങ്ങളിലേ പെരുമാററവും പ്രഭാഷണങ്ങളും. അതു നാം ശരിയായി മനസ്സിലാക്കുന്നില്ല. ആ ഭാഗം ശരിയായി നാം മനസ്സിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി

### ജപാപ്പസ്തോലസഖ്യത്തിന്റെ നവമ്പർമാസത്തെ പൊതുനിയോഗം

"മനുഷ്യർ മരണത്തെപ്പററി കൂടുതലായി ചിന്തിക്കുന്നതിനും, അതിനെ നന്നായി നേരിടത്തക്കവണ്ണം സ്വയം തയാറാകുന്നതിനുവേണ്ടി."

### വേദപ്രചാരനിയോഗം

"ഫിലിപ്പൈനിലെ യുവാക്കന്മാരുടെ ഇടയിൽ മിഷനറിദൈവവിളികൾ വർദ്ധിക്കുന്നതിനുവേണ്ടി."

## പുസ്തകാഭിപ്രായം

### "യേശുക്രിസ്തുവിന്റെ അന്തിമദിനങ്ങൾ"

(കെ. സി. ചാക്കോ എം. എ; എം. എസ്.)

ആകർഷകമായ മുഖചിത്രവും ഹൃദ്യമായ ഒരു പേരുമായി ഒരു പുതിയ പുസ്തകം വായിക്കുവാനുള്ള അവസരം ഈയിടെ എനിക്കുണ്ടായി. പാലാ സെൻറ് തോമസ് പ്രസ്സുകാർ പ്രസിദ്ധീകരിച്ചിരിക്കുന്ന "യേശുക്രിസ്തുവിന്റെ അന്തിമദിനങ്ങൾ" എന്ന പുസ്തകമാണ് ഞാൻ ഉദ്ദേശിക്കുന്നതു്. വളരെ ക്ലേശകരവും സുദീർഘവുമായ ഒരു യാത്രയിൽ ഉദ്ദേശം എട്ടുമണിക്കൂർകൊണ്ടു് ഞാൻ അതു വായിച്ചുതീത്തു. ക്രിസ്തുവിന്റെ പല ജീവചരിത്രങ്ങളും വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ള—ചെയ്തുകൊണ്ടിരിക്കുന്ന—എനിക്കു് ഏററം സന്തോഷപ്രദമായ ഒരു അനുഭവമായിരുന്നു അതു്.

പണ്ഡിതനായ ഗ്രന്ഥകാരൻ മുഖവുരയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ക്രിസ്തുവിനെ പലരും പല വീക്ഷണകോണങ്ങളിലും കൂടി കാണുന്നുണ്ടു്. ഓരോരുത്തരുടേയും യുക്തിക്കും സൗകര്യത്തിനും ചേന്നവിധം അദ്ദേഹ

ഗ്രന്ഥകാരൻ ഈ "അന്തിമ ദിനങ്ങ"ളിൽ നമ്മെ ക്രിസ്തുവിന്റെ കാല്പാടികളിൽക്കൂടി നടത്തുകയും, മാനസിക വ്യാപാരങ്ങളിൽക്കൂടി ചിറകടിപ്പിച്ച് പറപ്പിക്കുകയും ചെയ്യുന്നു. ഞാൻ മുന്തിരി വള്ളിയും നിങ്ങൾ അതിന്റെ ശിഖരങ്ങളുമാകുന്നു എന്നു തുടങ്ങി, നാഥൻ അഭേദ്യമായി നമ്മോടു് ഐക്യപ്പെട്ടിരിക്കുന്നതും മററും എത്ര ആകർഷകമായി ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്നു. സ്ഥലകാലഭൗതികപരിമിതികളെ വിസ്മരിച്ചു്, ക്രിസ്തുവിനോടുകൂടി പലസ്തീനായിലെ തെരുവുകളിലും, യഹൂദാചാര്യ സങ്കേതങ്ങളിലും കൂടി കയറി ഇറങ്ങി നടക്കുന്ന പ്രതീതിയോടുകൂടിയാണ് ഞാൻ ഓരോ വശവും മറിച്ചു വായിച്ചതു് "നവലോകോദയത്തെ കാത്തുനിൽക്കുന്ന" ഒരു ജനക്കൂട്ടത്തിന്റെ മുമ്പിലേക്കു് "ദാവീദിന്റെ പുത്രനെ" ഓശാന പാടി എഴുന്നള്ളിച്ചുകൊണ്ടു് രംഗപ്രവേശം ചെയ്യുന്ന ഗ്രന്ഥകാരൻ ആ വിശ്വഗുരുവിനെ "മനുഷ്യരോടുള്ള സ്നേഹത്താൽ തുടിക്കുന്ന ഹൃദയത്തോടും അത്യാസന്നമായ പീഡകളെപ്പററിയുള്ള ചിന്താഭാരത്താൽ വിറയ്ക്കുന്ന കരചരണങ്ങളോടുകൂടെ ഗദ്സേമനിയിൽ പ്രവേശിപ്പിച്ചുകൊണ്ടു് ഒന്നാം ഭാഗം അവസാനിപ്പിക്കുകയാണ്. വികാരനിർഭരമായ ആ "ദിവ്യബലി"യുടെ അന്തിമരംഗങ്ങളിലേക്കു് കടക്കുവാൻ വായനക്കാർ ബദ്ധപ്പെടുന്നുണ്ടാവും. വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന അടുത്ത രണ്ടു ഭാഗങ്ങളേയും ഞാൻ കാത്തിരിക്കുന്നു. മൂന്നു ഭാഗങ്ങളും പൂർത്തിയായിക്കഴിയുമ്പോൾ പലക്കും ഇന്നു് അവക്കു് മുഴുവൻ പരിചിതനല്ലാത്ത ഒരു ആജീവനാന്ത സുഹൃത്തിനേക്കൂടി ലഭിക്കുമെന്നു് എനിക്കുറപ്പുണ്ടു്.

(റവ. ഫാ. കുര്യാക്കോസ് പാറപ്ലാക്കൻ എം. എ. രചിച്ചതും പാലാ സെൻറ് തോമസ് പ്രസ് പ്രസാധനം ചെയ്തിട്ടുള്ളതുമായ ഈ മഹത് ഗ്രന്ഥം രണ്ടു രൂപാ 87 നയാപൈസാ വിലയ്ക്കു ടി പ്രസ്സിൽനിന്നു ലഭിക്കുന്നതാണ്. 351+20 പേജുകൾ; മേനിക്കടലാസ്; ആകർഷകമായ മുഖചിത്രം മുതലായ സംവിധാനങ്ങൾ പരിഗണിച്ചാൽ വില ഒട്ടും കൂടുതലല്ല—പത്രാധിപർ)

Thanksgiving
For Favours Received



A Firm Believer
Irinjalakuda

# സമരരംഗത്തേക്ക്

(ശ്രീ ഈ. പി, വറുഗീസ് എം. എ. ബി. എൽ )

വിദ്യാഭ്യാസബിൽ പ്രക്ഷോഭണം ഇന്നേവരെ ഒരു വാദവിഷയമെന്ന നിലയിലിരിക്കയാണല്ലോ. എന്നാൽ ബില്ലിലെ ചില വ്യവസ്ഥകൾ, ബില്ല് ഇന്നും വാദവിഷയമായിരിക്കെ, ഡിപ്പാർട്ടുമെണ്ടുവഴി നടപ്പിലാക്കുവാൻ ഗവമ്മെണ്ടു് പുറപ്പെട്ടിരിക്കയാണ്. ഇതു ഒരു പുതിയ ഘട്ടത്തെ കുറിക്കുന്നു. ഇതു ഒരു സമരരംഗം സൃഷ്ടിക്കതന്നെ ചെയ്യും. അതിനാൽ ഇതിന്റെ ഭവിഷ്യത്തുകളെപ്പററി നന്നായി പൊതുജനങ്ങളും വിശിഷ്യ രക്ഷാകത്താക്കളും ധരിച്ചിരിക്കേണ്ടതാണ്. വിദ്യാഭ്യാസബില്ലിലെ 9-ാം വകുപ്പിൽ അദ്ധ്യാപകരുടേയും മററു സ്കൂൾജോലിക്കാരുടേയും ശമ്പളം മേലാൽ ഗവർമ്മെണ്ടു് നേരിട്ടോ ഹെഡ്മാസ്റ്റർവഴിയോ നൽകുന്നതാണെന്നു വ്യവസ്ഥയുണ്ടു്. ഇതു മാനേജർമാരെ വിദ്യാലയങ്ങളിൽ നിന്നു പുറത്താക്കി പ്രൈവററു് വിദ്യാലയങ്ങളെ പ്രയോഗത്തിൽ ഗവമ്മെണ്ടുവിദ്യാലയങ്ങളാക്കുന്ന ഒരു വ്യവസ്ഥയാകയാൽ ഇതിനെ നാം എതിക്കുന്നു. അദ്ധ്യാപകരുടെ നിയമനം 11-ാം വകുപ്പുവഴിയും അവരുടെ ശമ്പളവ്യവസ്ഥ 9-ാം വകുപ്പുവഴിയും ഗവമ്മെണ്ടു സ്കൂളുകളുടേതുപോലെ ഗവമ്മെണ്ടിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായാൽ വിദ്യാലയങ്ങളുടെ ഉടമസ്ഥരും ഭരണക്കാരുമായ മാനേജരന്മാക്കു് വിദ്യാലയങ്ങളുടെ പ്രവത്തനത്തിൽ യാതൊരു അധികാരവും ഇല്ലാതാകുന്നു. പല പ്രൈവററ് സ്കൂൾ അദ്ധ്യാപകരും ശമ്പളം നേരിട്ടു ഗവമ്മെണ്ടു് നൽകണമെന്നു ആവശ്യപ്പെടുകയുണ്ടായിട്ടുണ്ടു്. ഇതു സ്വകാര്യസ്വത്തുടമയുടെ മൗലികാവകാശങ്ങളിലേക്കു കൈകടത്തുകയാണെന്നുള്ള വസ്തുത മനസ്സിലാക്കിയാണെന്നു തോന്നുന്നില്ല. ഇന്നു വിദ്യാലയങ്ങളും നാളെ നിങ്ങളുടെ നിലം പുരയിടങ്ങളും മററന്നാൾ നിങ്ങളുടെ വീട്ടും ജംഗമസാമാനങ്ങളും ഇങ്ങനെ നിങ്ങളുടെ സവ്വതും, പുത്രകളത്രാദികളും ആത്മാവും ശരീരവും രാഷ്ട്രത്തിന്റേതാക്കിത്തീക്കുമെന്നു അല്പം ചിന്തിക്കുകയും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സ്ഥിതിഗതികളെപ്പററി മനസ്സിലാക്കുവാൻ ശ്രമിക്കയും ചെയ്യുന്നവക്കു് ബോദ്ധ്യമാകുന്നതാണ്. എന്നാൽ മൂക്കിനപ്പുറം കാണുവാനോ നാളത്തെപ്പററി ഒന്നു ചിന്തിക്കുവാനോ തയ്യാറില്ലാത്തവർ മാത്രമെ ഇന്നു ഈ വിദ്യാലയഅപഹരണത്തിനു പിൻതുണനൽകുവാൻ തയ്യാറാകയുള്ളു. മററു രാജ്യങ്ങളിൽ ഇപ്രകാരം ചെയ്തവരെപ്പോലെതന്നെ ഇവരും ഇവരുടെ സന്താനങ്ങളും പശ്ചാത്തപിക്കുന്ന കാലം വരികതന്നെ ചെയ്യും. അന്നു അവരുടെ രോദനം നിഷ്ഫലമായിരിക്കും. കമ്മ്യൂണിസം അതിന്റെ പിടിയുറപ്പിച്ചുകഴിഞ്ഞാൽ അതിൽനിന്നും രക്ഷപെടുവാൻ ഇന്നു പോളണ്ടും ഹങ്കറിയും ചെയ്യുന്ന ത്യാഗങ്ങൾപോലും മതിയാകാതെവരുന്നതു് നമുക്കും പാഠമായിരിക്കേണ്ടതാണ്.

മാനേജർമാരെ സംബന്ധിച്ചിടത്തോളം അവരുടെ സ്വത്തു കൈകാര്യം ചെയ്യുന്നതിനുള്ള അവകാശത്തെ ആക്രമിക്കുന്നവരെ തടയുവാനുള്ള അവകാശം രാജ്യത്തെ നിയമവും സന്മാർഗ്ഗികശാസ്ത്രവും അനുവദിക്കുന്നു. ഈ സ്വയരക്ഷാപ്രയോഗത്തിൽ മാനേജർമാരെ സഹായിക്കുവാൻ മററുള്ളവക്കും അധികാരമുണ്ടെന്നു നിയമം പറയുന്നു. പ്രൈവററുവിദ്യാലയങ്ങളുടെ ഉടമകൾ മാനേജർമാരോ അവരെ നിയമിച്ചവരോ ആണ്. അല്ലാതെ കമ്മ്യൂണിസ്റ്റ് സക്കാർ ഭാവിക്കുന്നപോലെ ഗവമ്മെണ്ടല്ല. വിദ്യാലയങ്ങളുടെ നടത്തിപ്പിനു് ഗവമ്മെണ്ടു് പ്രൈവററു് ഏജൻസികളെ സഹായിച്ചതു് പൗരന്മാരെ വിദ്യാസമ്പന്നരാക്കുന്നതിനുള്ള ഒരു മുമതല ഗവമ്മെണ്ടിനുണ്ടെന്നുള്ള ധാരണയിലാണ്. പക്ഷെ അതു് സ്വകാര്യവിദ്യാലയങ്ങളുടെ ഉടമസ്ഥാവകാശത്തെ അവഗണിച്ചോ അവയെ അപഹരിക്കുവാനോ അല്ല. വിദ്യാലയങ്ങളിലെ ഫീസുപിരിവുകൊണ്ടുമാത്രം അവ നടത്തിയിരുന്ന പതിവു് കാലക്രമേണ മാററി ഫീസുപിരിവുകൊണ്ടു ലഭിക്കാമായിരുന്ന സംഖ്യ ഗ്രാൻറായി ഗവമ്മെണ്ടു് നൽകുവാൻ തുടങ്ങി. അതിനാൽ ഗ്രാൻറു് ഗവമ്മെണ്ടിന്റെ ഒരു സൗജന്യമാണെന്നു കരുതുന്നതു് ശരിയല്ല. അതുമല്ല അതു അദ്ധ്യാപകന്മാക്കു നൽകുന്നതാണെന്നുള്ളതും തത്വവിരുദ്ധമാണ്. അദ്ധ്യാപകർ മാനേജർമാരാൽ നിയമിതരും അവരുടെ കീഴിൽജോലിചെയ്യുന്നവരുമാണ്. അവരുടെ ശമ്പളത്തിനും നിയന്ത്രണത്തിനും മാനേജരന്മാക്കു് യാതൊരു അവകാശവുമില്ലെന്നു വരുത്തുന്നതു് സ്വകാര്യസ്വത്തുടമയുടെ മേലുള്ള ഒരു കൈയേററമാണ്, അപഹരണമാണ്. ഒരു സ്വകാര്യസ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മറെറാരാൾ കൊടുക്കുവാൻ മുതിരുന്നതു് ആ സ്ഥാപനത്തിന്റെ ഉടമസ്ഥനെ പരോക്ഷമായി പുറന്തള്ളുവാനുള്ള ഒരു തന്ത്രമാണെന്നുള്ളതിനു് സംശയമില്ല. ഈ തന്ത്രപരമായ അപഹരണത്തിനു് കൂട്ടുനില്ക്കുവാൻ അതിലെ ജോലിക്കാർ മുതിന്നാൽ ആ ജോലിക്കാരെ പിരിച്ചു വിടുവാനോ അവരുടെ മേൽ മററു ശിക്ഷണനടപടികൾ സ്വീകരിക്കുവാനോ സ്ഥാപനത്തിന്റെ ഉടമസ്ഥൻ നിർബന്ധിതനാകും. തൊഴിൽശാലകളിലും മററും രാഷ്ട്രീയപ്രക്ഷോഭകർ പ്രയോഗിക്കാറുള്ള തന്ത്രങ്ങൾ പ്രൈവററു് വിദ്യാലയങ്ങളുടെമേൽ ഗവമ്മെണ്ടു് പ്രയോഗിക്കാമെന്നു കരുതുന്നതു് ഗർഹണീയമാണ്.

വിദ്യാലയങ്ങളും മററും നടത്തുവാനുള്ള സ്വാതന്ത്ര്യം പൗരന്മാക്കുണ്ടു്. അവയെ ന്യായമായി നിയന്ത്രിക്കുവാൻ ഗവമ്മെണ്ടിനും അധികാരമുണ്ടു്. എന്നാൽ അവയുടെ അസ്തിത്വംതന്നെ ഇല്ലാതാക്കുന്ന നിയന്ത്രണങ്ങൾ സ്വീകാര്യമല്ല. പ്രൈവററു് വിദ്യാലയങ്ങളെ ഗവമ്മെണ്ടു് വിദ്യാലയങ്ങളാക്കിത്തീക്കുന്ന ഈ തന്ത്രപരമായ കരുനിക്കത്തെ തടയാതെ തരമില്ല. സ്വകാര്യസ്വത്തും ജീവനും അപകടത്തിലാകുമ്പോൾ പോലീസ്സ്റ്റേഷനിലും കോടതികളിലും പോകാതെതന്നെ അവയെ രക്ഷിക്കുവാനുള്ള അവകാശമാണ് സ്വയംരക്ഷാവകാശം. അതിനാൽ ഈ വിദ്യാലയ ആക്രമണത്തെ തടയുവാൻ ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുവാൻ മാനേജരന്മാക്കു് അവകാശമുണ്ടു്. ബിൽ നിയമമാകുന്നതിനു മുമ്പു് ബില്ലിലെ വ്യവസ്ഥ ഈവിധം നടപ്പിലാക്കാമെന്നു ഗവമ്മെണ്ടുതന്നെ കരുതിയതു് ഗവമ്മെണ്ടിനു് നിയമത്തെപ്പററി ബഹുമാനമില്ലെന്നു വിളിച്ചു പറയുന്നു. ഇങ്ങനെയുള്ള കുറുക്കുവഴികളുണ്ടായിരുന്നെങ്കിൽ ഈ നിയമനിർമ്മാണം ആവശ്യമായിരുന്നില്ലല്ലോ. നിയമനിർമ്മാണത്തിനു് മുതിന്ന നിലക്കു് ഇതും അതുവഴി വേണ്ടതല്ല. അതല്ല നിയമം കൂടാതെ ബലപ്രയോഗത്തിനാണ് ഗവമ്മെണ്ടു തുടങ്ങുന്നതെങ്കിൽ സ്വത്തും ജീവനും രക്ഷിക്കുവാൻ, അധർമ്മത്തെ ചെറുക്കുവാൻ ശക്തി സംഭരിക്കുവാനുള്ള അവകാശം പൗരന്മാക്കുണ്ടു്.

ഹെഡ്മാസ്റ്റർ ശമ്പളബിൽ എഴുതുന്നതു് മാനേജരന്മാക്കു ഇതേവരെയുണ്ടായിരുന്ന അവകാശത്തെ അപഹരിക്കയാണ്. ഹെഡ്മാസ്റ്റർമാക്കു് യാതൊരുവിധത്തിലും അവകാശമില്ലാത്ത ഒരു പ്രവൃത്തിയാണ് ഇതു്. അദ്ധ്യാപകരുടെ ശമ്പളത്തിനു് ഉത്തരവാദി മാനേജരാണ്. മാനേജക്കു പകരം ഹെഡ്മാസ്റ്ററെന്നു നിർദ്ദേശിക്കുവാൻ ഗവമ്മെണ്ടിനു് അധികാരം നൽകുന്ന നിയമം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈവിധമുള്ള ഒരു അനീതിക്കും അക്രമത്തിനും യാതൊരു പ്രൈവററുസ്കൂൾ അദ്ധ്യാപകനും മുതിരരുതു്. അതല്ല ഇങ്ങിനെ ഈ സ്വകാര്യസ്ഥാപനങ്ങളെ ഗവമ്മെണ്ടിനു് കൈവശപ്പെടുത്തുവാൻ സഹായിച്ചാൽ ആവിധമുള്ളവരെ പുറന്തള്ളി ആ സ്ഥാപനങ്ങൾ നടത്തുകയോ അതല്ലെങ്കിൽ ആ സ്ഥാപനങ്ങൾ വേണ്ടെന്നുവയ്ക്കുകയോ വേണ്ടിവരും.

ഈ രാജ്യം കമ്മ്യൂണിസത്തിന്റെ പിടിയിൽ അമരരുതെന്നു ആത്മാത്ഥമായി ആഗ്രഹിക്കുന്ന എല്ലാ അദ്ധ്യാപകരും വിദ്യാത്ഥികളും രക്ഷാകത്താക്കളും കമ്മ്യൂണിസ്റ്റ് സക്കാരിന്റെ ഈ ആക്രമണത്തെ ചെറുക്കേണ്ടതാണ്. ഇതു വിദ്യാലയങ്ങളുടെ സംരക്ഷണം മാത്രമല്ലെന്നും കമ്മ്യൂണിസത്തിന്റെ ചുവടു് ഉറപ്പിക്കയാണെന്നും മനസ്സിലാക്കണം. അദ്ധ്യാപകരേയും മാനേജർമാരെയും തമ്മിൽ തല്ലിച്ചു് നമ്മുടെ വിദ്യാലയങ്ങൾ ഇല്ലാതാക്കുവാനാണ് ഈ സംരംഭം. ഇതിൽ അദ്ധ്യാപകരും മാനേജർമാരും യോജിച്ചു നിന്നാൽ യാതൊരു നിഗൂഢശക്തിക്കും നമ്മുടെ അജയ്യപ്രാകാരത്തിൽ വിള്ളലുണ്ടാക്കുവാൻ സാദ്ധ്യമല്ല. ഇവിടെ കമ്മ്യൂണിസം ചിരപ്രതിഷ്ഠിതമാക്കുന്നതിനും കേരളത്തിലെ ഭാവിതലമുറയെ കമ്മ്യൂണിസ്റ്റ് ആശയത്തിൽ വളത്തുന്നതിനും ഇവിടത്തെ പ്രൈവററുസ്കൂൾ അദ്ധ്യാപകരാണ് കാരണക്കാരായതെന്നുള്ള അപരാധത്തിനു് വിധേയരാകാതെ; ഭാരതം എന്നും വിലമതിച്ചിട്ടുള്ള ഈശ്വരവിശ്വാസവും സന്മാർഗ്ഗനിഷ്ഠയും നശിപ്പിക്കുന്നതിനു് കൂട്ടുനിന്നു എന്നൊരു ആരോപണത്തിനു് പ്രൈവററുസ്കൂൾ അദ്ധ്യാപകർ വിധേയരാകാതെ അല്പസ്വല്പത്യാഗങ്ങൾ സഹിച്ചാണെങ്കിലും നമ്മുടെ സംസ്കാരത്തേയും ഈശ്വരവിശ്വാസത്തേയും സംരക്ഷിക്കുവാൻ തയ്യാറാകുക. ഐകമത്യം മഹാബലം. വിജയം നമ്മുടേതുതന്നെ, നിശ്ചയം.

(മലബാർമെയിൽ)

—o—

സംഭവകഥ

# "എന്നേയും വധിക്കുക"

(ഏ. സി. ചാക്കോ, അരയത്തിനാൽ)

കാലസ് പ്രഭൃതികളുടെ ബലിഷ്ഠഹസ്തങ്ങളിൽ പെട്ട് മെക്സിക്കോയിലെ കത്തോലിക്കാസഭ വീർപ്പുമുട്ടുന്ന കാലം. ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തഞ്ചിൽ മതപീഡനം ഉഗ്രതയെ പ്രാപിച്ചിരിക്കുകയാണ്. ഏകാധിപതിയായ കാലസ് സർവ്വവിധ കഴിവുകളും പ്രയോഗിച്ച് കത്തോലിക്കാസഭയുടെ ഉന്മൂലനാശത്തിനു വേണ്ടി തീവ്രശ്രമം നടത്തുന്നു. ദേവാലയങ്ങളെ കൊള്ളയടിച്ചു. സക്രാരികൾ കുത്തിപ്പൊളിച്ചു. ശതക്കണക്കിനു വിശ്വാസികൾ നിഷ്ഠുരമായി കൊല്ലപ്പെട്ടു. ആയിരമായിരങ്ങൾ പട്ടിണിയുടെയും പട്ടാളത്തിന്റെയും മർദ്ദനമേററു ജയിലറകളുടെ കനത്ത ഭിത്തികൾക്കുള്ളിൽ കിടന്നു് നീറിനീറി മരിച്ചു. കത്തോലിക്കൻ ജീവിക്കുവാനനർഹനാണ്. അതാണവരുടെ നീതിശാസ്ത്രം. രക്തസാക്ഷി മകുടം ചൂടിയ ആയിരമായിരങ്ങളുടെ പവിത്രമായ ചെന്നിണം അവിടത്തെ മണൽത്തരികളേയും, പുൽക്കൊടികളേയും നനച്ചു. എവിടേയ്ക്കു തിരിഞ്ഞാലും ഭയത്തിന്റെ അന്തരീക്ഷമാണ് ഒരു വിശ്വാസിയെ സ്വാഗതം ചെയ്യുന്നതു്. ഏതുനിമിഷത്തിലും അവനെ ബന്ധിക്കാം, ജയിലിലടയ്ക്കാം, വിചാരണകൂടാതെ നിന്ദ്യമായി പീഡിപ്പിച്ച് മരണത്തിനു വിധേയമാക്കാം. അതായിരുന്നു പരിതസ്ഥിതി.

കത്തോലിക്കാ യുവജനസമാജത്തിന്റെ അംഗങ്ങളായ അഞ്ചു യുവാക്കൾ അറസ്റ്റു ചെയ്യപ്പെട്ടു. അവരെ വധിക്കുന്നതിനു് കല്പനയും നൽകപ്പെട്ടു. ക്രിസ്തുവിൽ വിശ്വസിച്ചു്, തിരുസഭയുടെ പ്രബോധനങ്ങളനുസരിച്ചു പ്രവർത്തിച്ചു ജീവിച്ചു അതാണവർ ചെയ്ത അപരാധം. ആ യോദ്ധാക്കൾ കൊലക്കളത്തിലേക്കു ആനയിക്കപ്പെട്ടു. യുവത്വത്തിലേക്കു കാലൂന്നി നില്ക്കുന്ന ഒരു പതിനേഴുകാരൻ അറസ്റ്റു ചെയ്തവരിൽ ഉൾപ്പെട്ടിരുന്നു. സദാ നിർഭയത്വം നിഴലിക്കുന്ന മുഖം, ജ്വലിക്കുന്ന നേത്രങ്ങൾ, വടിവൊത്ത ശരീരം. ഇവ ആ യുവാവിന്റെ പ്രത്യേകതകളാണ്

ആ യുവകോമളന്റെ ശരീരകാന്തി കാവൽഭടനെ വളരെ ആകർഷിച്ചു. ആ ചെറുപ്പക്കാരനെ നിഷ്കരുണം വെടിവച്ചു കൊല്ലുവാൻ തക്ക ഹൃദയകാഠിന്യം അയാൾക്കുണ്ടായില്ല. ആ യുവാവിനെ ഏതു വിധത്തിലെങ്കിലും രക്ഷിക്കണമെന്നു് അയാൾ തീരുമാനിച്ചു അവനെ രഹസ്യമായി വിളിച്ചു്, ഏതോ കാര്യത്തിനായി പട്ടണത്തിലേക്കു പറഞ്ഞയച്ചു.

x x x

മററു നാലു യുവാക്കളും നിറതോക്കിനഭിമുഖമായി നിറുത്തപ്പെട്ടു. കത്തോലിക്കരുടെ—അതെ ക്രിസ്തുവിന്റെ വീരയോദ്ധാക്കളുടെ മരണം കാണുവാൻ, അവർ ചെഞ്ചോരയിൽ കിടന്നു് പിടഞ്ഞുപിടഞ്ഞു് ഇഞ്ചിഞ്ചായി മരിക്കുന്നതു കാണുവാൻ അനേകമനേകം മതവിരോധികൾ, നിഷ്ഠുരഹൃദയർ അവിടെ തടിച്ചുകൂടിയിട്ടുണ്ടു്. അവരുടെ പൊട്ടിച്ചിരികളും, അട്ടഹാസങ്ങളും അന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടിരുന്നു.

ജനക്കൂട്ടത്തിനിടയിൽ നിന്നു് ഒരാരവം കേട്ടു ഒരു യുവാവു് ഓടിക്കിതച്ചു് ഗാർഡിന്റെ അടുത്തേക്കുവന്നു. ഗാർഡ് അത്ഭുതത്തോടുകൂടി അവനെ തുറിച്ചുനോക്കി.

"അതെ, ഞാൻ പറഞ്ഞയച്ച ആ യുവാവു്! അതെ അവൻതന്നെ" അയാൾ തന്നത്താൻ പിറുപിറുത്തു.

"രക്ഷപെടുവാനുള്ള അവസരം നിനക്കു് ഉണ്ടാക്കിത്തന്നതല്ലേ ഞാൻ?" ഗാർഡ് ദൃഢസ്വരത്തിൽ ചോദിച്ചു.

"ഉവ്വ്, മനസ്സിലായി" നിശ്ചയദാർഢ്യത്തോടെ അവൻ പ്രത്യുത്തരിച്ചു. "ഞാനും കത്തോലിക്കനാണ്. കത്തോലിക്കരാണെന്ന കാരണത്താൽ എന്റെ സ്നേഹിതന്മാരെ നിങ്ങൾ കൊല്ലുവാൻ പോകുകയാണ്. അതിനാൽ ഞാനും മരിക്കേണ്ടവനാണ്. എന്നെയും വധിച്ചുകൊള്ളുക."

"ഇവനേയും കൊല്ലുക" ഗാർഡിന്റെ സ്വരം ഉയർന്നു. നയനങ്ങൾ ഉഗ്രമായ കോപത്താൽ ജ്വലിച്ചു.

തന്റെ സ്നേഹിതന്മാരുടെ കൂട്ടത്തിൽ ആ യുവാവും നിറുത്തപ്പെട്ടു.

x x x

ആയിരമായിരം നയനങ്ങൾ ആ അഞ്ചു മുഖങ്ങളിലേക്കു ഉററുനോക്കുന്നുണ്ടായിരുന്നു. ഭീരുത്വത്തിന്റേയോ, നിരാശയുടേയോ, ഒരു നേരിയ ഛായപോലും ആ മുഖങ്ങളിൽ ദൃശ്യമായിരുന്നില്ല. പ്രത്യുത വിശ്വാസചൈതന്യവും, നിശ്ചയദാർഢ്യവും, കർമ്മധീരതയും ആ യുവാക്കളുടെ കോമളാനനങ്ങളിൽ കളിയാടിക്കൊണ്ടിരുന്നു. എന്തൊരു വിശ്വാസം! എന്തൊരു ധീരത! അതാ, അഞ്ചു രക്തസാക്ഷികൾ സ്നേഹത്തിന്റെ ബലിപീഠത്തിൽ തങ്ങളെത്തന്നെ ബലിയർപ്പിക്കുവാൻ പോവുകയാണ്.

അടുത്ത നിമിഷത്തിൽ ജ്വലിക്കുന്ന ആ ദശനേത്രങ്ങൾ എന്നന്നേയ്ക്കുമായി അടയ്ക്കപ്പെടും, തുടിക്കുന്ന കവിൾത്തടങ്ങളിൽ മൃത്യുവിന്റെ നിഴലാട്ടം ദൃശ്യമാകും. നിർജ്ജീവമാകും, വിരിമാറുകളിലൂടെ വെടിയുണ്ടകൾ തുളച്ചുകയറും. സജീവരക്തം കുത്തിയൊഴുകുന്ന രക്തധമനികൾ പൊട്ടിച്ചിതറും, സുന്ദരകളേബരം ചുടുരക്തത്തിൽ പിടയും.

ഠേ... ഠേ... ഠേ... ഠേ... ഠേ... അഞ്ചു ശബ്ദങ്ങൾ കൊച്ചലകളെ വിരചിച്ചുകൊണ്ടു് അന്തരീക്ഷത്തിൽ ലയിച്ചു.

(12-ാംപേജ് തുടർച്ച)

കോളാമ്പിപ്പോലെ ഞങ്ങൾ തളന്നിരുന്നു. അടുത്ത കാപ്പിക്കടയിൽനിന്നും കാപ്പികുടിച്ചു് കുറച്ചു വിശ്രമിച്ചശേഷം ഞങ്ങൾ അവിടെനിന്നും നടക്കുവാൻതുടങ്ങി. വഴിയരികിൽ ധാരാളം വീടുകളും തോപ്പുകളുമുണ്ടായിരുന്നു. വഴിയരികിലുള്ള ചില വീടുകളിലെ മതിൽക്കെട്ടുകൾക്കുള്ളിൽനിന്നും സിന്ദൂരപൊട്ടുതൊട്ട ചെമ്പരത്തിച്ചെടികൾ തലപൊക്കിനോക്കുന്നുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ അഞ്ചേരിയിൽക്കൂടി നടന്നു് ഞങ്ങളുടെ നാട്ടിലെത്തിച്ചേർന്നു. അപ്പോഴേക്കും ഇരുൾച്ചുരുളുകൾ വീണുകഴിഞ്ഞിരുന്നു.



ഉപകാരസ്മരണ

M. T. A.

## നിര്യാതയായി



ചക്കരക്കടവുപള്ളി ഇടവക കാച്ചപ്പിള്ളി പൗലോ ഭാര്യ അച്ചണ്ണി 59-ാമത്തെ വയസ്സിൽ ഒക്ടോബർ 27-ാംനു ഞായറാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 28-ാംനു തിങ്കളാഴ്ച ഉച്ചകഴിഞ്ഞു 4 മണിക്കു് മൃതദേഹം യഥാവിധി സംസ്കരിക്കപ്പെട്ടു.

R. I. P.

## ഇടവകവാർത്തകൾ

കരാഞ്ചിറ: ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ പ്രമാണിച്ച് കാലത്തു് പള്ളിയിൽ ആഘോഷമായ മതകർമ്മങ്ങൾ നടത്തപ്പെട്ടു ഉച്ചതിരിഞ്ഞു 4 മണിക്കു് വി. കുർബാനയുടെ വാഴ്‌വിനുശേഷം ബാൻറുവാദ്യത്തോടും, ജയ്‌വിളികളോടുംകൂടിയ ഒരു വമ്പിച്ച ഘോഷയാത്ര പള്ളിയിൽനിന്നു പുറപ്പെട്ടു പത്താംപീയൂസ് പുണ്യവാന്റെ കപ്പേളയിൽ എത്തിച്ചേർന്നു അനന്തരം റവ. ഫാദർ ജോസഫ് വെളിയത്തു ഒരു പ്രസംഗം ചെയ്തു. വി. കുർബാനയുടെ വാഴ്‌വിനുശേഷം പര്യവസാനിച്ചു.

കരിശ്ശുമൂട്ടം: പരി. ദൈവജനനിയുടെ നാമത്തിൽ പുതുതായി പണികഴിച്ച ദൈവാലയത്തിന്റെ ആശീർവ്വാദകർമ്മം തിരുവല്ലാ രൂപതയുടെ മെത്രാൻ മാർ അത്തനാസിയോസു തിരുമനസ്സുകൊണ്ടു് ഒക്ടോ. 27-ാംനു ഞായറാഴ്ച നാലരമണിക്കു നിർവ്വഹിച്ചിരിക്കുന്നു. കരിശ്ശുമൂട്ടം കവലയിൽവച്ചു് ഒരു സ്വീകരണം വന്ദ്യതിരുമേനിക്കു നൽകി. വെണ്ണിക്കുളം, തെള്ളിയൂർ, ഇടയ്ക്കാട്ടു്, എഴുമററൂർ അയിരൂർ, ലൂർദ്ദ്ആശ്രമം, തേക്കുങ്കൽ, പ്ലാങ്കമൺ, ചെത്തോങ്കര, പൂഴിക്കുന്നു്, കല്ലമ്പാല, കുമ്പളന്താനം മുതലായ അയൽഇടവകകൾ തീയാടിക്കവലയിൽനിന്നു ജാഥയായി കരിശ്ശുമൂട്ടത്തു വന്നുചേർന്നു. വന്ദ്യതിരുമേനിയുടെ അദ്ധ്യക്ഷതയിൽ രാജത്വത്തിരുനാൾ മഹായോഗം കൂടി ഫാദർ ഫിലിഫ് ഇരട്ടമാക്കിൽ ബി എ ബി ടി യും, ശ്രീ ജോർജ് വറുഗീസ് കല്യാണത്തേരിയും പ്രസംഗിച്ചു. കുട്ടികളുടെ ഡാൻസും സംഗീതവും യോഗത്തെ മോടിയാക്കി.

ചെമ്പോത്തിനാൽ തോമ്മസും മകൻ സൈമൺ കുടുംബസഹിതവും സത്യപ്രതിജ്ഞചെയ്തു തിരുസഭയുടെ അംഗങ്ങളായി. കഴിഞ്ഞ ജൂൺ 30-ാംതീയതി ആരംഭിച്ച ഈ മിഷനിൽ ഇപ്പോൾ മുപ്പതോളം വീട്ടുകാർ യാക്കോബായ, ഓർത്തഡോക്സ് വിഭാഗത്തിൽനിന്നു ചേർന്നിട്ടുണ്ടു്. ഒക്ടോബർ 28-ാംതീയതി തിങ്കളാഴ്ച അവിടെ ആദ്യമായി ദിവ്യബലി അർപ്പിച്ചു. മൂന്നു കുട്ടികളുടെ മാമ്മോദീസായും നടത്തി.

തെ. ചിററൂർ: സ്ഥലത്തെ സെൻറ്മേരീസ് സ്കൂൾ ഹാളിൽ വേദപ്രചാരഞായർ പ്രമാണിച്ചു് ഒക്ടോബർ 20-ാംനു പൊതുയോഗവും മിഷൻസംഭാവനകൾ ലേലംവിളിയും ഉണ്ടായിരുന്നു. ലേലംവിളിയിൽ ഒരു അടയ്ക്കക്കു് 7ക. വരെ ലേലംവിളിച്ചു. ഇടയ്ക്കിടയ്ക്കു ആൺകുട്ടികൾ ഏകാങ്കങ്ങൾ അഭിനയിക്കയുണ്ടായി.

അമ്പഴക്കാട്ടു്: സ്ഥലം ആശ്രമദേവാലയത്തിൽ വി. അമ്മത്രേസ്യായുടെ തിരുനാൾ ഒക്ടോ. 22-ാംനു ആഘോഷമായി കൊണ്ടാടപ്പെട്ടു. തലേദിവസം ആശ്രമദേവാലയാങ്കണത്തിൽവെച്ചു കെ കെ തോമസ് ബി എ എൽ ടി അവർകൾ "സൂസന്നാ അഥവാ ചാരിത്ര്യവിജയം" എന്ന കഥയെ പുരസ്കരിച്ചു് ഒരു കഥാപ്രസംഗം നടത്തപ്പെടുകയുണ്ടായി.

കോട്ടയ്ക്കൽ ക്രിസ്റ്റഫർ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 27-ാംനു ഞായറാഴ്ച കോട്ടമുറി ക്രിസ്തുരാജ്നഗറിൽവച്ചു് വിപുലമായ പരിപാടികളോടുകൂടി ക്രിസ്തുരാജമഹാമഹം കൊണ്ടാടുകയുണ്ടായി. അമ്പഴക്കാട്ടു്, കോട്ടയ്ക്കൽ, മാള തുടങ്ങിയ സ്ഥലങ്ങളിൽനിന്നു് ഘോഷയാത്രകൾ ക്രിസ്തുരാജനഗറിൽ എത്തിച്ചേരുകയും വൈകുന്നേരം 5 മണിക്കു പൊതുയോഗം ചേരുകയുംചെയ്തു. വെരി റവ. ഫാദർ ക്ലെമൻസ് ടി ഒ സി ഡി (പ്രോവിൻഷ്യാൾ) ആദ്ധ്യക്ഷംവഹിക്കുകയും സുപ്രസിദ്ധ വാഗ്മികളായ റവ. ഫാദർ ജോസഫ് വടക്കൻ, ശ്രീ തോമസ് സെബാസ്റ്റ്യൻ ബി എ എൽ ടി എന്നിവർ പ്രസംഗിക്കുകയുമുണ്ടായി. ബാലികാബാലന്മാരുടെ വിവിധ കലാപ്രകടനങ്ങൾക്കു പുറമേ താലോർ ജെ ടി ആർട്ട്സിന്റെ "സ്നേഹം വെളിച്ചം വീശുന്നു" എന്ന മലയാളസംഗീതനാടകം നടത്തപ്പെടുകയുമുണ്ടായി.

വടക്കുപുറം: ഈ ഇടവക ശങ്കരത്തിൽ ജോൺ മത്തായിവൈദ്യന്റെ പുത്രൻ മി ജോൺ മാത്യുവും, തൃക്കൊടിത്താനം ഇടവക ചിറയിൽ കിഴക്കേതിൽ പരേതനായ മത്തായിയുടെ മകൾ ശ്രീമതി സി എം മറിയക്കുട്ടിയും തമ്മിലുള്ള വിവാഹം തൃക്കൊടിത്താനം പള്ളിയിൽവച്ചു നടന്നിരിക്കുന്നു. ഫാദർ ശമുവേൽ ശങ്കരത്തിലാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

## ചരമവാർത്തകൾ

പൊന്നമ്പു്: ഈ ഇടവക ചെമ്പകമാവുങ്കൽ ഉണ്ണുണ്ണിയുടെ ഭാര്യ കുഞ്ഞമ്മ അന്തിമശുശ്രൂഷകളെല്ലാം സ്വീകരിച്ചു് ഒക്ടോ. 23-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.

കരിമണ്ണൂർ: ഈ ഇടവക മടക്കേൽ വക്കി അന്ന വാർദ്ധക്യസഹജമായ രോഗംനിമിത്തം ഒക്ടോ: 24-ാംനു വ്യാഴാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു ശവസംസ്കാരം പിറേറദിവസം രാവിലെ 10 മണിക്കു് വെരി റവ. ഫാദർ ഫ്രാൻസീസ് തെക്കേക്കര അവർകളുടെ പ്രധാന കാർമ്മികത്വത്തിലും പരേതയുടെ ഭർതൃസഹോദരപുത്രൻ റവ. ഫാദർ പോൾ കുഴിക്കാട്ടു ബി എ ഉൾപ്പെടെ അനേകം ബ. വൈദികരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു റവ. ഫാദർ ലൂക്ക് ഞരളക്കാട്ടു അവർകൾ ഗൃഹത്തിൽവച്ചു ചരമപ്രസംഗം നടത്തി.


പൂവ്വത്തുശ്ശേരി: റവ. ഫാദർ തോമസ് ഇരുമ്പൻ ഒക്ടോബർ 28-ാംനു തിങ്കളാഴ്ച വാർദ്ധക്യസഹജമായ രോഗംമൂലം കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം ചൊവ്വാഴ്ച റവ. ഫാദർ ഐപ്പു് ഇരുമ്പൻ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു പല വൈദികരുടേയും കന്യാസ്ത്രീകളുടേയും വലിയൊരു ജനക്കൂട്ടത്തിന്റേയും അകമ്പടിയോടുകൂടി നടത്തപ്പെട്ടു.

R. I. P.

—o—

## ഹങ്കറിയിലെ വൈദിക തടങ്കൽപ്പാളയം

ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ്ഗവമെണ്ടു് ഒക്ടോബർപ്രക്ഷോഭണത്തിൽ പങ്കെടുത്തില്ലെങ്കിലും അതോടു് അനുകൂലംഭാവിച്ച വൈദികർക്കായി പെസ്റ്റ് എന്ന സ്ഥലത്തു പോക്കോൾവില്ലേജിൽ ഒരു തടങ്കൽകേന്ദ്രം തുറന്നിട്ടുള്ളതായി കാത്തൂ്പ്രസ്സ് എന്ന വാർത്താസംഘം റിപ്പോർട്ടുചെയ്യുന്നു. അവിടെ എത്രപേരെ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ടെന്നുള്ളതു അജ്ഞാതമാണ്.



(4-ാം പേജ് തുടർച്ച)

വർ വളരെ ശ്രദ്ധയോടുകൂടി എന്റെ വിശദീകരണം മനസ്സിലാക്കിയിരുന്നു. ആ യുവാവു വീണ്ടും ഒരു ചോദ്യംകൂടി ചോദിച്ചു, ഇംഗ്ലണ്ടിൽ ക്രിസ്ത്യാനികളായി അധികം യുവാക്കന്മാരുണ്ടോ? ഇംഗ്ലണ്ടിൽ വളരെപ്പേർ ക്രിസ്ത്യാനികളല്ലെങ്കിലും, തൊഴിലാളികളും വിദ്യാത്ഥികളുമായ യുവാക്കന്മാർ വളരെപ്പേർ ക്രിസ്ത്യാനികളാണെന്നും അവരുടെ ഇടയിൽ ക്രമപ്രവൃദ്ധമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പല പല ക്രിസ്തീയസംഘടനകളുണ്ടെന്നും ഞാൻ മറുപടി പറഞ്ഞു.

"അതു നല്ലതു്" ജനക്കൂട്ടം മന്ത്രിച്ചു.

"ഇവിടത്തെ സ്ഥിതിയെന്താണ്? ഇവിടെ എന്തുമാത്രം ക്രിസ്ത്യാനികളുണ്ട്?" ഞാൻ ചോദിച്ചു.

"എല്ലാവരും" ഒരു സ്ത്രീ പറഞ്ഞു.

"ഏയ്, ഒരു നാല്പതു ശതമാനം വരും" ആ യുവാവിന്റെ മറുപടി.

"അതു പറയാൻ വിഷമമാണ്. തീർച്ചയായും വളരെപ്പേരുണ്ടാകും" വേറൊരാൾ പറഞ്ഞു.

"ഇവിടെ ആരുമില്ല. ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നില്ല" ഒരാൾ ഘോഷിച്ചു.

എവിടേയും ജനങ്ങൾ കൂടുമ്പോളുള്ള സംഭാഷണങ്ങളുടെ രീതിയിതാണ്. മതത്തെപ്പററിയുള്ള സംഭാഷണം ഞാൻ തുടങ്ങാറില്ല. എങ്കിലും അവക്കതിൽ വലിയ ജിജ്ഞാസയും ആവേശവുമുണ്ട്.

ഈ സംഭാഷണത്തിൽനിന്നു പല കാര്യങ്ങളും നമുക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. റഷ്യയിൽ കമ്മ്യൂണിസം മതത്തെ ഉന്മൂലനം ചെയ്യുന്നതിനു സർവ്വകഴിവുകളും പ്രയോഗിച്ചുകൊണ്ടാണിരിക്കുന്നതെങ്കിലും, മതവിരുദ്ധമായ മർദ്ദനങ്ങളും, പ്രചാരണങ്ങളും, പാഠപദ്ധതികളും നടപ്പാക്കിയിട്ടുണ്ടെങ്കിലും ജനഹൃദയങ്ങളിൽനിന്നു ദൈവവിശ്വാസത്തേയോ മതഭക്തിയേയോ പിഴുതുകളയുവാൻ സാധിച്ചിട്ടില്ല ക്രൂരമായ മർദ്ദനങ്ങളേററു് അതു ശക്തിപ്രാപിച്ചുവരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം.

അടുത്ത ദിവസം ഒരു പള്ളി സന്ദർശിക്കുവാൻ പോയ വിവരം കാതറൈൻ പ്രസ്തുത ലേഖനത്തിൽ വിവരിക്കുന്നുണ്ട്. ഒരു കൂട്ടുകാരനുമായി അവർ ഒരു പള്ളി സന്ദർശിക്കാൻ പുറപ്പെട്ടു. ബസ്സിലെ കണ്ടക്ടറസ്സായ യുവതിയോടു ചോദിച്ചു, അതിനോടു് ഏററം അടുത്ത ബസ്സ് സ്റ്റോപ്പ് ഏതാണെന്നു്. ഇതു് കേട്ടു അടുത്തിരുന്ന ഒരു മനുഷ്യൻ ചോദിക്കുകയാണ്, നിങ്ങളെന്തിനാണ് പള്ളി കാണുവാൻ പോകുന്നതു്, നല്ല സോവ്യററു ഫാക്ടറികൾ പോയി കാണരുതോ എന്നു്. "അതും ഞങ്ങൾ സന്ദർശിക്കും, ഇന്നത്തെ പരിപാടി ഇതാണ്" എന്നു ഞാൻ സമാധാനം പറഞ്ഞു.

കണ്ടക്ടസ്സ്:-"അതൊരുഭംഗിയുള്ള പള്ളിയാണ്. ഏതായാലും നിങ്ങൾ പള്ളികളുടെ കാര്യത്തിൽ താല്പര്യമുള്ളവരാണെന്നറിയുന്നതു് വളരെ സന്തോഷം."

ഈ പ്രസ്താവം അവിടെ പ്രചണ്ഡമായ ഒരു തക്കത്തിനു കാരണമായി പള്ളികൾ സന്ദർശിക്കുന്നതു് അത്ര കാര്യമായ ഒരു സംഗതിയാണോ, അല്ലയോ എന്ന വാദപ്രതിവാദം നീണ്ടുനീണ്ടുപോയി. ഇതിനിടയിൽ നിശ്ചിത സ്ഥലം കടന്നുപോകുകയും ചെയ്തു.

കണ്ടക്ടസ്സ്:-"അയ്യോ, സ്ഥലം കഴിഞ്ഞുപോയല്ലോ. സാരമില്ല. ഒരു മൂന്നു സ്റ്റോപ്പുകഴിഞ്ഞാൽ അതിലും നല്ല ഒരു പള്ളിയുണ്ട്. അതു കണ്ടിട്ടു് വേറൊരു ബസ്സിൽ മടങ്ങിപ്പോരാം."

ഞങ്ങൾ അവിടെ ഇറങ്ങി. ബസ്സിൽവച്ചു ഞങ്ങളുടെ സംസാരം ശ്രദ്ധിച്ചു കേട്ടിരുന്ന ഒരു യുവാവും ഞങ്ങളെ അനുഗമിച്ചു. അയാൾ ഒരു മാർക്സിസ്റ്റാണെന്നും ഞങ്ങളുടെ സംസാരവിഷയം അയാൾക്കു വളരെ ഇഷ്ടപ്പെട്ടുവെന്നും അതേപ്പററി കുറേക്കൂടി കേൾക്കാനാണ് ഞങ്ങളെ അനുഗമിക്കുന്നതെന്നും പറഞ്ഞു. ഞങ്ങൾ മരണാനന്തരജീവിതത്തെപ്പററി സംസാരിച്ചു. പള്ളിയിലെത്തിയപ്പോൾ അവിടെ ഒരു ശവസംസ്കാരകർമ്മം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ജനങ്ങൾ കുറവല്ലായിരുന്നു. ശോകരസം കലന്ന ഗാനങ്ങൾ അന്തരീക്ഷത്തിൽ ഉയന്നു. അല്പം കഴിഞ്ഞു ആ യുവാവു് വന്നു പറയുകയാണ്:- "ഇതെല്ലാം വളരെ ഹൃദയാവർജ്ജകമായ കാര്യങ്ങളാണ്; ഇതിനകത്തു വന്നാൽ, ഒരുത്തനു മനസ്സില്ലെങ്കിലും, അവൻ ദൈവത്തിൽ വിശ്വസിക്കാൻ പ്രേരിതനാവുകയാണ്." ഇത്രയും പറഞ്ഞപ്പോഴേക്കും ശവമഞ്ചത്തിനടുത്തിരുന്ന സ്ത്രീ വാവിട്ടുകരയുകയും, ഹൃദയവികാരത്തെ നിയന്ത്രിക്കാൻ വേണ്ടി ആ യുവാവു് സ്ഥലംവിട്ടു പുറത്തുപോവുകയുംചെയ്തു. പിന്നീടു് പുറത്തുവച്ചു തമ്മിൽ കണ്ടപ്പോൾ ആ യുവാവു് മതകാര്യങ്ങളെപ്പററി സംസാരിച്ചില്ല. രാഷ്ട്രീയമായി പലതും ഞങ്ങൾ പരാമശിച്ചു. അവസാനം അയാൾ പറഞ്ഞു:- "ഔദ്യോഗികമായ യാഥാസ്ഥിതികരീതിയിലല്ല നിങ്ങൾ ചിന്തിക്കുന്നതെന്നു കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. എവിടെയും എല്ലാവരും സ്വയം ചിന്തിക്കുന്നതിനു തുടങ്ങുക എന്നതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്."

കമ്മ്യൂണിസ്റ്റ് ഭരണത്തിൽ മതത്തെ നാമാവശേഷമാക്കുവാൻ വളരെയധികം പള്ളികൾ നശിപ്പിച്ചുകളഞ്ഞിട്ടുണ്ട്. ക്രെംലിനിലെ പള്ളികളെ സംബന്ധിച്ചു ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:- "വേറൊരവസരത്തിൽ ഞാൻ ക്രെംലിനിലുള്ള പള്ളികൾ കാണാൻ പോയി. അവയിൽ മൂന്നെണ്ണം ഇപ്പോൾ കാഴ്ചബംഗ്ലാവുകളായി ഉപയോഗിക്കുന്നു. അഞ്ചെണ്ണമാണ് ആകെയുള്ളതു്. രണ്ടുകൊല്ലം മുമ്പുവരെ അവയെല്ലാംതന്നെ പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഇപ്പോൾ അവ ഓരോന്നായി കേട്ടുപാടുകൾ പോക്കി തുറന്നുതുടങ്ങി. ജനങ്ങൾ വളരെ തൃപ്തിയോടെയാണ് ഈ നടപടിയെപ്പററി പരാമശിക്കുന്നതു്. ഇപ്പോൾ അവയിൽ യാതൊരു കർമ്മങ്ങളും നടക്കുന്നില്ല. എങ്കിലും ജനങ്ങൾ അവയിൽ വലിയ ഭക്തിയോടെയാണ് പ്രവേശിക്കുന്നതു്."

ഈ വസ്തുതകളോരോന്നും വിശദമാക്കുന്നതു് റഷ്യയിലെ ദൈവവിശ്വാസവും മതഭക്തിയും നാമാവശേഷമായിട്ടില്ല, പ്രത്യുത, അവ കൂടുതൽ ശക്തമായി പ്രവത്തിക്കുന്നതിനുള്ള പരിതസ്ഥിതികൾ പാത്തിരിക്കുന്നതേയുള്ളൂ എന്നല്ലയോ?

പ്രഹസനം

# ജീവനുള്ള പ്രതിഫലം

(എബ്രാഹം മുഴൂർ)

രംഗം ഒന്നു

(ഒരു ചെററക്കുടിലിനകം. ഓലമറയിൽ തിരുക്കുടുംബത്തിന്റെയും തിരുഹൃദയത്തിന്റെയും പഴയ രൂപങ്ങൾ തൂക്കിയിട്ടുണ്ട്. അതിനുചുററും പൂക്കുലകളും മററും തിരുകിവച്ചു് അലങ്കരിച്ചിരിക്കുന്നു. താഴെ ഒരു കട്ടിലിൽ കീറപ്പാ വിരിച്ചിട്ടുണ്ട്. അതിനുതാഴെ 50-ലധികം പ്രായമുള്ള ഒരു ശുഷ്കിച്ച സ്ത്രീ കൈയിൽ കൊന്ത പിടിച്ചു് പ്രാത്ഥന ചൊല്ലുന്നു. അവർ കൂടക്കൂടെ ചുമയ്ക്കുന്നുണ്ട്. അടുത്തു് 17-നു താഴെ പ്രായമുള്ള ഒരു യുവതി മുട്ടിന്മേൽനിന്നു് കൈകൂപ്പി അമ്മയോടൊത്തു് പ്രാത്ഥിക്കുന്നു മേരി—അതാണവളുടെ പേരു്. ചട്ടയും തുണിയുമെല്ലാം കീറിത്തെച്ചതാണെങ്കിലും അവൾ മനോഹരിയാണ്. അടുത്തു് ബെഞ്ചിലിരുന്നു് തകരവിളക്കു് മങ്ങിക്കത്തുന്നു

പ്രാത്ഥന അവസാനിക്കാറായി. അകലെനിന്നു് ഒരു കവിതയുടെ ഈരടികൾ ആരോ പാടുന്നതു കേൾക്കാം

മേരി (ശ്രദ്ധിച്ചതിനു ശേഷം) അതാ അമ്മേ ചേട്ടൻ വരുന്നുണ്ട്.

അമ്മ-ആരു്. അവൻ വരുന്നുണ്ടോ?

മേരി:- ഉണ്ടമ്മേ-ചേട്ടനിങ്ങെത്തികഴിഞ്ഞു

(മാത്യു. 20-ഓളംവയസ്സ് പ്രായമുള്ള ഒരുമെല്ലിച്ചചെറുപ്പക്കാരൻ. ചീകാത്ത മുടിയും ബട്ടൺ ചെയ്യാത്ത ഷർട്ടും, അങ്ങനെ അലസമാണ് വേഷം. കൈയിൽ ഒരു മാസികയുണ്ട്)

മാത്യു:- അമ്മേ, അമ്മ ഇതുവരെ ഉറങ്ങിയില്ലേ

അമ്മ:- ഇല്ല മകനെ, നിന്നെ കാണാണ്ടെങ്ങനെയാണുറങ്ങുന്നതു്. ആകട്ടെ നീയിത്രനേരവും എവിടെയായിരുന്നു?

മാത്യു:- ഞാനാ വായനശാലവരെ പോയതായിരുന്നു അമ്മേ ഞാൻ പോയിട്ടു് കുറച്ചുനേരമല്ലേ ആയൊള്ളു

മേരി:- ഒവ്വോവ്വ. ചേട്ടൻ ഉച്ച കഴിഞ്ഞപ്പും പോയതല്ലേ. ചുമ്മാ വായിച്ചോണ്ടിരുന്നപ്പും നേരം പോയതറിഞ്ഞില്ല

അമ്മ:- എടാ കുഞ്ഞേ, നീയീ വായനശാലേപ്പോക്കും എഴുത്തും വായനേം ഒക്കെക്കൊണ്ടിരുന്നാ എന്തു പുണ്യം കിട്ടാനാ മോനേ?

മാത്യു:- ഉം അമ്മയ്ക്കറിഞ്ഞുകൂടാഞ്ഞല്ലേ. ഞാനൊരു വലിയ മഹാനാകാനല്ലിയോ ഇങ്ങനെ എഴുതുകേം വായിക്കുകേം ഒക്കെച്ചെയ്യുന്നതു്. നോക്കിക്കേ, അമ്മ ഇതുകണ്ടോ എന്റെ കവിത പ്രസിദ്ധീകരിച്ചിരിക്കുന്നതു്. (മാസിക കാണിക്കുന്നു)

മേരി:- ഏതാ ചേട്ടാ, ചേട്ടന്റെ കവിതയാണോ (അവൾ മാസിക പിടിച്ചു വാങ്ങി നോക്കുന്നു)

അമ്മ:- എനിക്കതൊന്നും കാണണ്ടാ. ആ കഥേം കവിതേം ഒക്കെക്കൊണ്ടിരുന്നാ ഒരുപുണ്യോം കിട്ടത്തില്ല. മററു ജോലിയൊന്നും കിട്ടത്തില്ലേ, വല്ല കൂലിപ്പണിയേലും എടുക്കു്. നാഴി അരിമേടിച്ചു് തിളപ്പിച്ചു് വെള്ളം കുടിക്കാവല്ലോ

മേരി:- വേണ്ടചേട്ട, ചേട്ടൻ കൂലിപ്പണിക്കൊന്നും പോകണ്ട. അമ്മയ്ക്കെങ്കിലും നാണമില്ലല്ലോ! ഇത്രേം പഠിച്ച ചേട്ടൻ കണ്ട പെലേരെപ്പോലെ പണിക്കുപോകാൻ. ചേട്ടൻ പോകണ്ട ചേട്ടാ, നമ്മള കഞ്ഞിവച്ചില്ലേ വച്ചില്ല

മാത്യു:- ആകട്ടെ. അമ്മേ, വിശക്കുന്നല്ലോ. എന്തെങ്കിലും ഉണ്ടോ

അമ്മ:- എവിടന്നുണ്ടാകാനാ കുഞ്ഞേ? വല്ലതും അന്വേഷിച്ചോണ്ടു വരേണ്ട നീയല്ലേ ഈ കഥേം കൂത്തുമായിട്ടു് നടക്കുന്നതു്? (തെല്ലുകഴിഞ്ഞു ) എടീ മേരി, ആ ഒള്ളതു് വെന്തോന്നു് നോക്കിക്കേ. (മേരി പോകുന്നു)

മാത്യു:- ഇന്നെവിടുന്നാ അമ്മേ അരി വാങ്ങിച്ചതു്

അമ്മ:- ആ ശങ്കരച്ചാരുടെ കടേന്നു് ഇന്നും നാഴി അരി കടം മേടിച്ചതാ. ഇതെല്ലാം എങ്ങനെ കൊടുത്തു തീക്കുമോ. മൂന്നു രൂപാ മിച്ചം അവിടെ കൊടുക്കാനുണ്ടെന്നാ മേരിയോടു പറഞ്ഞുവിട്ടേ. ഇനി കടം ഒരുതരി അരിപോലും തരികേലെന്നും അയാള പറഞ്ഞു. അതുകൊണ്ടു് മൂന്നു രൂപാ നാളെ കൊടുക്കണം. നിന്നോടല്ലാതെ ഞാനാരോടാ പറേന്നതു്. നീയല്ലേ എന്റെ എല്ലാം. നിന്റെ വയറെരിന്നതു് കാണാമേലാഞ്ഞിട്ടാ, നാഴിംകോടെ വാങ്ങിയതു്

മാത്യു:- അമ്മേ, അമ്മ ഇനീം എനിക്കുവേണ്ടി കഷ്ടപ്പെടരുതു്. ഞാൻ വെറുതെ ചോദിച്ചതാണ് തിന്നാനെന്തെങ്കിലും ഉണ്ടോന്നു്. എനിക്ക് ഇപ്പം വിശപ്പില്ലമ്മേ. അമ്മ എന്നേപ്രതി ഇനീം വേദനപ്പെടാതിരുന്നാ മതി. ഞാൻ എങ്ങിനെയേലും ജീവിച്ചോളാം.

അമ്മ:- എന്താണ്? നീജീവിച്ചോളാമെന്നോ? നീ തന്നെ ജീവിച്ചാപ്പോര. നിനക്കൊരു പെങ്ങളുണ്ട്, അമ്മയുണ്ട്, അവരെ ഇനി രക്ഷിക്കേണ്ടതു് നീയാണ്. നിനക്കതു മനസ്സിലായിട്ടില്ല, അല്ലേ.

മാത്യു:- അമ്മേ, അമ്മ അങ്ങനെ പറയരുതു്. അമ്മ എന്റെ പ്രിയപ്പെട്ട അമ്മയാണ്. മേരി എന്റെ കുഞ്ഞുപെങ്ങളുമാണ്. അവരെ ഇനി രക്ഷിക്കേണ്ട ചുമതല എനിക്കാണ്. ഞാനതു മനസ്സിലാക്കുന്നുണ്ട്. പക്ഷേ.—

അമ്മ:- എന്താണ്! നിനക്കു് ജോലിയൊന്നുമില്ല അല്ലേ. അതികഥേം കവിതേം ആയി നടന്നിട്ടാ. അതുപോരാ, പരിശ്രമിക്കണം

മാത്യു:- ഞാൻ പരിശ്രമിക്കാഞ്ഞിട്ടാണോ അമ്മേ. എങ്ങും ജോലി കിട്ടുന്നില്ല, എന്താ ചെയ്യുക?

അ:- എങ്ങും കിട്ടാതിരിക്കേലടാ. ദൈവം അത്രയ്ക്കു കൈവിടുകേല. ഞാനങ്ങനെയാ നിന്നെ പഠിപ്പിച്ചതു്. അതിനുവേണ്ടിട്ടു പാടുപെട്ടാമോനേ ഞാനിങ്ങനെ ആയതു്. നിന്റെ അപ്പനൊണ്ടാരുന്നെ ഇങ്ങനൊന്നും കഷ്ടപ്പാടു വരുകേലാന്നു. പക്ഷെ തമ്പുരാനയാളെ പെട്ടെന്നു വിളിച്ചു. (കൂടുതൽ നിരുദ്ധകണ്ഠയാകുന്നു) ഇനി ഞാനും അതിനുമാത്രം നീളുകേല. കണ്ണടയ്ക്കുന്നേനുമുമ്പേ നീയൊരു സ്ഥാനത്തായി കണ്ടാമതി. മേരിയുടെ കാര്യം; അവളുടെ അപ്പനും അമ്മയുംകൂടി നീയാകണം

മാ:- അമ്മേ, അമ്മ എന്തൊക്കെയാണിപ്പറയുന്നതു്?

അ:- ഒന്നുമില്ല മോനേ; നീ എല്ലാം മനസ്സിലാക്കിയാമതി

മാ:- ഞാനെല്ലാം മനസ്സിലാക്കുന്നുണ്ടമ്മേ

അ:- എങ്കിൽ, പിന്നെയെന്താണ് നീ എപ്പോഴുമിങ്ങനെ എഴുത്തും വായനയുമായി മടിപിടിച്ചിരിക്കുന്നതു്; നിനക്കു യാതൊരു വിചാരവുമില്ലെന്നുതോന്നും

മാ:- എല്ലാം വിചാരമുള്ളതുകൊണ്ടാണമ്മേ ഇതെല്ലാം

അ:- വിചാരമൊണ്ടേമതി. ഏതായാലും നിന്റെ ഒറക്കമിളപ്പും എഴുത്തും വായനേമൊക്കെ കൊറച്ചു കൊറച്ചാക്കൊള്ളാം; അതേ എനിക്കു പറയാനൊള്ളു

മാ:- (നിശ്ശബ്ദനായിരിക്കുന്നു)

മേരി:- (മാത്യുവിന്റെ കവിത വായിച്ചുകൊണ്ടു പ്രവേശിക്കുന്നു) ഇതു ചേട്ടനെഴുതിയതാണോ? ചേട്ടാ. നല്ലതാണല്ലോ പാടാൻ. അപ്പളേ ചേട്ടാ, ഞാനൊരു കാര്യം പറയാൻ മറന്നുപോയി. ഉച്ചകഴിഞ്ഞപ്പഴേ ചേട്ടനെ അന്വേഷിച്ചു ഇവിടെ ഒരാള് വന്നിരുന്നു

മാ:- ആരാണ്?

മേ:- ആരാണെന്നു എനിക്കറിയാമ്മേല. അമ്മയ്ക്കു അറിയാമായിരിക്കും

മാ:- ആരാണമ്മേ?

അ:- ആ, എനിക്കറിയാമ്മേല. വല്യ വാച്ചുമൊക്കെ കെട്ടി മേൽമീശേമൊക്കെവെച്ചു ഒരാളാ. അയാള നിന്നോടു അങ്ങോട്ടു ചെല്ലാൻപറഞ്ഞിട്ടാ പോയിരിക്കുന്നതു്

മാ:- എങ്ങോട്ടു്?

അ:- എങ്ങോട്ടാവോ. ഏതാണ്ടു കുറിച്ചു് ഇവിടെ തന്നിട്ടുണ്ട്. (മേരിയോടു്) അതെന്ത്യേടീ.... നാളെ പത്തുമണിക്കു ചെല്ലാനാ പറഞ്ഞതു്

മാ:- എവിടെയാമേരി, കുറിച്ചുതന്നതിരിക്കുന്നതു്

മേ:- ഞാനിപ്പം എടുത്തോണ്ടുവരാം (അവൾ പോയിവന്നു് ഒരു തുണ്ടുകടലാസ്സു് മാത്യുവിന്റെ


**THE SOUTH INDIAN BANK LTD.**

Estd: 1929 *H. O. TRICHUR* A Scheduled Bank

SAVINGS BANK ACCOUNTS

3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

*CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES*

*BRANCHES:*

| | | |
|---|---|---|
| ALLEPPEY | KUNNAMKULAM | PALGHAT |
| ALWAYE | KOZHIKODE | POLLACHI |
| BHAVANI | KOLLENGODE | PONANI |
| COCHIN | MADRAS | SALEM |
| COIMBATORE | MANJERI | TIRUPUR |
| ERNAKULAM | MANNARGHAT | TRICHUR |
| GOBICHETTIPALAYAM | NILAMBUR | & |
| IRINJALAKUDA | OTTAPALAM | WADAKANCHERI |

കൈയിൽ കൊടുക്കുന്നു)

മാ:- (വായിച്ചുനോക്കിയിട്ട്) ഇവിടെത്തുതന്ന്യാം. ഏതായാലും നാളെ പോകാം

അ:- ആ ചെല്ല്. എന്താന്നറിയാമല്ലോ (മേരിയോട്) എടി മേരി, ആ കഞ്ഞി വെന്തോടി?

മേ:- വെന്തമ്മേ

അ:- (മാത്യുവിനോട്) ബാ, വന്നു ഒള്ളകഞ്ഞി കുടി മോനേ. നാളെ എങ്ങനെ കഞ്ഞിവെക്കുമോ.......(പോകുന്നു)

—യവനിക—

രംഗം രണ്ട്

(വിപ്ലവസാഹിത്യക്കമ്മിററി ആഫീസ്. മുൻവശത്തു ചുവന്ന ഒരു കൊടി പാറുന്നു. മാർക്സ്, ലെനിൻ മുതലായവരുടെ പടങ്ങൾ ഭിത്തിയിലുണ്ട്. ഒരു ആഫീസിനടുത്ത മററു സജ്ജീകരണങ്ങൾ. മേശയിൽ അനേകം പത്രങ്ങളും മാസികകളും. കസേരയിലിരുന്ന് ജോർജ്—മേൽമീശയും സില്ക്കുബുഷും പാൻറും അണിഞ്ഞ 23 വയസ്സോളം പ്രായമുള്ള ഒരു ചെറുപ്പക്കാരൻ—എന്തോ വായിക്കുന്നു. കതകിൽ മുട്ടുന്ന ശബ്ദം)

ജോർജ്:- ആരാണതു്? കടന്നുവരാം (മാത്യു കടന്നുചെല്ലുന്നു)

ജോ:- ആരു്! ഓ! മിസ്റ്റർ മാത്യുവോ? വളരെ സന്തോഷം. ഇരിക്കൂ (മാത്യു ഇരിക്കുന്നു)

മാത്യു:- ഇന്നലെ വീട്ടിൽ വന്നിരുന്നു ഇല്ലേ? കാണാൻ സാധിക്കാതെ വന്നതിൽ ഖേദമുണ്ട്

ജോ:- ഓ, സാരമില്ല. മാത്യുവിനെ ഒന്നു കാണാമെന്നു വിചാരിച്ചാണു വന്നതു്. പക്ഷെ മാത്യു എങ്ങോ പോയിരുന്നുവെന്നു് ആ പെൺകുട്ടി പറഞ്ഞു. ആ കുട്ടി ഏതാണ്? മാത്യുവിൻെറ......

മാ:- സിസ്റ്ററാണ്

ജോ:- ഓഹോ! സന്തോഷം. ഏതായാലും അവൾ മാത്യുവിനെപ്പോലെതന്നെ മിടുക്കിയാണ്. അവളുടെ കൈയിൽ ഒരു കുറിപ്പു കൊടുത്തിട്ടു പോരുകയാണു ചെയ്തതു്

മാ:- ഞാൻ തിരിച്ചുചെന്നപ്പോൾ അതു കിട്ടി. അതുകൊണ്ടാണ് ഞാൻ വന്നതുതന്നെ. ആകട്ടെ എന്താണ് എന്നെക്കണ്ടിട്ടു പറയാനുള്ളതു്?

ജോ:- ഓഹോ! പറയാം മാത്യു. എന്താണിത്ര ധിറുതി? ഏതായാലും രണ്ടു ചായ കുടിക്കാം; വിരോധമില്ലല്ലോ?

മാ:- ഇപ്പോൾ ചായ വേണമെന്നില്ല. പോകാൻ സ്വല്പം തിടുക്കവുമുണ്ട്. ആ മാസിക ആഫീസിൽവരെ ഒന്നു പോകുകയും ചെയ്യണം

ജോ:- അതു സാരമില്ല. ഏതായാലും ഒരു ചായകുടിക്കാം (ജോർജ് വാതിൽക്കൽപോയി ആരെയോ കൈകൊട്ടിവിളിച്ചു പറയുന്നു) എടാ പയ്യൻ, ഇങ്ങുവരു (അല്പം കഴിഞ്ഞു്) നീ ചെന്നു് രണ്ടു ചായ കൊണ്ടുവരു. രണ്ടു സിഗററുംകൂടി കൊണ്ടുപോരണം, കേട്ടോടാ (തിരിച്ചുവന്നു് മാത്യുവിനോട്) അപ്പോൾ എവിടെ പോകണമെന്നാണു പറഞ്ഞതു്?

മാ:- ...... മാസികആഫീസുവരെ; എഡിററെ ഒന്നു കാണണം

ജോ:- ഓ! ശരി. അതിൻെറ കഴിഞ്ഞ ലക്കത്തിലും മാത്യുവിൻെറ കവിതയുണ്ടായിരുന്നല്ലോ

മാ:- ശരിയാണ്, ഉണ്ടായിരുന്നു

ജോ:- വാസ്തവംപറഞ്ഞാൽ ആ കവിത ഞാൻ കാണുന്നതിനിടവന്നു. ആ കവിതതന്നെയാണ് ഞങ്ങൾ മാത്യുവിനെ വിളിക്കുവാൻ കാരണമായതു്

മാ:- അതെന്താണ്?

ജോ:- ആ കവിതയുടെ ശൈലിയും ഗാനാത്മകതയുമെല്ലാം വളരെ മനോഹരമായിരിക്കുന്നു. ആശയവും പഴേതാണെങ്കിലും തരക്കേടില്ല. പക്ഷെ ഒരു കുഴപ്പം മാത്രമുണ്ട്. ആ പ്രസിദ്ധീകരണത്തിൽ പ്രസിദ്ധപ്പെടുത്തിയതുമാത്രം തെററിപ്പോയി

മാ:- അതെന്താ? ആ മാസികയ്ക്കു ഒന്നാന്തരം സർക്കുലേഷൻ ഉണ്ടല്ലോ

ജോ:- ഉണ്ടായിരിക്കാം; എന്നാൽ കുറേ പഴഞ്ചന്മാരുടെ ഇടയ്ക്കുമാത്രമാണ്. പുരോഗമിച്ച ജനങ്ങളും സാഹിത്യകാരന്മാരുമൊന്നും അതു അല്പംപോലും വായിക്കുകയില്ല

മാ:- എന്തായാലും ആരായാലും അതു വായിക്കുന്നവരും മനുഷ്യരൊക്കെത്തന്നെയല്ലേ. മനുഷ്യരായിട്ടുള്ളവർ വായിച്ചാൽമതി

ജോ:- തന്നെയുമല്ല, മാത്യുവിനെപ്പോലെ ഇത്രയും വാസനാസമ്പന്നതയും മററുമുള്ളവർ പഴഞ്ചനാശയങ്ങളെ ഉപജീവിക്കാതെ നല്ലനല്ല വിപ്ലവകവിതകളാണ് എഴുതേണ്ടതു്; അതാണധികംപേരും ഇഷ്ടപ്പെടുന്നതു്

മാ:- സ്നേഹമാണ് എൻെറ കവിതയുടെ പ്രമേയം. ആ ആശയം പഴയതെന്നാണോ പറയുന്നതു്? എങ്കിൽ തെററിപ്പോയി. ഒരിക്കലും പുതുമനശിക്കാത്ത ഒരേയൊരു വിഷയം അതു മാത്രമാണ്

ജോ:- ആകട്ടെ, ഈ സ്നേഹഗാനങ്ങളൊക്കെ എഴുതിയാൽ എന്താണു ലഭിക്കുന്നതു്? ആ പത്രാധിപർതന്നെ എന്തു തന്നു?



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.
Kurian Mary
Thuru thikara House
Chemmanathukara, Vaikom

മാ:- പ്രതിഫലമായോ? വായിക്കുന്ന ഏതെങ്കിലും ഒരു മനുഷ്യൻെറ ഹൃദയത്തിൽ ഒരു നേരിയ തരംഗമാലയെങ്കിലും ഉണ്ടായാൽ മതി; അതെൻെറ പ്രതിഫലമായി. അല്ലാതെ പണംമാത്രം ഞാൻ ആഗ്രഹിക്കുന്നില്ല. ആ വഴിയിലായാൽത്തന്നെ പത്രാധിപർ എന്തെങ്കിലും തരാതിരിക്കുകയില്ല. പക്ഷെ അതല്ല പ്രധാനകാര്യം

ജോ:- അതുശരി. പക്ഷെ നിങ്ങൾ ജീവിക്കേണ്ടവനല്ലേ? നിങ്ങളും ഞങ്ങളും ഈ നാട്ടിലെ അനേകായിരങ്ങളും ജീവിക്കേണ്ടവരാണ്. അതിനു പണംതന്നെയാണാവശ്യം

മാ:- അതു് ഒരാവശ്യമാണ്. പണം ജീവിതത്തിൽ ഒരാവശ്യമാണ്. എന്നാൽ അതു മാത്രമല്ല ആവശ്യങ്ങൾ

ജോ:- തീർച്ചയായും അതാണ് ഏററവും പ്രധാനാവശ്യം. നിങ്ങൾക്കും അതുതന്നെ. അതുകൊണ്ടു് അതിനുള്ള മാർഗ്ഗം ഞങ്ങൾ തുറന്നു കാണിച്ചുതരാം

മാ:- എന്താണ് നിങ്ങളുടെ മാർഗ്ഗം?

ജോ:- മാർഗ്ഗമോ? ഞങ്ങൾതന്നെ നിങ്ങൾക്കു പണം തരാം. നിങ്ങളുടെ കവിതകൾക്കു് പ്രതിഫലംതന്നേക്കാം. ആവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും ചെയ്തുതരാം. പക്ഷെ ഒരു വ്യവസ്ഥയുണ്ട്. ഞങ്ങൾക്കു ഈ സ്നേഹഗാനങ്ങളാവശ്യമില്ല. നല്ല വിപ്ലവഗാനങ്ങളാണാവശ്യം. ഇതാ, നോക്കൂ (ഏതാനും പുസ്തകങ്ങൾ എടുത്തുകാണിക്കുന്നു) ഈ മാതിരിയൊക്കെ. അവ ആവേശമുള്ള കവിതകളായിരിക്കണം; ചോരയും അരിവാളുമെല്ലാം നിറഞ്ഞുനില്ക്കണം. പണം, ഇതാ, ഇപ്പോൾ തന്നെ പതിനഞ്ചുരൂപയുണ്ട് (എടുത്തു നീട്ടുന്നു) അഡ്വാൻസായി സ്വീകരിക്കൂ. ഞങ്ങളുടെ അടുത്ത വിശേഷാൽപ്രതിക്കു ഒരു കവിത അയച്ചുതന്നാൽമതി. അതിനാണ് ഈ പതിനഞ്ചുരൂപാ. പക്ഷെ ഞാൻ മുമ്പു പറഞ്ഞതുമാതിരിയുള്ളതായിരിക്കണം

(മാത്യു രൂപ വാങ്ങുന്നില്ല. അയാൾ ചിന്താമൂകനായിരിക്കുന്നു)

ചിന്തയുടെ ശബ്ദങ്ങൾ:

"ആദർശം!"

"പണം!"

"ആദർശം, അതു് ചിരംജീവിയാണ്...."

"പണം അതാണ് ജീവിതത്തിനാവശ്യം"

"പക്ഷേ,പണത്തിനു വേണ്ടിയല്ല ജീവിതം അതിനുവേണ്ടി ആദർശം ബലികഴിക്കരുതു്"

"പണത്തിൻെറ കൈയിൽ എന്തും പന്താട്ടം."

"ആയിരിക്കാം. പക്ഷെ ഏതാനും നിമിഷങ്ങൾമാത്രം. അതു് ശാശ്വതമല്ല. മഹത്തായ ആദർശം. അതു് ചിരംജീവിയാണ്. മനുഷ്യൻ മൺമറഞ്ഞാലും മനുഷ്യനെ അതു ജീവിപ്പിക്കുന്നു. അതു് കൈവിടരുതു്" (പ്രകാശം)

മാത്യു:- ഇല്ല. വേണ്ട എനിക്കാ പണം ആവശ്യമില്ല. പണത്തിനുവേണ്ടി എൻെറ ആദർശം മാററിമറിക്കുവാൻ സാദ്ധ്യമല്ല. സഹോദരനും സഹോദരനും തമ്മിൽ ചോര ചൊരിയുന്ന ആ വിദ്വേഷത്തിൻെറ വിപ്ലവമല്ല, പരസ്പരസ്നേഹത്തിൻെറ ശീതളമാരുതനാണ് ഇന്നത്തെ ആവശ്യം. അതിൻവേണ്ടി മാത്രമാണ് ഞാൻ തൂലിക ചലിപ്പിക്കുക. അതുകൊണ്ടു്, ക്ഷമിക്കണം, നിങ്ങൾ പറയുന്നതു് സ്വീകരിക്കുവാൻ നിവൃത്തിയില്ല. നിങ്ങളുടെ പണം അവിടെത്തന്നെ വച്ചുകൊണ്ടാൽ മതി.

ജോർ:- എങ്കിൽ നിങ്ങൾക്കു പോകാം. പക്ഷെ നന്നായിട്ടു ചിന്തിച്ചാൽ ദുഃഖിക്കേണ്ടി വരില്ല.

മാത്യു:- നിങ്ങൾ പറയുന്ന ഇക്കാര്യം സ്വീകരിക്കാത്തതുകൊണ്ടു് എനിക്കറപ്പുണ്ട്. ഒന്നുംസംഭവിക്കാൻ പോകുന്നില്ല. അഥവാ എന്തുമുണ്ടായിക്കൊള്ളട്ടെ, ഞാൻ തന്നെ സഹിച്ചുകൊള്ളാം. പോകട്ടെ, നമസ്കാരം! (പോകുന്നു)

(രവീന്ദ്രൻ പ്രവേശിക്കുന്നു. ഇരുപത്തഞ്ചു വയസ്സ്, പരിഷ്കൃതമായ വേഷവിധാനങ്ങൾ)

രവി:- അപ്പോൾ സഖാവേ, അയാൾ നമ്മുടെ പ്ലാനിൽ നില്ക്കുകയില്ലെന്നോ? (പറഞ്ഞുകൊണ്ടു് ഇരിക്കുന്നു) അതു പോരായ്കയാണല്ലോ

ജോർ:- അയാൾ സമ്മതിക്കുന്ന ഭാവമില്ല. വലിയ ആദർശപ്രേമമാണ്.

രവി:- എങ്കിൽ അതപകടമാണ്. അയാൾ വളരുന്നതു് അപകടമാണ്. അയാൾ അങ്ങനെ വളരുവാൻ പാടില്ല!

ജോർ:- അതിനെന്താണ് ചെയ്യുക?

രവി:- ചെയ്യാനോ? അതിനു മാർഗ്ഗമുണ്ട്. ആ മാസിക ആഫീസിലേക്കല്ലേ അയാൾ പോയിരിക്കുക? തിരിച്ചുവരുമ്പോൾ രാത്രിയാവണം അപ്പോൾ...തയ്യാറായിക്കൊള്ളുക. അയാളെ ഇന്നുരാത്രി തന്നെ മഹാകവിയാക്കിക്കളയാം. ഇതു തീർച്ചയാക്കിയതുതന്നെ. ഞാൻ ചിലതു് ശരിയാക്കട്ടെ. (പോകുന്നു)

(ജോർജിനു് എന്തോ ഒരു ഭാവവ്യത്യാസം പോലെ അയാൾ ചിന്താമൂകനായി വിദൂരചക്രവാളത്തിലേക്കു നോക്കി നിശ്ചലനായിരിക്കുന്നു. (യവനിക) (തുടരും)

ലീജിയൻ പംക്തി

# ലീജിയൻ പത്രാധിപസമിതിയോഗം



കേരള സെനാത്തൂസ് പത്രാധിപസമിതിയുടെ പ്രഥമ സമ്മേളനം 1957 ഒക്ടോബർ 19-ാംനു ശനിയാഴ്ച 11 മണിക്ക് എറണാകുളം ഉണ്ണിമിശിഹാ പള്ളിമേടയിൽവച്ച് കൂടി. റവ. ഫാ. ഇ ലോപ്പസ്, എറണാകുളം; ബ്ര: സി ടി കുര്യാക്കോസ് ആലപ്പുഴ; സി: പി എൽ ഏലിക്കുട്ടി എറണാകുളം; എന്നിവർ സന്നിഹിതരായിരുന്നു.

"സത്യദീപം" വാരികയിൽ ഒരു ലീജിയൻ പംക്തി ആരംഭിക്കുവാൻ സമ്മതിച്ചതിനു് പത്രാധിപർ റവ. ഫാ. ജോസഫ് വിതയത്തിൽ അവർകളോട് പ്രസ്തുത സമിതിക്കുള്ള കൃതജ്ഞത ആദ്യമായി രേഖപ്പെടുത്തി.

ലീജിയൻ ഓഫ് മേരിയുടെ ആദർശവും പ്രവർത്തനവും ഉജ്ജീതപ്പെടുത്തുവാനും കേരളം വിശ്വാസചൈതന്യത്തിലും പ്രേഷിതപ്രവർത്തനത്തിലും പുരോഗമിക്കുവാനും ലീജിയൻ പംക്തി എപ്രകാരം ഉപയോഗപ്പെടുത്തണമെന്നു് ആലോചിച്ചശേഷം താഴെ കാണുന്ന തീരുമാനങ്ങൾ അംഗീകരിച്ചു.

1) ഇന്നു പ്രേഷിത്യപ്രസ്ഥാനം ഒരു അടിയന്തിരാവശ്യമായിരിക്കുകയാൽ ഈ പ്രസ്ഥാനത്തിനു പത്രപംക്തിയിൽ മുൻഗണന നൽകിക്കൊണ്ടു് സെപ്റ്റംബർ 27-ാംനു പ്രസിദ്ധം ചെയ്ത ലേഖനത്തെത്തുടർന്നു് ഈ പ്രസ്ഥാനത്തിൻെറ ആവശ്യകതയും അതിൻെറ പ്രവർത്തനരീതിയും വിശദീകരിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധംചെയ്യുക. പ്രേഷിത്യൻ യോഗങ്ങൾ നടത്തുന്നതിനു് പ്രസ്തുത ലേഖനങ്ങൾ കേരളത്തിലെ ലീജിയൻ സമിതികൾക്കു സഹായകമായിരിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

2) സത്യദീപം പംക്തിയിലേക്കു മററു ലേഖനങ്ങൾ ശേഖരിക്കുക. ലേഖനങ്ങൾ തയാറാക്കുവാൻ സെനാത്തൂസിൻെറ കീഴിലുള്ള എല്ലാ സൈനികരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

3) ലേഖനങ്ങൾ ലീജിയൻ ഓഫ് മേരിയെ അധികരിച്ചുള്ളവയായിരിക്കണം. ലീജിയൻ നിയമഗ്രന്ഥം, ലീജിയൻ പ്രേഷിതജീവൻ, മരിയ ലീജിയോനിസ് ആദിയായ ഗ്രന്ഥമാസികകളെ ആസ്പദമാക്കി അവ എഴുതാവുന്നതാണ്.

4) ഓരോ ലേഖനവും സാധാരണയായി സത്യദീപത്തിലെ രണ്ടര കോളത്തിൽ അധികമാകരുതു്.

5) ലേഖനങ്ങൾ കേരള സെനാത്തൂസ് പത്രാധിപസമിതിയുടെ മേൽനോട്ടത്തിൽ ആയിരിക്കും പ്രസിദ്ധപ്പെടുത്തുക.

6) ലേഖനങ്ങൾ "റവ. ഫാദർ ഇ. ലോപ്പസ്, ഇൻഫൻറ് ജീസസ് പള്ളി. എറണാകുളം 1—" എന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കണം.

(1-ാംപേജ് തുടർച്ച)

നിരയാക്കിയിട്ടുണ്ട്. കേരളത്തിലെ ഇന്നത്തെ യുവതലമുറയിലും ഈ പാഷാണം കുത്തിവയ്ക്കുവാൻ അവർ വ്യാമോഹിക്കുന്നുണ്ട്. അതിൻെറ പ്രാരംഭപ്രവർത്തനമാണ് പുതിയ വിദ്യാഭ്യാസബില്. അതിൽ നിക്ഷിപ്തമായിരിക്കുന്ന ഒളിയമ്പുകൾ ഏവയെന്നു് കമ്മ്യൂണിസത്തെപ്പററി ശരിയായി അറിഞ്ഞിട്ടുള്ളവരെ—പഠിച്ചിട്ടുള്ളവരെ—പറഞ്ഞറിയിക്കേണ്ട കാര്യമില്ല. മനുഷ്യാത്മാക്കളെ നിർദ്ദയം നിഹനിക്കുന്ന ആഗ്നേയാസ്ത്രങ്ങളാണവയെന്നു് താത്വികമായി ചിന്തിക്കുന്നവർക്കു മനസ്സിലാകും. ഈശ്വരവിശ്വാസമുള്ള ഏതൊരു കേരളീയപൗരനും, ഈ വസ്തുത മനസ്സിലാക്കി, ഈ ബില്ലിനെ എതിർത്തു് പരാജയപ്പെടുത്തേണ്ട ചുമതലയുണ്ട്. സത്യത്തിൻേറയും നീതിയുടേയും പരസ്നേഹത്തിൻേറയും പ്രവാചകന്മാരായ ക്രിസ്തുവിൻെറ ധർമ്മഭടന്മാർ—കത്തോലിക്കർ ആത്മത്യാഗംചെയ്തുപോലും ഈ കടുത്ത അനീതിക്കെതിരെ സമരം ചെയ്യേണ്ടതു് അവരുടെ ധാർമ്മികമായ ചുമതലയാണ്

(തുടരും)

(11-ാംപേജ് തുടർച്ച)

ങ്കിലും ലഭിച്ചിരിക്കണമല്ലോ ആ പ്രത്യേകസിദ്ധി പരമാധികാരം മാത്രമാണ്. പരമാധികാരം മുഖേനയാണ് പത്രോസു തലവനും മാനനീയനുമായതു്.

(തുടരും)

## കൃതജ്ഞത

വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥത്താലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത, താമസിച്ചതിനു ക്ഷമാപണം.

മേരി നീലങ്കാവിൽ, പാലയൂർ

## വിനോദവീഥി

രാമു—"എൻെറഅച്ഛൻ ഇന്നലെ 20 പ്രാവശ്യം മുഖം വടിച്ചു"

സഹപാഠി—"അതെന്താ? അയാൾക്കു ഭ്രാന്തുണ്ടോ?"

രാമു—"അല്ല. എൻെറഅച്ഛനു ജോലി ക്ഷൗരമാണ്."

x x x

മദ്യപാനിയായ ഭർത്താവിനെ ഒരു നല്ല പാഠം പഠിപ്പിക്കണമെന്നു നിശ്ചയിച്ച ഭാര്യ ഒരു സൂത്രം പ്രയോഗിച്ചു. ഒരു കരിമ്പടമെടുത്തു പുതച്ചു. ഫ്ളാഷ് ലൈററ് അയാളുടെ കട്ടിലിനു നേരെ ഇണക്കി. മദ്യപാനം കഴിഞ്ഞു് ഓമ്മവിട്ടു ഉറങ്ങിക്കിടന്ന അയാളുടെ കണ്ണിലേക്കു ലൈററ് സ്വിച്ച് ചെയ്തുകൊണ്ടു് ഒരട്ടഹാസത്തോടെ ചാടിവീണു. ഭയാക്രാന്തനായി അർദ്ധപ്രജ്ഞനായി കണ്ണുതുറന്ന അയാൾ ചോദിച്ചു:- "നീ ആരെടാ?"

ഭൂതം—"ഞാൻ പിശാചാണ് ഹാ!!"

മദ്യപൻ—"പിശാചോ? കൊള്ളാം. നിൻെറ പെങ്ങളെയല്ലേ ഞാൻ കല്യാണം കഴിച്ചിരിക്കുന്നതു്. ഇരിക്കളിയാ. കൈകൊടുക്കൂ!"

x x x

ഡോക്ടർ രോഗിണിയെ പരിശോധിച്ചശേഷംപറഞ്ഞു:- "ഇതത്ര ഗൗരവമായ ഒരു സുഖക്കേടല്ല. കുറച്ചുശക്തികിട്ടത്തക്ക ഒരു കുത്തിവയ്പു നടത്തിയാൽ മതി. ഇവിടെ വരൂ. നാവുനീട്ടൂ, കാണട്ടെ."

ഭർത്താവ്—"സാറേ, അവളുടെ നാവിനു ശക്തികൊടുക്കുന്ന കുത്തിവയ്പൊന്നും ആവശ്യമില്ല. അതിനിപ്പോൾ തന്നെ ഭയങ്കര ശക്തിയാ."

വിമർശനപംക്തി

# പത്രോസിന്റെ പരമാധികാരം

(തുടർച്ച)

ക്രിസ്തു നേരത്തെ വാഗ്ദാനം ചെയ്കയും പുനരുത്ഥാനാനന്തരം ആഘോഷമായി നൽകിയതുമായ പരമാധികാരം വിശുദ്ധ പത്രോസിനുണ്ടായിരുന്നുവെന്നു വേദപുസ്തകത്തിലെ ഇതരപ്രസ്താവങ്ങളും സൂചനകളും തെളിയിക്കുന്നു. ചിലതുമാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം.

1. തന്റെ ശിഷ്യന്മാരിൽ പത്രോസുമാത്രമാണ് ക്രിസ്തുദത്തമായ പുതിയ പേരിൽ അറിയപ്പെട്ടുന്നത്. പത്രോസിനെ കണ്ട ഉടനെ "യോനായുടെ പുത്രനായ ശിമയോനെ നീ കേപ്പാ(പത്രോസ്, എന്നു വിളിക്കപ്പെടും" (യോഹ: I 41-42) എന്ന് ഒരു പുതിയ പേരു ക്രിസ്തു നൽകുന്നു. മററു ശ്ലീഹന്മാർക്കും ഇങ്ങനെ ഒരു പേരുമാററം കാണുന്നില്ല, സബ്ദൈ പുത്രന്മാരായ യാക്കോബും യോഹന്നാനും ബ്ഠനെ റെഗ്ഗെശ് (ഇടിയുടെ പുത്രന്മാർ) എന്നൊരു പേർ നൽകപ്പെട്ടുന്നുണ്ടെങ്കിലും ഒരു സംജ്ഞാനാമമായി അവരോ മററുള്ളവരോ അതു സ്വീകരിച്ചുകാണുന്നില്ല.

2. ശ്ലീഹന്മാരുടെ പേരു പറയുമ്പോഴൊക്കെ ഒന്നാംസ്ഥാനം പത്രോസിനു നൽകപ്പെട്ടുന്നു. "പന്ത്രണ്ടുശ്ലീഹന്മാരുടെ പേരുകൾ ഇവയാകുന്നു: അവരിൽ ഒന്നാമൻ കേപ്പാ എന്നു വിളിക്കപ്പെടുന്ന ശിമയോൻ..." (മത്തായി X 2). ഇതിനു് ഒരു എതിർവാദം ചിലർ ഉന്നയിക്കാറുണ്ട്. "തൂണുകളാകുന്നുവെന്നു വിചാരിക്കപ്പെട്ടിരുന്ന യാക്കോബും കേപ്പായും യോഹന്നാനും" (ഗലാത്യ: II a) എന്ന വിശുദ്ധ പൗലോസിന്റെ പ്രസ്താവനയിൽ കേപ്പായ്ക്കു രണ്ടാം സ്ഥാനം നൽകിയിരിക്കുന്നുവെന്നതാണതു്. പക്ഷെ ഇതു സാമാന്യനിയമത്തിന്റെ ഒരു അപവാദമായി കണക്കാക്കാനേയുള്ളു. പൗലോസ് അപ്പസ്തോലന്മാരുടെ പട്ടിക നൽകുകയല്ല ഇവിടെ ചെയ്യുന്നതു്. വിശുദ്ധ പൗലോസിന്റെ മൂലകൃതി നഷ്ടപ്പെട്ടുപോയിരിക്കുകയാണ്. പകർപ്പുകൾമാത്രമേ ഇന്നുള്ളു. ഈ പകർപ്പുകളിൽ ചിലതിൽ "കേപ്പാ, യാക്കോബു്, യോഹന്നാൻ" എന്ന ക്രമത്തിലാണു നാമനിർദ്ദേശം ചെയ്തിരിക്കുന്നതു്. (see Uncial Mss D E F. G.) തൂണുകളിൽ നടുക്കുള്ളതിനാണല്ലോ പ്രാധാന്യം എന്നുകരുതി ചില പകപ്പെഴുത്തുകാർ കേപ്പായുടെ പേർ നടുക്കുവച്ചതായിരിക്കണം.

3. തന്റെ പീഡാനുഭവത്തിന്റെ തലേരാത്രി ക്രിസ്തു പത്രോസിനോടു പറയുന്നു: "ശിമയോനെ ശിമയോനെ, ഇതാ സാത്താൻ നിങ്ങളെ കോതമ്പുകൾ എന്ന പോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാനോ നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിന്നെക്കുറിച്ചു പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിന്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക" (ലൂക്കാ XXII 31—32) വളരെ ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ട ഒരു പ്രഭാഷണഭാഗമാണിതു്. സാത്താൻ ഗോതമ്പുപോലെ വേർതിരിക്കുവാൻ അന്വേഷിച്ചു നടക്കുന്നതു് "നിങ്ങളെ" (പത്രോസും മററു ശ്ലീഹന്മാരും ഉൾപ്പെടെ എല്ലാവരേയും) ആണ്. എന്നാൽ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ക്രിസ്തു പ്രാർത്ഥിക്കുന്നതോ "നിനക്കു" (പത്രോസിനു്)വേണ്ടി മാത്രമാണ്. മററു ശ്ലീഹന്മാരിൽനിന്നു പത്രോസിനെ വ്യത്യസ്തനായി ക്രിസ്തു കണക്കാക്കുന്നു. എന്നിട്ടു് വ്യത്യസ്തനായ പത്രോസിനോടു കല്പിക്കുകയാണ് "നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" എന്ന്. പത്രോസിന്റെ സഹോദരന്മാരുടെ കൂട്ടത്തിൽ മററു ശ്ലീഹന്മാരും ഉൾപ്പെടുന്നല്ലോ. അവരെക്കൂടി ഉറപ്പിക്കുവാനുള്ള ഉദ്യോഗമാണ് പത്രോസിനു് ഇവിടെ ക്രിസ്തു പ്രദാനംചെയ്യുന്നതു്. ഇതു പരമാധികാരമല്ലെങ്കിൽ പിന്നെ എന്താണ്?

4. പന്ത്രണ്ടു ശിഷ്യന്മാരിൽനിന്നു മിശിഹാ പ്രത്യേകവിധം തിരിഞ്ഞെടുത്ത മൂന്നുപേരിൽ പ്രധാനിയായിരുന്നു പത്രോസ്. ഗെത്സെമൻതോട്ടത്തിൽ വച്ച് ഈ മൂന്നുപേരുടെ പക്കലേക്കു ഈശോ ചെന്നപ്പോൾ അവർ ഉറങ്ങുന്നതായിട്ടാണു കണ്ടതു്. അപ്പോൾ "ശിമയോനെ, നീ ഉറങ്ങുകയാണോ" എന്നു പത്രോസിനോടുമാത്രമാണ് ക്രിസ്തു ചോദിക്കുന്നതു്(മർക്കോ: XIV, 37) ജനസരേത്തുതടാകത്തിൽ രണ്ടു പടവുകൾ ഉണ്ടായിരുന്നിട്ടു് ശിമയോൻകേപ്പായുടെ പടവിൽ കയറിയിരുന്നാണു ജനക്കൂട്ടത്തോടു ക്രിസ്തു പ്രസംഗിച്ചതു് (ലൂക്കാ V 3)

5. ഈശോയും ശിഷ്യന്മാരും കഫർണാമിൽ ആയിരിക്കുമ്പോൾ തലവരിപ്പണം പിരിക്കുന്നവർ ശിഷ്യന്മാരുടെ അടുക്കൽ വന്നു് "നിങ്ങളുടെ റബ്ബി തന്റെ തലവരിപ്പണം കൊടുക്കുന്നില്ലല്ലോ" എന്നു അവർ ചോദിക്കുന്നതു പത്രോസിനോടാണ്. അവർക്കു പോലും ശ്ലീഹന്മാരിൽ പ്രധാനി പത്രോസായിരുന്നുവെന്നു് അറിയാമായിരുന്നെന്നല്ലേ ഇതു തെളിയിക്കുന്നതു്? തലവരിപ്പണം പിരിവുകാർ ഈശോയുടെ തലവരിപ്പണംമാത്രമേ ആവശ്യപ്പെട്ടുന്നുള്ളു. എന്നാൽ ഈശോ പത്രോസിനോടു കല്പിക്കുന്നതോ? "നീ ചൂണ്ടയിട്ടുകിട്ടുന്ന ആദ്യമത്സ്യത്തിന്റെ വായ്‌തുറക്കുക; അപ്പോൾ ഒരു എസ്താറാ നീ കണ്ടെത്തും. നീ അതെടുത്തു എനിക്കും നിനക്കുംവേണ്ടി കൊടുക്കുക" (മത്തായി XVIII 23—26) പത്രോസിനുവേണ്ടിക്കൂടി തലവരിപ്പണം കൊടുക്കുന്നു; മററു ശിഷ്യന്മാക്കുവേണ്ടി കൊടുക്കുന്നുമില്ല എന്നതു ശ്രദ്ധേയമാണ്.

6. ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ ഒരു സംഭവം ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. കഴിമാടത്തിങ്കൽ ചെന്ന ഭക്തസ്ത്രീകളോടു മാലാഖ പറയുകയാണ്: "നിങ്ങൾപോയി ...അവന്റെ ശിഷ്യന്മാരോടും കേപ്പായോടും പറയുവിൻ" (മർക്കോ XVI. 7) കർത്താവു ഉയിർത്തിട്ടു ആദ്യമായി ശെമയോനു പ്രത്യക്ഷനായി (ലൂക്കാ XXIV. 34) "അവിടുന്നു മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കയും, കേപ്പായിക്കും അതിനുശേഷം പന്ത്രണ്ടുപേർക്കും പ്രത്യക്ഷനാകുകയുംചെയ്തു" (I കോറി. XV 4, 5) ഇതിൽനിന്നു പത്രോസിനു പ്രാധാന്യമുണ്ടെന്നല്ലേ തെളിയുന്നതു്?

7. തന്റെ ശിഷ്യന്മാരിൽ പത്രോസിന്റെ മരണത്തെപ്പററി മാത്രമേ മിശിഹാ തെളിവായി പ്രവചിക്കുന്നുള്ളു. എന്നു മാത്രമല്ല അദ്ദേഹത്തോടുമാത്രമേ "എന്റെ പിന്നാലെ വരിക" എന്നു അരുളിച്ചെയ്യുന്നുള്ളു (യോഹ: XXI, 18, 19) ഇതു പത്രോസിനോടു പ്രത്യേകവിധമായ ഒരു പരിഗണന കാണിക്കുകയാണല്ലോ.

8. സുവിശേഷകന്മാർ പത്രോസിന്റെ പ്രാധാന്യം സമ്മതിച്ചു പറയുന്നുണ്ടു്. "പത്രോസും അവന്റെ കൂടെയുണ്ടായിരുന്നവരും" (ലൂക്കാ VIII, 45) എന്നാണു വിശുദ്ധ ലൂക്കാ ശിഷ്യസമൂഹത്തെ കണക്കാക്കിയിരിക്കുന്നതു്. "ശിമയോനും അവനോടുകൂടിയുള്ളവരും" (മർക്കോ: I, 36) എന്നു വിശുദ്ധ മർക്കോസും രേഖപ്പെടുത്തുന്നു. പുനരുത്ഥാനദിനത്തിൽ യോഹന്നാനും പത്രോസും മിശിഹായുടെ കബറിങ്കലേക്കോടി. യോഹന്നാനാണ് ആദ്യമായി അവിടെ എത്തിയതു്. എന്നാൽ അദ്ദേഹം പ്രേതാലയത്തിൽ പ്രവേശിച്ചതേയില്ല. പിന്നാലെവന്ന പത്രോസ് പ്രേതാലയത്തിൽ പ്രവേശിച്ചതിനുശേഷമേ "ഒന്നാമതായി വന്ന ആ മറേറശിഷ്യൻ പ്രേതാലയത്തിൽ പ്രവേശിച്ചുള്ളു" (യോഹ: XX 3—8)

9 ക്രിസ്തു സ്ഥാപിച്ച സഭയിൽ തനിക്കുള്ള പരമാധികാരം പത്രോസു ശരിക്കു മനസ്സിലാക്കിയിരുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണാനന്തരം യൂദായുടെ സ്ഥാനത്തു വേറൊരാളെ ശ്ലീഹായായി നിയമിച്ചതിനു കാരണഭൂതൻ പത്രോസായിരുന്നു (നടപടി I, 15) യൂദായെ തിരിഞ്ഞെടുത്തതു മിശിഹാതന്നെയായിരുന്നല്ലോ. യൂദാ നഷ്ടപ്പെടുത്തിയ സ്ഥാനത്തേക്കു അവിടുന്നു മറെറാരാളെ തിരിഞ്ഞെടുത്തില്ല. ആ ജോലി നിർവ്വഹിക്കുന്നതു പത്രോസാണ്. "എന്റെ ആടുകളെ എനിക്കുവേണ്ടി നീ മേയിക്കുക" എന്ന കല്പന അങ്ങനെ അദ്ദേഹം നിർവ്വഹിച്ചു തുടങ്ങി.

Chakolas
SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.
EP

10. പെന്തക്കുസ്താ ദിവസം, ഒന്നാമതായി പ്രസംഗിച്ചതും എല്ലാവരേയും സ്വർഗ്ഗരാജ്യത്തിലേക്കു ക്ഷണിച്ചതും പത്രോസാണ്. (നടപടി II, 14) പത്രോസിന്റെ പ്രസംഗാനന്തരം അനുതപ്തരായ ആളുകൾ, തങ്ങൾ എന്താണു ചെയ്യേണ്ടതെന്നു "പത്രോസിനോടും മററു ശ്ലീഹന്മാരോടും" ചോദിക്കുന്നു. അനുതപിച്ചു സ്നാനപ്പെടുവാൻ പത്രോസാണ് അവരോടു പറയുന്നതു് (നടപടി II, 37, 38)

11. പുറജാതിക്കാരനായ കൊർണേലിയൂസിനോടു മാലാഖാ ആവശ്യപ്പെടുന്നതു് "കേപ്പാ എന്നു വിളിക്കപ്പെടുന്ന ശിമയോനെ വരുത്തു"വാനാണ്(നടപടി X 5) പുറജാതിക്കാരെ സഭയിൽ സ്വീകരിക്കുകയെന്നതു്, അന്നത്തെ സ്ഥിതിക്കു്, പരമാധികാരപരമായ ഒരു പ്രവൃത്തിയായിരുന്നു. അവരെ സ്വീകരിക്കേണ്ട സമയവും വിധവും ദൈവം പത്രോസിനാണ് വെളിപ്പെടുത്തിയതു്. പുറജാതികളെ സ്വീകരിക്കുന്നതു യൂദയായിലുള്ള ശ്ലീഹന്മാർക്കും സഹോദരന്മാർക്കും ഇഷ്ടമുള്ള കാര്യമായിരുന്നില്ല. പക്ഷെ പത്രോസിന്റെ വാക്കുകൾ കേട്ടപ്പോൾ അവർ അടങ്ങുകയും ദൈവത്തെ സ്തുതിക്കുകയുമാണു ചെയ്തതു് (നടപടി XI, 1, 18)

12. ഹേറോദേസ് അഗ്രിപ്പാസിന്റെ കാലത്തു ക്രിസ്ത്യാനികളെ ദ്രോഹിക്കുകയുണ്ടായല്ലോ. അന്നു പത്രോസ് തടവിലാക്കപ്പെട്ടപ്പോൾ സഭയിൽ ഇടവിടാതെ പ്രാർത്ഥന നടന്നു. ദൈവം പത്രോസിനെ അത്ഭുതകരമായി ജയിലിൽനിന്നു മോചിപ്പിക്കുകയും ചെയ്യുന്നു.

13. ഓർശ്ലേം സൂനഹദോസിൽ "വലിയ തക്കമുണ്ടായപ്പോൾ" പത്രോസാണു എഴുന്നേററുനിന്നു് എന്തു ചെയ്യണമെന്നു വെളിപ്പെടുത്തുന്നതു്. പത്രോസിന്റെ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ "ജനക്കൂട്ടം മുഴുവൻ മിണ്ടാതെ." പിന്നീടു യാക്കോബു ജനക്കൂട്ടത്തോടു പറയുന്നതു് "ശിമയോൻ നിങ്ങളെ വിവരിച്ചു് അറിയിച്ചുവല്ലോ" എന്നാണ് (നടപടി XV 7, 12, 14)

14. വി. പൗലോസു "ഓടിയതോ ഓടുന്നതോ വൃഥാ എന്നു വരാതിരിക്കാൻ" വേണ്ടി ഓർശ്ലേത്തേക്കു ചെന്നു് "എന്തോ ആയിരുന്നുവെന്നു കരുതപ്പെട്ടിരുന്നവർക്കു രഹസ്യത്തിൽ അതു കാണിച്ചുകൊടുക്കുന്നു" (ഗലാ: II 1-2) ഓർശ്ലേത്തു് ഈ "എന്തോ ആയിരിക്കുന്നു എന്നു കരുതപ്പെട്ടിരുന്നവർ" ആരായിരുന്നു? "കേപ്പായെ കാണുവാനായി ഞാൻ ഓർശ്ലേത്തു പോയി പതിനഞ്ചു ദിവസം അവന്റെ അടുക്കൽ താമസിച്ചു. എന്നാൽ നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബിനെക്കൂടിയല്ലാതെ ശ്ലീഹന്മാരിൽ മറെറാരുത്തനേയും ഞാൻ കണ്ടില്ല." (ഗലാ: I 18, 19) അപ്പോൾ താൻ ഓടിയതോ ഓടുന്നതോ വൃഥാ ആകാതിരിക്കുവാൻ പൗലോസ് പോയി കണ്ടു രഹസ്യത്തിൽ കാണിച്ചുകൊടുത്തതു പത്രോസിനെയാണ്. സഭയുടെ പരമാധികാരിയായ പത്രോസിനെ. അക്കൂട്ടത്തിൽ ഓർശ്ലേമിന്റെ ഒന്നാമത്തെ മെത്രാനായ യാക്കോബിനെയും കാണുന്നു.

ഇങ്ങനെ പല തെളിവുകൾ വേദപുസ്തകത്തിൽനിന്നു ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ഇവയിൽനിന്നെല്ലാം തെളിയുന്നതു ക്രിസ്തു പത്രോസിനെ തന്റെ സഭയിൽ പരമാധികാരിയായി നിയമിച്ചു എന്നാണ്. ആദിമനൂററാണ്ടുകളിലെ ക്രിസ്ത്യാനികളും ആ രീതിയിൽ തന്നെയാണു മനസ്സിലാക്കിയിരുന്നതു്. ആദിമസഭയിലെ അഗ്രഗണ്യന്മാരായ സഭാപിതാക്കന്മാർ ഇതേപ്പററി പറയുന്നതെന്താണെന്നു നമുക്കു നോക്കാം.

1. ഓരിജെൻ: "പത്രോസിനു ആടുകളെ മേയിക്കുവാനുള്ള പരമാധികാരം നൽകപ്പെട്ടുകയും, നിലത്തെന്നപോലെ അദ്ദേഹത്തിന്റെ മേൽ സഭ സ്ഥാപിക്കപ്പെട്ടുകയും ചെയ്തു" "അദ്ദേഹം ഏററം ഉറപ്പുള്ള പാറയും, തിരുസഭയുടെ വലിയ അടിസ്ഥാനവും, ശ്ലീഹന്മാരെല്ലാവരുടെയും പരമശ്രേഷ്ഠനും ആയിരുന്നു."

2. വി. സിപ്രിയാൻ: "ഏകമായ സഭ, അതിന്റെ താക്കോലുകൾ കൂടെയും സ്വീകരിച്ചു ഒരുവനിൽ കർത്താവിന്റെ സ്വരത്താൽസ്ഥാപിക്കപ്പെട്ടു." "ആരുടെ മേൽ സഭ സ്ഥാപിക്കപ്പെട്ടുവാനിരുന്നോ ആ പത്രോസ്." "ദൈവം ഏകൻ, മിശിഹാ, ഏകൻ, സഭ ഏകം, കർത്താവിന്റെ സ്വരത്താൽ പാറമേൽ സ്ഥാപിക്കപ്പെട്ട സിംഹാസനം ഏകം."

3. വി. അപ്രേം: "ശിമയോനെ...നിന്നെ ഞാൻ വിശുദ്ധ സഭയുടെ അടിസ്ഥാനമാക്കി. മുമ്പെതന്നെ നിന്നെ ഞാൻ പാറ എന്നു വിളിച്ചു. എന്തുകൊണ്ടെന്നാൽ സഭയെ മുഴുവനും നീ താങ്ങും."

4. വി. എപ്പിഫാനിയൂസ്: "പത്രോസു ശ്ലീഹന്മാരുടെ പ്രമാണിയാകുന്നു. അദ്ദേഹം നമുക്കു് ഉറപ്പുള്ള പാറപോലെയായി. അടിസ്ഥാനത്തിൽ എന്നപോലെ കർത്താവിന്റെ വിശ്വാസം അദ്ദേഹത്തിൽ ഊന്നിയിരിക്കുന്നു. തിരുസഭ അദ്ദേഹത്തിന്റെമേൽ എല്ലാ പ്രകാരത്തിലും പണിയപ്പെട്ടു.

5. നീസായിലെ വി. ഗ്രിഗോരിയൂസ്: "പത്രോസുശ്ലീഹാ സംഘത്തിൽ പ്രമാണിയും, ശ്ലീഹന്മാരുടെ തലവനും, ദിവ്യരക്ഷകനാൽ സ്ഥാപിക്കപ്പെട്ട തിരുസഭയുടെ സ്ഥിരതയുള്ളതും ഉറപ്പുള്ളതുമായ പാറയും ആകുന്നു."

6. നസ്സിയാൻസിലെ വി. ഗ്രിഗോരിയൂസ്: "അദ്ദേഹം ശ്ലീഹന്മാരുടെ പ്രമാണിയും, തിരുസഭയുടെ തൂണും, തിരുസഭ നില്ക്കുന്ന അടിസ്ഥാനമായ പാറയും ആകുന്നു."

7. വി. അഫ്റാത്തസ്: "കേപ്പാ, എന്നു വിളിക്കപ്പെട്ട ശിമയോൻ. അദ്ദേഹത്തിന്റെ വിശ്വാസം നിമിത്തം ഉറച്ചപാറ എന്നു വിളിക്കപ്പെട്ടു." "ജോഷ്വാ ഇസ്രായേലിൽ സാക്ഷ്യമായി കല്ലുകൾ സ്ഥാപിച്ചു നമ്മുടെ രക്ഷകനായ ഈശോ ശിമയോനെ ഉറച്ചകല്ലു് എന്നു വിളിച്ചു് അദ്ദേഹത്തെ ജാതികളുടെ ഇടയിൽ വിശ്വസ്തസാക്ഷിയായി സ്ഥാപിച്ചു." "ദാവീദു രാജാവു് രാജ്യം ശ്ലേമ്മോനെ ഏല്പിച്ചു സ്വന്ത ആളുകളുടെ പക്കൽ സ്വീകരിക്കപ്പെട്ടു (മരിച്ചു). ഈശോ താക്കോലുകൾ ശിമയോനെ ഏല്പിച്ചു സ്വർഗ്ഗാരോഹണം ചെയ്തു തന്നെ അയച്ചവന്റെ പക്കൽ തിരിച്ചെത്തി."

8. വി. അംബ്രോസിസ്: "പത്രോസ് എവിടെയോ അവിടെ സഭയുണ്ടു്. സഭ എവിടെയോ അവിടെ മരണമില്ല."

9. വിശുദ്ധ ഈറാനിമ്മോസ്: "ഞാൻ പത്രോസിന്റെ സിംഹാസനത്തോടുകൂടി നിൽക്കുന്നു. ആ പാറമേൽ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്നു് എനിക്കറിയാം."

10. വി. ആഗുസ്തീനോസു്: "ശ്ലൈഹികത്വത്തിന്റെ ആദ്ധ്യക്ഷം വഹിക്കുന്നവൻ." "അനിതരസാധാരണമായ കൃപാവരത്താൽ ശ്ലീഹന്മാരുടെ ശ്രേഷ്ഠാദ്ധ്യക്ഷസ്ഥാനം മഹോന്നതമായി സ്വീകരിച്ചിരിക്കുന്നവൻ."

സഭയിൽ വി. പത്രോസിന്റെ സ്ഥാനത്തെപ്പററി ക്രിസ്തുവും അപ്പോസ്തലന്മാരും ആദിമസഭയിലെ പിതാക്കന്മാരും ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്. പത്രോസ് പരമാധികാരിയാണെന്നുള്ളതിൽ അവർക്കാർക്കും യാതൊരു സംശയവുമില്ല. പക്ഷെ ഇക്കാലത്തു ചിലരുടെ നോട്ടത്തിൽ "പത്രോസ് സമന്മാരിൽ ഒരു തലവൻ" മാത്രമാണ്. അതു പത്രോസിന്റെ കുററമല്ലെന്നും, നോക്കുന്നവരുടെ കണ്ണടയുടെ കുററമാണെന്നും സ്പഷ്ടമാണല്ലോ. ചിലതരം കണ്ണടകൾ ധരിച്ചാൽ വസ്തുക്കളെ വികൃതമായേ കാണാൻ സാധിക്കുകയുള്ളു. കണ്ണട മാററുക മാത്രമേ ഇതിനു ഒരു പോംവഴിയുള്ളു.

സമന്മാരിൽ തലവൻ എന്നതു അർത്ഥശൂന്യമായ ഒരു പ്രയോഗമാണെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. എല്ലാകാര്യത്തിലും പത്രോസിനു മുൻസ്ഥാനമുണ്ടായിരുന്നെന്നും പക്ഷെ അതു ബഹുമാനത്തിൽ മാത്രമായിരുന്നെന്നും ഇനിയുമൊരുകൂട്ടർ ശഠിക്കുന്നു. അതും ശരിയല്ല. പത്രോസല്ലാ ക്രിസ്തുവിന്റെ ആദ്യത്തെ ശിഷ്യൻ; പത്രോസല്ലാ ശ്ലീഹന്മാരിൽ പ്രായം കൂടിയ ആൾ; പത്രോസല്ലാ ക്രിസ്തുവിനെ ആദ്യവസാനം ഒന്നുപോലെ സ്നേഹിച്ചിരുന്ന ശിഷ്യൻ; പത്രോസല്ലാ അക്കൂട്ടത്തിൽ ധീരൻ; പത്രോസല്ലാ പണസഞ്ചി സൂക്ഷിച്ചിരുന്ന ആൾ; യൂദാസ് കഴിഞ്ഞാൽ പിന്നെ, ക്രിസ്തുവിനെ പരസ്യമായി തള്ളിപ്പറഞ്ഞ ആൾ പത്രോസുമാത്രമാണ്. അങ്ങനെയുള്ളയാൾ തലവനും മാനനീയനുമാകണമെങ്കിൽ, ആ ആളിനു പ്രത്യേകമായി എന്തെ

(ശേഷം 10-ാംപേജിൽ)

Wednesday November 6 1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 13




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
216 ആൻറണി ജോസഫ് നെടിയ കാലാപറമ്പിൽ, ചങ്ങനാശ്ശേരി
217 കെ ടി തോമസ് കരുണശ്ശേരിൽ, കന്നോത്തു, താമരശ്ശേരി
218 പാലാട്ടി ഔസേപ്പു ആഗസ്തി, പരിയാരം
219 കെ ജോയിക്കുട്ടി ഇട്ടപ്പൻ, കളത്തൂർ, ചിറക്കടവു്
220 ദേവസ്യാ പീലിപ്പോസ് വെട്ടിയാം കണ്ടത്തിൽ, പൈങ്ങോട്ടൂർ



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ നല്ല കാവൽമാലാഖായുടെ പ്രവർത്തനചരിത്രത്തെ ചില ചിത്രങ്ങൾമൂലം നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇനി ഒരു പുതിയ ചരിത്രത്തിലേക്കാണു നാം കടക്കുന്നതു്. അതു ഈശോയുടെ ചരിത്രമാണു്. ഈശോയുടെ ചരിത്രം എങ്ങിനെയാ വല്യേട്ടാ, പുതിയ ചരിത്രമാകുന്നതു്. ഞങ്ങളിലാർക്കാണു് അതറിഞ്ഞുകൂടാത്തതു്? എന്നു ചിലർ മനസ്സിൽ ഓർക്കുന്നതു് വല്യേട്ടൻ കാണുന്നുണ്ടു്. വാസ്തവമാണു്. ഈശോയുടെ ചരിത്രം അറിയാത്ത യാതൊരാളും നിങ്ങളുടെ കൂട്ടത്തിലില്ല എന്നു വല്യേട്ടനറിയാം. പക്ഷെ, ഒരുകാര്യം. ഈശോയുടെ ചരിത്രം അറിയേണ്ടവിധത്തിൽ അറിയുന്നവരായി നമ്മിൽ എത്രപേരുണ്ടു്? വളരെ ചുരുക്കമായിരിക്കും. വല്യേട്ടൻ അല്പം വിശദീകരിക്കാം.

ആരാണു് ഈശോ? നമുക്കറിയാം, പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻവേണ്ടി മനുഷ്യനായി അവതരിച്ചതാണ അവിടുന്നു് എന്നു്. അതായതു് അവിടുന്നു നമ്മുടെ ഓരോരുത്തരുടേയും രക്ഷകനാണു്. അവിടുന്നു പാപത്തിന്റെ അടിമത്തത്തിൽനിന്നു നമ്മെ വീണ്ടെടുക്കുന്നു; നഷ്ടപ്പെട്ട സ്വർഗ്ഗസൗഭാഗ്യം വീണ്ടും നേടിത്തരുന്നു. പരിത്രാണനത്തിന്റെ ഈ കൃത്യം നമ്മിൽ ഓരോരുത്തരിലും സഫലമാകണമെങ്കിൽ നാം ഈ രക്ഷകനെ അറിയണം; അവിടുത്തോടു സഹകരിക്കണം. വേണ്ടേയോ? തീർച്ചയായും വേണം. ദൈവാനുഗ്രഹത്താൽ നാമെല്ലാവരും അവിടുത്തെ അറിയുന്നവരാണു്. പക്ഷെ നമ്മുടെ അറിവുവേണ്ടത്ര വിപുലമാണോ? നാമെല്ലാവരും അവിടുത്തെ അനുകരിക്കുന്നവരാണു്. ക്രിസ്ത്യാനി എന്ന വാക്കിന്റെ അർത്ഥം ക്രിസ്തുവിനെ—ഈശോയെ— അനുകരിക്കുന്നവൻ എന്നാണല്ലോ. പക്ഷെ വേണ്ടത്ര നാം അവിടുത്തെ അനുകരിക്കുന്നുണ്ടോ? ഇതിലെല്ലാം ഒരു കുറവു്, പോരായ്മ നമ്മിലെല്ലാം നാം കാണുന്നുണ്ടു്. നമുക്കോരോരുത്തർക്കും ബോദ്ധ്യമാണു്, നാം വേണ്ടത്ര ഈശോയെ അറിയുന്നില്ല അക്ഷരശഃ അവിടുത്തെ അനുഗമിക്കുന്നില്ല എന്നു്. ഈ അനാശാസ്യമായ സ്ഥിതി പരിഹരിക്കേണ്ടതല്ലേ? തീർച്ചയായും പരിഹരിക്കേണ്ടതാണു്. എന്നാൽ അതിനുള്ള മാർഗ്ഗമെന്തായിരിക്കാം? ഒരു മാർഗ്ഗമുണ്ടു് ഈശോയെ അനുകരിക്കേണ്ടവിധത്തിൽ പഠിക്കുകയും, പഠിക്കുന്നവിധത്തിൽ അനുകരിക്കുകയും ചെയ്യുക. ഇതൊരു പുതിയ സമ്പ്രദായമാണു്. ഇതുവരേയും ഈശോയെ ഒരു ചരിത്രപുരുഷനായിട്ടായിരിക്കാം നാമധികവും മനസ്സിലാക്കിയിട്ടുള്ളതു്. അതു ശരിയായിരുന്നു. അവിടുന്നു ഒരു ചരിത്രപുരുഷനാണു്. എന്നാൽ അവിടുന്നു നമ്മുടെ ഓരോരുത്തരുടേയും രക്ഷകൻ കൂടിയാകുന്നു; നമ്മുടെ മാതൃകയാകുന്നു. അതുകൊണ്ടു് അവിടുത്തെ ജീവിതം നമ്മുടെ ജീവിതത്തിൽ പകർത്തുന്നതിനു പറ്റിയവിധത്തിൽ ഈശോയെപ്പറ്റി ഒരു പഠനം നടത്തുന്നതിനാണു് നമ്മുടെ ശ്രമം. ഇതു പുതിയൊരു ചരിത്രപഠനമല്ലേ? അതിലേക്കു നിങ്ങളെ ഓരോരുത്തരേയും, അതാ, ബാലനായ ഈശോ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. നിങ്ങളുടെ കൂട്ടുകാരനായ അവിടുത്തോടൊന്നിച്ചു്, അവിടുത്തെ പ്രായോഗികമായ വിധത്തിൽ പഠിക്കുന്നതിനു തയാറാവുക.

വല്യേട്ടൻ

### 138-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മെഴുകുതിരി

### പ്രശ്നം നമ്പർ 139

(കെ കെ കുര്യാക്കോസ് Reg. No. 96)

ഞാൻ ഓരോ മനുഷ്യവ്യക്തിയുടേയും ഏറ്റം വലിയ ആത്മസുഹൃത്താണു്. ജനനം മുതൽ മരണം വരെ അവരുടെ ഓരോ പ്രവൃത്തികളേയും ശുഭപര്യവസായിയാക്കിത്തീർക്കാൻ ഞാൻ അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടു്. എന്നെ എത്രമാത്രം അനാദരിച്ചാലും ഞാൻ എന്റെ കൃത്യനിർവ്വഹണത്തിൽ വിമുഖനാവുകയില്ല. എന്റെ പേരിനു ആറക്ഷരമുണ്ടു്. ആദ്യക്ഷരം കാനനത്തിലുണ്ടു്, മരുപ്രദേശത്തിലില്ല. രണ്ടാമത്തെ അക്ഷരം നിംബാസവത്തിലുണ്ടു്, ദ്രാക്ഷാഘൃതത്തിലില്ല. മൂന്നാമത്തെ അക്ഷരം കായൽക്കരയിലുണ്ടു്, പള്ളിക്കൂടത്തിലില്ല. നാലാമത്തെ അക്ഷരം സമാധാനത്തിലുണ്ടു്, സന്ധിയാലോചനയിലില്ല. അഞ്ചാമത്തെ അക്ഷരം ആവിലായിലുണ്ടു്, അസ്സീസിയിലില്ല. അവസാന അക്ഷരം സഖാവിലുണ്ടു്, സഹോദരനിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## വിനോദയാത്ര

ജോർജ് വി. ചിറയത്തു്
(Reg. No. 36)

എന്റെ ചില സുഹൃത്തുക്കളുമായി കഴിഞ്ഞ അവധിക്കാലത്തു് ഞാൻ ഒരു വിനോദയാത്ര നടത്തി. ഒരു തിങ്കളാഴ്ച രാവിലെയാണു് യാത്ര പുറപ്പെട്ടതു്. ബാലാർക്കബിംബം അതിന്റെ തങ്കക്കതിരുകൾ വീശി പൂർവ്വദിഗന്തങ്ങളെ പ്രശോഭിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഞങ്ങളുടെ ബസ്സു് പുറപ്പെട്ടതു്. അരമണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങളുടെ ബസ്സു് പട്ടിക്കാട്ടുനിന്നു. രണ്ടുവശത്തുമുള്ള കുന്നുകളും അതിന്റെ മുകളിൽ മനുഷ്യപ്രയത്നത്തിന്റെ ചിറോളങ്ങളാകുന്ന നെൽവയലുകളും, കൃഷിത്തോട്ടങ്ങളും, മനോഹരമായ റബർത്തോട്ടവും ഞങ്ങളെ ഹഠാദാകർഷിച്ചു. കുറച്ചു വിശ്രമിച്ചശേഷം ഞങ്ങളുടെ ബസ്സു് യാത്ര തുടർന്നു. പല നേരംപോക്കുകളുംപറഞ്ഞു് ഞങ്ങൾ രസിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ ബസ്സു് മലമുകളിലേക്കു കുതിച്ചു പാഞ്ഞു കയറിക്കൊണ്ടിരുന്നു. അതു പീച്ചിഅണക്കെട്ടിന്റെ സമീപത്തായി; ഞങ്ങൾ ഉദ്ദിഷ്ടസ്ഥാനത്തെത്തി. പങ്കജംകേഫിന്റെ മുമ്പിൽ ബസ്സു് ചെന്നുനിന്നു. കിളിക്കൂട്ടു തുറന്നുവിട്ടപോലെ ഞങ്ങൾ ബസ്സിൽനിന്നും ചാടി പുറത്തിറങ്ങി. ആ ചെറിയ നിരത്തിൽക്കൂടെ ഞങ്ങൾ സംഘംചേർന്നു പര്യടനമാരംഭിച്ചു. മനസ്സിനെ കവർന്നെടുക്കുന്ന പൂന്തോപ്പുകൾ കടന്നു് ഞങ്ങൾ അണക്കെട്ടിന്റെ സമീപത്തു ചെന്നുചേർന്നു.

താഴെ ജലാശയത്തിൽ ഒരു ബോട്ടു് ഓടിക്കിതച്ചു മാൻപേടയെപ്പോലെ കിടക്കുകയായിരുന്നു. എന്റെ ചില യുവസ്നേഹിതന്മാർ അതിനെ കൈയടക്കാനെന്നവണ്ണം താഴോട്ടോടിയിറങ്ങി. എന്തുപറ്റി? എന്തുപറ്റി? എന്നു ചോദിക്കുംപോലെ പങ്കയടിച്ചു വെള്ളത്തിൽ ഒച്ചയുണ്ടാക്കിക്കൊണ്ടു് ആ ബോട്ടു മറുകരയിലേക്കു ഓടിനീങ്ങി. എല്ലാവരും ഇളിഭ്യരായി മുകളിലേക്കു കയറിപ്പോന്നു. പറവക്കൂട്ടങ്ങൾ അണക്കെട്ടിന്റെ മുകളിൽ പാറിപ്പറന്നുകൊണ്ടിരുന്നു. അവയോടൊപ്പം ഉല്ലാസഭരിതമായ ഞങ്ങളുടെ മനസ്സും പാറിപ്പറന്നു. ഞങ്ങളുടെ ഭാഗ്യാതിരേകം! അവിടത്തെ ജോലിക്കാരിൽ ഒരാൾ ഞങ്ങളുടെ നാട്ടുകാരനായ ഒരു സ്നേഹിതനായിരുന്നു. ആ വിശാലമനസ്കൻ ഞങ്ങളെ അണക്കെട്ടിന്റെ എല്ലാഭാഗങ്ങളും കൊണ്ടുപോയി കാണിക്കുകയും വിശദവിവരങ്ങൾ പറഞ്ഞു മനസ്സിലാക്കിത്തരികയുംചെയ്തു. മുകൾഭാഗത്തെ കാഴ്ചകൾ കണ്ടശേഷം ഞങ്ങൾ അണക്കെട്ടിന്റെ ഉൾഭാഗത്തേക്കു കടന്നു. ഇരുൾനിറഞ്ഞ തുരങ്കത്തിൽ ഇലക്ട്രിക്ക്‌വിളക്കുകൾ പ്രകാശിച്ചുകൊണ്ടിരുന്നു. രണ്ടുനാലുകൊല്ലംകൊണ്ടു കെട്ടിപ്പടുത്ത ആ അണയുടെ അന്തർഭാഗം അത്ഭുതാവഹമായിരിക്കുന്നു! ഗുഹയുടെ ഉള്ളിൽക്കൂടെ ഞങ്ങൾ താഴോട്ടിറങ്ങി. അവിടെ ഒരു പൈപ്പിൽക്കൂടി പഞ്ഞിക്കൂട്ടംപോലെ വെള്ളം കുതിച്ചുമറിഞ്ഞു വീണുകൊണ്ടിരുന്നു. ആ ജലപ്പരപ്പിന്റെ സമീപത്തായി ചില സ്ത്രീകൾ പുതിയരീതിയിൽ മത്സ്യംപിടിച്ചിരുന്ന കാഴ്ച കൗതുകകരമായിരുന്നു. പിന്നീടു ഞങ്ങൾ വെള്ളം ചാടിവീണുകൊണ്ടിരുന്ന പാറയുടെ സമീപത്തേക്കു വളരെ വിഷമിച്ചു് കയറിച്ചെന്നു അപ്പോൾ ഞങ്ങളിൽ ചിലർക്കു് എവറസ്റ്റു് കീഴടക്കിയ ടെൻസിങ്ങിനെപ്പോലുള്ള ഭാവമുണ്ടായി. ചിലർ ആ പാറക്കെട്ടിൽനിന്നുകൊണ്ടു് പാട്ടുപാടുവാൻതുടങ്ങി. അതിന്റെ കൊച്ചലകൾ അന്തരീക്ഷത്തിൽ ലയിച്ചുകൊണ്ടിരുന്നു. ഞങ്ങൾ തെക്കുവശത്തുള്ള കനാലിൽ കൊച്ചോളങ്ങളിൽ അരയന്നങ്ങളെപ്പോലെ നീന്തിക്കളിക്കുവാൻതുടങ്ങി. അങ്ങനെ ഞങ്ങൾ രണ്ടുമണിക്കൂർ ആ പളുങ്കുപോലുള്ള വെള്ളത്തിൽ കഴിച്ചുകൂട്ടി. കുളികഴിഞ്ഞു് വീണ്ടും ഞങ്ങൾ അണക്കെട്ടിന്റെ മുകളിലേക്കു കയറി ഞങ്ങളുടെ മദ്ധ്യപ്രദേശത്തു വിശപ്പു ഉഗ്രസമരം നടത്തിക്കൊണ്ടിരുന്നു അതുകൊണ്ടു് ഞങ്ങൾ നേരെ പങ്കജംകേഫിലേക്കാണു നടന്നതു്. വടയും കാപ്പിയും മുറയ്ക്കു കഴിച്ചു് ഞങ്ങൾ പുറത്തിറങ്ങി. മടക്കയാത്രയ്ക്കു തയ്യാറായി ഞങ്ങളെ കാത്തു് ബസ്സു് അവിടെ കിടന്നിരുന്നു ചില ഞരക്കങ്ങളോടുകൂടി അതു് അവിടെനിന്നും പുറപ്പെട്ടു. ചുറ്റിലും എത്ര മനോഹരമായ കാഴ്ചകൾ! ഗംഭീരങ്ങളായ കരിമ്പാറക്കൂട്ടങ്ങളും, പച്ചപിടിച്ച മാമലകളും, കളകളനാദം മുഴക്കിക്കൊണ്ടു് കുതിച്ചൊഴുകിയിരുന്ന കൊച്ചരുവികളും, അംബരചുംബികളായ വൃക്ഷങ്ങളും, പച്ചവിരിച്ച പുൽപ്രദേശങ്ങളും എന്നുവേണ്ട മനോഹരമായ ആ ഭൂഭാഗം ഞങ്ങളെ ആനന്ദപുളകിതരാക്കി. ബസ്സു് മണ്ണുത്തി ഫാറത്തിന്റെ പടിക്കൽ ചെന്നുനിന്നു. ബസ്സിൽനിന്നും ഇറങ്ങി ഞങ്ങൾ ഗേറ്റുകാവൽക്കാരന്റെ അരികിലുള്ള തടിയൻപുസ്തകത്തിൽ പേരുചാർത്തി, ഫാറത്തിനുള്ളിലേക്കു പ്രവേശിച്ചു. കോഴിവളർത്തൽ, കോഴിമുട്ട വിരിക്കൽ, അതിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ എന്നിവ ഞങ്ങൾ കണ്ടു മനസ്സിലാക്കി. അവിടമെല്ലാം ഞങ്ങൾ നടന്നുകണ്ടു.

കത്തിജ്വലിച്ചിരുന്ന മാർത്താണ്ഡൻ കെട്ടടങ്ങുവാൻപോകുകയാണു്. ഞങ്ങൾ പുറത്തുകടന്നു. സന്ധ്യാവേളയിൽ വാടിത്തളർന്ന

(ശേഷം 8-ാം പേജിൽ)



പോൾ കൊയിലോ കാഞ്ഞിരപ്പള്ളി Reg: No. 56)

Permissu Ecclesiastico
Printed & Published by
K. L. Varkey
the Mar Louis Maemorial Press,
Ernakulam-I